بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 6 | ലക്കം 28

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂലായ് 15/ഹി.ശം. 1400 വഫാ 15/1442 ദുൽഹജ്ജ 04

## അല്ലാഹുവിന്റെ വചനം

اَلَمۡ تَعۡلَمۡ اَنَّ اللّٰہَ لَہٗ مُلۡکُ السَّمٰوٰتِ وَالۡاَرۡضِ ؕ یُعَذِّبُ مَنۡ یَّشَآءُ وَیَغۡفِرُ لِمَنۡ یَّشَآءُ ؕ وَاللّٰہُ عَلٰی کُلِّ شَیۡءٍ قَدِیۡرٌ ○

'തീർച്ചയായും ആകാശങ്ങളടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിനുള്ളതാണെന്ന് നീ അറിഞ്ഞിട്ടില്ലേ? താൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു.' (5:41)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

*അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.*

ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1382) ഹദ്റത്ത് ആഇശാ(റ) നിവേദനം; അവർ പറഞ്ഞു: ഒരു യഹൂദ സ്ത്രീ അവരുടെ അടുത്തു വന്നു. അവൾ ഖബർ ശിക്ഷയെ കുറിച്ച് പറഞ്ഞു. അല്ലാഹു നിന്നെ ഖബർ ശിക്ഷയിൽനിന്ന് രക്ഷിക്കുമാറാകട്ടെ എന്ന് അവർ അവളോടു പറഞ്ഞു. ഹദ്റത്ത് ആഇശാ(റ), നബി(സ)തിരുമേനിയോടു ഖബർ ശിക്ഷയെ കുറിച്ച് ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: ഖബർ ശിക്ഷ തീർച്ചയായുമുണ്ടാകും. ഹദ്റത്ത് ആഇശാ പറയാറുണ്ടായിരുന്നു, അതിനുശേഷം ഖബർ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന് നബി(സ) തിരുമേനി നമസ്കാരത്തിൽ പ്രാർഥിക്കാത്തതായി ഞാനൊരിക്കലും കണ്ടിട്ടില്ല;(നമസ്കാരത്തിൽ) ഖബർ ശിക്ഷയിൽനിന്ന് അഭയം തേടാത്തതായും. ഗൻദർ തന്റെ നിവേദനത്തിൽ 'ഖബർശിക്ഷ സത്യമാണെന്ന് വർധിപ്പിച്ചിട്ടുണ്ട്. *(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ ജനാഇസ് 2006 ഖാദിയാൻ പ്രസിദ്ധീകരണം)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നാം മലക്കുകളിലും ദൈവഗ്രന്ഥങ്ങളിലും നബി(സ)തിരുമേനിയുടെ ഹദീഥുകളിലും സ്വർഗത്തിലും നരകത്തിലും ഖബർശിക്ഷയിലും വിധിയിലും പുനരുഥാനത്തിലുമെല്ലാം സത്യഹൃദയത്തോടെ വിശ്വസിക്കുന്നു. നാം അത്തരം കാര്യങ്ങളുടെ വിശദീകരണങ്ങൾ അല്ലാഹുവിനെ ഏല്പിക്കുന്നു. കാരണം മതത്തിന്റെ കരുതൽ എന്നു പറയുന്നത് മനുഷ്യൻ സംക്ഷിപ്തമായതിൽ വിശ്വസിക്കുകയും വിശദീകരണങ്ങൾ അല്ലാഹുവിനെ ഏല്പിക്കുകയും ചെയ്യുക എന്നതാണ്.' *(മൽഫൂദാത്ത് വാള്യം 5, പേജ് 134, 2003 ഖാദിയാൻ എഡിഷൻ)*

ഈ ഹദീഥുകളെ ബാഹ്യമായിട്ടെടുക്കാൻ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഖബറിലെ ശിക്ഷയെ സംബന്ധിച്ച് ഹദീഥുകളിൽ ധാരാളം പറഞ്ഞിട്ടുള്ളതായി കാണാം. അവയിൽ പാപിയായിരിക്കുന്നവന് തേളുണ്ടാകും പാമ്പുണ്ടാകും തീയുണ്ടാകും. ബാഹ്യാമായിത്തന്നെ ഈ ഹദീഥുകളെ എടുക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള കുറച്ച് ഖബറുകൾ കുഴിക്കുകയും അവയിൽ പാമ്പിനേയും തേളിനേയും കാണിക്കുകയും ചെയ്യുക.' *(ഇസാലയെ ഔഹാം റൂഹാനീഖസായിൻ വാള്യം 3, പേജ് 316)*

**കടലാസിന് എന്ത് സ്വാധീനമാണുള്ളത്. ഒരു നേരം ഉണ്ടാകും; ഒരു സമയത്ത് പാഴായിപ്പോകുകയും ചെയ്യും. പക്ഷേ, ഏതൊന്നാണോ ആകാശത്തിൽ എഴുതപ്പെടുന്നത്, അതൊരിക്കലും മാഞ്ഞുപോകുകയില്ല. അതിന്റെ സ്വാധീനം എന്നെന്നേക്കുമായിട്ടുണ്ടാകുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം ധനത്യാഗം

തങ്ങളുടെ നാമം പ്രസിദ്ധീകരിക്കപ്പെടണമെന്ന വിചാരത്തോടെ ചന്ദ കൊടുക്കുകയും അല്ലെങ്കിൽ നമ്മുടെ ദീനീ ആവശ്യങ്ങളിൽ പങ്കാളിയാകുകയും ചെയ്യുന്നയാൾ ഭൗതികമായ പേരും പ്രശസ്തിയും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നയാളാണ്. എന്നാൽ, ആരാണോ അല്ലാഹുവിനുവേണ്ടി മാത്രം ഈ വഴിയിൽ പദമൂന്നുകയും ദീനിന്റെ സേവനത്തിനുവേണ്ടി അരമുറുക്കുകയും ചെയ്യുന്നത് അവർ ഇക്കാര്യം ഒട്ടും വകവെക്കുകയില്ല. ഭൗതിക ലോകത്തെ പേര് എന്തെങ്കിലും യാഥാർഥ്യമോ സ്വാധീനമോ ഉൾക്കൊള്ളുന്നതല്ല. ആകാശത്തിൽ എഴുതപ്പെടുന്ന പേരാണ് ശ്രേഷ്ഠമായിട്ടുള്ളത്. കടലാസിന് എന്ത് സ്വാധീനമാണുള്ളത്. ഒരു നേരം ഉണ്ടാകും; ഒരു സമയത്ത് പാഴായിപ്പോകുകയും ചെയ്യും. പക്ഷേ, ഏതൊന്നാണോ ആകാശത്തിൽ എഴുതപ്പെടുന്നത്, അതൊരിക്കലും മാഞ്ഞുപോകുകയില്ല. അതിന്റെ സ്വാധീനം എന്നെന്നേക്കുമായിട്ടുണ്ടാകുന്നു. എന്റെ ധാരാളം മുഖ്ലിസായ ആളുകൾ എങ്ങനെയുള്ളവരാണെന്നാൽ നിങ്ങളിൽ അധികപേരും വളരെ കുറച്ചേ അവരെ അറിയുകയുള്ളു. പക്ഷേ, അവരെപ്പോഴും എന്നോടൊപ്പം നിന്നു. ഉദാഹരണമെന്ന നിലയിൽ ഞാൻ പറയുകയാണ്, മിർസാ യൂസുഫ് ബേഗ് സാഹിബ് എന്റെ വളരെയധികം ആത്മാർഥനും സത്യസന്ധനുമായ സ്നേഹിതനാണ്. ഞാൻ അദ്ദേഹത്തെ കുറിച്ച് പറയാൻ കാരണം ഈ രീതിയിൽ സഹോദരന്മാരിൽ പരസ്പരമുള്ള പരിചയം വർധിക്കുകയും സ്നേഹം ഉണ്ടാകുകയും ചെയ്യുന്നതിനാലാണ്. ഞാൻ ഏകാന്ത ജീവിതം നയിക്കുന്ന കാലംമുതലെ ഞാനുമായി ബന്ധം വെക്കുന്നയാളാണ് മിർസാസാഹിബ്. അദ്ദേഹത്തിന്റ ഹൃദയം സ്നേഹവും ആത്മാർഥതയുംകൊണ്ട് നിറഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. ജമാഅത്തിന്റെ സേവനത്തിൽ അദ്ദേഹം എപ്പോഴും ഒരു ആവേശം ഉൾക്കൊള്ളുന്നു. ഇതുപോലുള്ള നിരവധി പ്രിയപ്പെട്ട സ്നേഹിതന്മാരുണ്ട്. എല്ലാവരും അവരവരുടെ ഈമാനും ഈശ്വജ്ഞാനവും അനുസരിച്ച് ആത്മാർഥതയും സ്നേഹാവേശവുംകൊണ്ട് നിറഞ്ഞുകവിഞ്ഞവരാണ്.

### ഈമാൻ ശക്തമാകാത്തിടത്തോളം ഒന്നും നടക്കുകയില്ല.

കർമങ്ങൾ ചെയ്യാനുള്ള തൗഫീഖ് പതുക്കെപ്പതുക്കെയാണ് കിട്ടുന്നതെന്ന് എനിക്കറിയാമെങ്കിലും ഈമാൻ ശക്തമായി നിലനില്ക്കുന്നത്ര കർമങ്ങളിലും ശക്തി വരുന്നതായിരിക്കുമെന്നതിൽ സംശയമില്ല. ഈ വിശ്വാസപരമായ ശക്തി പൂർണമായ നിലയിൽ വളർച്ച പ്രാപിച്ചാൽ അത്തരം മുഅ്മിൻ ശഹീദിന്റെ സ്ഥാനത്താണുണ്ടാകുന്നത്. കാരണം ഒരു കാര്യവും അവന്റെ വഴിയിൽ തടസ്സമാകുകയില്ല. അവൻ തന്റെ പ്രിയപ്പെട്ട ജീവൻപോലും കൊടുക്കാൻ അമാന്തിക്കുകയോ മടിക്കുകയോ ഇല്ല.'

*(മൽഫൂദാത്ത് വാള്യം 1, പേജ് 309 - 310, 2018 ഖാദിയാൻ എഡിഷൻ)*

**ഒരുകാലത്ത് ഇസ്ലാം അവിശ്വാസത്തെ തിന്നിരുന്നുവെങ്കിൽ ഇന്ന് അവിശ്വാസം ഇസ്ലാമിനെ തിന്നുകയാണ്.**

**മുസ്ലിമീങ്ങൾത്തന്നെ ഇസ്ലാമിനെ സംബന്ധിച്ച് അതിലെ ഇന്ന കല്പന നടപ്പിൽ വരുത്താൻ പറ്റാത്തതാണെന്ന് പറയുമ്പോൾ അതിന്റെ ബാക്കി പിന്നെന്താണുള്ളത്.**

**തങ്ങളുടെ കുറവുകൾ ഇസ്ലാമിലേക്ക് കുറിമാനമാക്കാതിരിക്കാൻ അല്ലാഹു മുസ്ലിമീങ്ങൾക്ക് ബോധം നല്കുമാറാകട്ടെ. കർമങ്ങൾ അവർ സ്വയം ശരിയായ നിലയിൽ ചെയ്യുന്നില്ല. പക്ഷേ, ഫലത്തിന്റെ മോശമായവശം വിശുദ്ധഖുർനോടു ചേർത്തു പറയുകയും ചെയ്യുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഇബ്റാഹീമിലെ എട്ടാമത്തെ വചനമായ

اِذۡ تَاَذَّنَ رَبُّکُمۡ لَئِنۡ شَکَرۡتُمۡ لَاَزِیۡدَنَّکُمۡ وَلَئِنۡ کَفَرۡتُمۡ اِنَّ عَذَابِیۡ لَشَدِیۡدٌ

എന്നതിനുള്ള വ്യാഖ്യാനത്തിൽ പറയുന്നു: ഈ ആയത്തിൽ ഒരു മഹത്തായ നിയമം പറഞ്ഞിരിക്കുന്നു. അതായത് എല്ലാ അഭിവൃദ്ധികളും നന്ദിയുമായി ബന്ധപ്പെട്ടതാണ്. ശുക്ർ എന്നതിന്റെ അർഥം മുമ്പേ വിവരിക്കപ്പെട്ടതുപോലെ ഔദാര്യം അംഗീകരിക്കലും ഔദാര്യം ചെയ്യുന്നവനെ സ്തുതിക്കലുമാണ്. അല്ലാഹുവിനോടു നന്ദി കാണിക്കുക എന്നത് അവൻ നല്കിയിരിക്കുന്ന വസ്തുക്കൾ മനോഹരമായും സന്ദർഭത്തിനനുസരിച്ചും ഉപയോഗിക്കുക എന്നതാണ്. ആരെങ്കിലും നല്കിയിട്ടുള്ള വസ്തു ഉപയോഗിക്കാതെ, നല്കിയവനെ സ്തുതിച്ചു പറയുക എന്നത് വെറും വാക്കാലുള്ള സ്തുതിയായിരിക്കും. ശുക്ർ ആയിരിക്കുകയില്ല. ശുക്ർ ചെയ്യുന്നതിന് നിർബന്ധമായും ശരിയായ ഉപയോഗവും ശരിയായ ചെലവഴിക്കലുമുണ്ടാകണം. ഈ നിയമം എല്ലാ അഭിവൃദ്ധികളുടേയും ഫോർമുലയാണ്. അറിവ് ശരിയായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ അത് തീർച്ചയായും വർധിക്കും. കണ്ണ്, കൈ, മൂക്ക്, ചേവി തുടങ്ങി എല്ലാ അവയവവും ശരിയായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ അത് തീർച്ചയായും അഭിവൃദ്ധിപ്പെടുന്നതായിരിക്കും. ഇതൊരു പൊതുവെയുള്ള നിയമമാണ്. ഇതിൽ ഹിന്ദുവെന്നോ മുസ്‌ലിമെന്നോ ക്രിസ്ത്യാനിയെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. മുസ്‌ലിം ധനം ശരിയായ നിലയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ അത് അധഃപതിക്കുന്നു. എന്നാൽ, ഹിന്ദു അത് ശരിയായ നിലയിൽ ഉപയോഗിക്കുന്നതുകൊണ്ട് അഭിവൃദ്ധിപ്പെടുന്നു.

ആത്മീയതയുടെ അവസ്ഥയും ഇതുതന്നെയാണ്. വിശുദ്ധഖുർആനിനെ തന്നെ നോക്കുക. മുസ്‌ലിമീങ്ങൾ അതിനെ ശരിയായ

(ശേഷം പേജ് 11 ൽ)

## ഈ ലക്കത്തിൽ

ഖുത്വ്ബ 2021 ജൂൺ 11 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ഖുത്ബ ജുമുഅ

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

**ഖുത്ബ ജുമുഅ 2021 ജൂൺ 11/1400 ഹിജ്റത്ത് 11,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ ﴿﴾ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ ﴿﴾
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿﴾ الرَّحْمٰنِ الرَّحِيْمِ ﴿﴾ مٰلِكِ يَوْمِ الدِّيْنِ ﴿﴾ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ﴿﴾
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ﴿﴾ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ﴿﴾

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് ഉമർ(റ)നെ സംബന്ധിച്ചുള്ള വിവരണത്തിൽ അദ്ദേഹം പങ്കെടുത്ത ചില സൈനിക നീക്കങ്ങളെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. ഹുദയ്ബിയ്യ സമാധാനസന്ധി ലംഘിച്ചുകൊണ്ട് ഖുറയ്ശികളുടെ സഖ്യകക്ഷിയായ ബനൂബക്ർ മുസ്‌ലിമീങ്ങളുടെ സഖ്യകക്ഷിയായ ബനൂഖുസാഅയുടെ മേൽ ആക്രമണം നടത്തുകയും ഖുറയ്ശികൾ ബനൂബക്റിന് ആയുധങ്ങളും യാത്രാ മൃഗങ്ങളേയും നല്കി സഹായിക്കുകയും ഹുദയ്ബിയ്യ സന്ധി കാറ്റിൽ പറത്തുകയും ചെയ്ത നേരത്ത് അബൂസുഫിയാൻ മദീനയിലെത്തി. അയാൾ നബി(സ)തിരുമേനിയുടെ അടുത്ത് ഹാജരായി ഹുദയ്ബിയ സന്ധിയിലെ വ്യവസ്ഥകൾ ഭേദഗതി വരുത്താൻ ആവശ്യപ്പെട്ടു. പക്ഷേ, അയാൾ നബി(സ)തിരുമേനി ചോദിച്ചതിനൊന്നും മറുപടി നല്കിയില്ല. അതിനുശേഷം അയാൾ അബൂബക്ർ(റ)ന്റെ അടുത്തെത്തുകയും അക്കാര്യത്തെ കുറിച്ച് നബി(സ) തിരുമേനിയോടു സംസാരിക്കാൻ അഭ്യർഥിക്കുകയും ചെയ്തു. എന്നാൽ, താൻ അങ്ങനെ ചെയ്യുകയില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. അതു കഴിഞ്ഞ് അബൂസുഫിയാൻ ഹദ്റത്ത് ഉമറിന്റെ അടുത്തെത്തി കാര്യം പറഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം ചോദിച്ചു: എന്ത്! ഞാൻ നിന്റെ കാര്യത്തിൽ നബി(സ) തിരുമേനിയോടു ശിപാർശ ചെയ്യണമെന്നോ? അല്ലാഹുവാണ! എന്റെ കൈയിൽ ആകെ ഒരു കച്ചിത്തുരുമ്പ് മാത്രമാണുള്ളതെങ്കിലും ഞാൻ അതുമെടുത്ത് നിങ്ങളോടു യുദ്ധംചെയ്യുന്നതായിരിക്കും.' *(സീറത്ത് ഇബ്നുഹിശാം, പേജ് 735, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

മക്ക വിജയത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഡോക്ടർ അലി മുഹമ്മദ് സ്വലാബി എഴുതുന്നു: നബി(സ) തിരുമേനി 'മർറുള്ളഹ്റാനി'ലെത്തിയപ്പോൾ അബൂ സുഫിയാന് പരിഭ്രമം തുടങ്ങി. നബി(സ) തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് അബ്ബാസ്(റ) അയാളോടു നബി(സ)തിരുമേനിയോടു അഭയത്തിന് അഭ്യർഥിക്കുന്നതാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടു. ഹദ്റത്ത് അബ്ബാസ് (റ)പറയുന്നു: ഞാൻ അബൂസുഫിയാനോടു പറഞ്ഞു, നിന്റെ കാര്യം മഹാകഷ്ടംതന്നെ. നോക്കൂ! നബി(സ)തിരുമേനി ജനങ്ങൾക്കിടയിലുണ്ട്. അബൂ സുഫിയാൻ പറഞ്ഞു: എന്റെ മാതാപിതാക്കൾ നിങ്ങൾക്കുവേണ്ടി ബലിയാണ്. ഇനി രക്ഷപ്പെടാനെന്താണ് മാർഗം? ഞാൻ പറഞ്ഞു: അല്ലാഹുവാണ! നിന്നെ അവർ പിടിച്ചാൽ ഉറപ്പായും വധിക്കുന്നതായിരിക്കും. എന്റെ പിന്നിൽ ഈ കുതിരപ്പുറത്തിരിക്കുക. ഞാൻ നിന്നെ നബി(സ)തിരുമേനിയുടെ അടുത്തു കൊണ്ടുപാകാം. എന്നിട്ട് നിനക്ക് അഭയം നല്കാൻ നബി(സ)തിരുമേനിയോടു ഞാൻ അപേക്ഷിക്കാം. ഹദ്റത്ത് അബ്ബാസ്(റ) പറയുന്നു: അയാൾ എന്റെ പിന്നിലിരുന്നു. ഞാൻ യാത്ര പുറപ്പെട്ടു. രാത്രിനേരമായിരുന്നു. അവിടവിടെയായി തീനാളങ്ങൾ പ്രകാശിപ്പിച്ചിരുന്നു. ഞങ്ങൾ മുസ്‌ലിമീങ്ങളുടെ തീനാളങ്ങൾക്കു സമീപത്തുകൂടി കടന്നുപോകുമ്പോഴെല്ലാം അവരെന്നോടു ഇതാരെന്ന് ചോ ദിക്കുമായിരുന്നു. ഞാനിരുന്നത് നബി(സ)തിരുമേനിയുടെ കുതിരപ്പുറത്തായിരുന്നു. അതുകാണുമ്പോൾ അവർ ഇപ്രകാരം പറയുമായിരുന്നു: ന ബി(സ)തിരുമേനിയുടെ പിതൃവ്യൻ അവിടത്തെതന്നെ കുതിരപ്പുറത്തു പോകുകയാണ്. (അവർ ഞങ്ങളെ തടയുമായിരുന്നില്ല). ഞങ്ങൾ ഉമർ ബിൻ ഖത്ത്വാബിന്റെ തീനാളത്തിന്നടുത്തെത്തിയപ്പോൾ അദ്ദേഹം എന്നോടു കൂടെയാരാണുള്ളതെന്ന് ചോദിച്ചു. എന്നിട്ട് അദ്ദേഹം എന്റെ അടുത്തുവന്ന് നിന്നു. അദ്ദേഹം അബൂസുഫിയാനെ കണ്ടപ്പോൾ പറഞ്ഞു: ഇത് അല്ലാഹുവിന്റെ ശത്രുവായ അബൂസുഫിയാനാണല്ലോ? ഒരു നിബന്ധനകളുമില്ലാതെ നിന്നെ കീഴ്പ്പെടുത്താൻ സഹായിച്ച അല്ലാഹുവിനാകുന്നു സകല സ്തുതിയും. അതും പറഞ്ഞ് ഹദ്റത്ത് അബ്ബാസ്(റ) അബൂസുഫിയാനെ വലിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ഹദ്റത്ത് ഉമറും നബി(സ) തിരുമേനിയുടെ അടുത്തെത്തി പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇവനെ വധിക്കാൻ എനിക്ക് അനുവാദം തന്നാലും. ഹദ്റത്ത് അബ്ബാസ്(റ) പറയുന്നു: അപ്പോൾ ഞാൻ പറഞ്ഞു, യാ റസൂലല്ലാഹ്! ഞാൻ ഇയാൾക്ക് അഭയം നല്കിയിരിക്കുന്നു. എന്നാൽ, ഹദ്റത്ത് ഉമർ തന്റെ പിടിവാശി തുടർന്നപ്പോൾ ഞാൻ പറഞ്ഞു: ഉമറേ! സമാധാനപ്പെടുക. അല്ലാഹുവാണ! ഇയാൾ ബനൂ അദിയ്യ് ഗോത്രവുമായി ബന്ധമുള്ള ആളായിരുന്നെങ്കിൽ താങ്കൾ ഇങ്ങനെ പറയുമായിരുന്നില്ല. ഇയാൾ ബനൂ അബ്ദു മനാഫ് ഗോക്ക്രാരനാണെന്ന് താങ്കൾക്ക് നല്ലവണ്ണം അറിയാം. ഹദ്റത്ത് ഉമർ പറഞ്ഞു: അബ്ബാസേ! ഞാനൊന്നു പറയട്ടെ. അല്ലാഹുവാണ! താങ്കൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ എനിക്കെത്രമാത്രം സന്തോഷമുണ്ടായെന്നാൽ എന്റെ പിതാവ് ഖത്ത്വാബ് മുസ്‌ലിമായാലും അത്ര സന്തോഷം ഉണ്ടാകുമായിരുന്നില്ല. കാരണം ഖത്ത്വാബ് ഒരു വേള ഇസ്‌ലാം കൈക്കൊണ്ടിരുന്നെങ്കിൽതന്നെ അതിലും കൂടുതൽ നബി(സ)തിരുമേനി താങ്കൾ വിശ്വസിച്ച കാര്യത്തിലായിരിക്കും സന്തോഷിക്കുകയെന്ന് എനിക്കറിയാമിയിരുന്നു. അതുകഴിഞ്ഞ് നബി(സ)തിരുമേനി ഹദ്റത്ത് അബ്ബാസിനോടു പറഞ്ഞു: അബ്ബാസേ! അബൂസുഫിയാനെ ഇപ്പോൾ താങ്കൾ താങ്കളുടെ കൂടെ കൊണ്ടുപോകുക. രാവിലെ വീണ്ടും കൊണ്ടുവരിക. *(ഉമർ ബിൻ ഖത്ത്വാബ്, അലിമുഹമ്മദുസ്സ്വലാബീ പേജ് 51, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)*

എന്തായാലും ഹദ്റത്ത് അബ്ബാസും ഹദ്റത്ത് ഉമറും ദീർഘനേരം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അതിന് അന്ത്യം കുറിച്ചുകൊണ്ട് അവിടന്ന് അബ്ബാസിനോടു പറഞ്ഞു: 'ഇനി അഭയം നല്കിയ സ്ഥിതിക്ക് കൊണ്ടുപോകുക. അയാളെ ഒന്നും പറയരുത്.'

അബൂബക്ർ ബിൻ അബ്ദുർറഹ്മാൻ നിവേദനം: ഹിജ്റ 7-ാം വർഷം ശഅ്ബാൻ മാസത്തിൽ ഉമർ ബിൻ ഖത്ത്വാബിനെ നബി(സ)തിരുമേനി ഒരു സൈനിക നീക്കത്തിൽ 30 പട യാളികളോടൊപ്പം 'തുർബ'യിലെ ഹവാസൻ ഗോത്രത്തിന്റെ ഒരു ശാഖയിലേക്ക് യാത്ര അയക്കുകയുണ്ടായി. തുർബ മക്കയിൽനിന്ന് രണ്ടുദിവസത്തെ യാത്രാദൂരമുള്ള ഒരു താഴ്വരയാണ്. അവിടെയാണ് ഹവാസൻഗോത്രം വസിച്ചിരുന്നത്. രണ്ടുദിവസത്തെ യാത്രാ ദൂരം എന്നു പറയുന്നത് പണ്ടുകാലത്തെ ഒട്ടകപ്പുറത്തോ കുതിരപ്പുറത്തോ ഉള്ള യാത്രാ സൗകര്യങ്ങളനുസരിച്ചുള്ളതാണ്. ബുറയ്ദ് അസ്‌ലമിയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഖയ്ബർ വാസികളുടെ മൈതാനത്ത് വന്നിറങ്ങിയപ്പോൾ അവിടന്ന് ഹദ്റത്ത് ഉമർബിൻ ഖത്ത്വാബിന് പതാക കൈമാറി.' *(ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 206 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബനാൻ 2012) (ഫർഹങ്കെ സീറത്ത് പേജ് 75, സവാർ അക്കാഡമി കറാച്ചി 2003)*

ഖയ്ബർ യുദ്ധത്തിലാണ് ആദ്യമായി പതാകയെ കുറിച്ച് പ്രതിപാദ്യമുള്ളതെന്നാണ് ചരിത്രപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നത്. അതിനുമുമ്പേ വെറും കൊടികളാണുണ്ടായിരുന്നത്. പറഞ്ഞു വന്നിരുന്നത് നബി(സ)തിരുമേനി ഖയ്ബർ മൈതാനത്ത് ഇറങ്ങിയപ്പോൾ അവിടന്ന് പതാക ഹദറത്ത് ഉമറിന് നല്കി എന്ന ബുറയ്ദ അസ്‌ലമിയിൽനിന്നുള്ള നിവേദനമാണ്. പിന്നീട് ജീവചരിത്രഗ്രന്ഥങ്ങളിൽ അതിന്റെ വിശദീകരണമുണ്ട്. ഏറ്റവുമാദ്യം പതാകയെ കുറിച്ചുള്ള വിവരം ലഭിക്കുന്നത് ഖയ്ബർ യുദ്ധത്തിലാണ്; അതായത് വലിയ പതാകയുടെ. അതിനുമുമ്പേ ചെറിയ കൊടികളായിരുന്നു. നബി(സ)തിരുമേനിയുടെ പതാകയുടെ നിറം കറുപ്പായിരുന്നു. അത് ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത ആഇശായുടെ തട്ടംകൊണ്ട് ഉണ്ടാക്കിയതായിരുന്നു. അതിന്റെ പേര് 'ഉഖാബ്' എന്നായിരുന്നു. അവിടത്തെ മറ്റൊരു പതാക വെള്ള നിറത്തിലുള്ളതായിരുന്നു. ഇത് ഹദ്റത്ത് അലിക്ക് അവിടന്ന് നല്കി. ഒരു പതാക അവിടന്ന് ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിനും മറ്റൊരെണ്ണം ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കും നല്കി. ഇപ്രകാരംതന്നെ അവിടന്ന് ഖയ്ബറിലെത്തിയപ്പോൾ അദ്ദേഹത്തിന് മൈഗ്രയിനിന്റെ തലവേദനയുണ്ടായി. അക്കാര

ണത്താൽ നബിക്ക് പുറത്തിറങ്ങാൻ കഴിഞ്ഞില്ല. ആ നേരത്ത് അവിടന്ന് ആദ്യം പതാക നല്കിയത് ഹദ്റത്ത് അബൂബക്റിനായിരുന്നു. ആ പതാകതന്നെ പിന്നീട് ഉമറിനും നല്കി. ആ ദിവസം യുദ്ധം കൊടുമ്പിരികൊണ്ടു. പക്ഷേ, മുസ്‌ലിമീങ്ങൾക്ക് കോട്ട പിടിച്ചെടുക്കാനായില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:ഞാൻ നാളെ പതാക നല്കുന്ന വ്യക്തി മുഖേന അല്ലാഹു ഇസ്‌ലാമിനു വിജയംനല്കുന്നതായിരിക്കും. അങ്ങനെ അടുത്ത ദിവസം നബി(സ)തിരുമേനി ഹദ്റത്ത് അലി(റ)യ്ക്ക് പതാക നല്കി. അദ്ദേഹം മുഖേന അല്ലാഹു ഇസ്‌ലാമിന് വിജയവും നല്കി. *(സുബുലുൽഹുദാ വർറശാദ് വാള നബി(സ)തിരുമേനി്യം 5, പേജ് 120, 124, 125, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)*

ഇബ്നു ഇസ്ഹാഖ് പറയുന്നു: ഞാൻ ഇബ്നു ശിഹാബ് സുഹ്‌രിയോടു ചോദിച്ചു, നബി(സ) തിരുമേനി ഖയ്ബറിലെ ഈത്തപ്പന തോട്ടങ്ങൾ എന്തു നിബന്ധനവെച്ചാണ് ജൂതന്മാർക്ക് നല്കിയിരുന്നത്? സുഹ്‌രി പറഞ്ഞു: നബി(സ)തിരുമേനി യുദ്ധാനന്തരം ഖയ്ബർ ജയിച്ചടക്കിയിരുന്നു. അല്ലാഹു നബി(സ) തിരുമേനിക്ക് അനുവദനീയമാക്കിയ യുദ്ധമുതലായിരുന്നു ഖയ്ബർ പ്രദേശം. അതിലെ അഞ്ചിലൊരു ഭാഗം നബി(സ) തിരുമനിക്കു ലഭിച്ചു. അത് മുസ്‌ലിമീങ്ങൾക്കിടയിൽ നബി(സ) വീതിച്ചു. ജൂതന്മാരിൽ ചിലർ നാടുവിടുന്നുവെന്ന തയ്യാറെടുപ്പോടെ തങ്ങളുടെ കോട്ടയിൽനിന്ന് താഴെ ഇറങ്ങിയപ്പോൾ നബി(സ)തിരുമേനി അവരെ വിളിപ്പിച്ചു. എന്നിട്ടു പറഞ്ഞു: നിങ്ങൾക്കു വേണമെങ്കിൽ ഈ സ്വത്തുവകകൾ ഞാൻ നല്കാം. എന്നാൽ, ഒരു നിബന്ധനയുണ്ട്, അതിന് നിങ്ങൾ പണിയെടുക്കണം. വിളവുണ്ടാകുമ്പോൾ നമ്മൾ ഇരുകൂട്ടരും പങ്കെട്ടെടുക്കുകയും വേണം. പാട്ടഭൂമിയായി സ്വീകരിച്ച് ഇവിടെ വേണമെങ്കിൽ നിങ്ങൾക്ക് തുടരാവുന്നതാണ്. അല്ലാഹു നിങ്ങളെ എവിടെയാണോ എത്രവരെയാണോ താമസിപ്പിക്കാനുദ്ദേശിക്കുന്നത് അതു ഞാൻ ചെയ്യുന്നതായിരിക്കും. ജൂതന്മാർ അത് അംഗീകരിച്ചു. അവർ അവിടെ വേല ചെയ്തുകൊണ്ടിരുന്നു. നബി(സ) തിരുമേനി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹായെ ആ തോട്ടങ്ങളിലുള്ള പഴവർഗങ്ങൾ വിതരണം ചെയ്യാനായി അയക്കുമായിരുന്നു. അദ്ദേഹം നീതിപൂർവം അതിന്റെ അളവും വിതരണവും നടത്തുമായിരുന്നു. നല്ല പഴങ്ങൾ സ്വയം എടുക്കുന്ന പ്രവണത ഉണ്ടായിരുന്നില്ല. മറിച്ച് നീതിയോടെയായിരുന്നു അത് കൈകാര്യം ചെയ്തിരുന്നത്. തുടർന്ന് അല്ലാഹുവിന്റെ വിധിയിൽ നബി(സ) തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ഉം നബി(സ)തിരുമേനിയുടെ അതേ നിലപാട് ജൂതന്മാരോടു തുടർന്നുപോയി. ഹദ്റത്ത് ഉമർ(റ)തന്റെ ഖിലാഫത്തിന്റെ ആരംഭ ഘട്ടത്തിൽ അക്കാര്യം മാറ്റമില്ലാതെ ചെയ്തുപോന്നു. എന്നാൽ, പിന്നീട് ഹദ്റത്ത് ഉമറിന് നബി(സ)തിരുമേനിയുടെ അവസാന രോഗാവസ്ഥയിൽ അറേബ്യൻ ഭൂഖണ്ഡത്തിൽ രണ്ടുമതങ്ങൾ ഒരുമിച്ച് തുടരുകയില്ലെന്ന് പറഞ്ഞതായി അറിവു ലഭിച്ചു. ഹദ്റത്ത് ഉമർ അക്കാര്യം സ്ഥരീകരിച്ചു. അത് നേരാണെന്ന് തെളിഞ്ഞപ്പോൾ അദ്ദേഹം ഖയ്ബറിലെ ജൂതന്മാർക്ക് ഇപ്രകാരം കത്തെഴുതി. അല്ലാഹു നിങ്ങളെ നാടുകടത്തണമെന്ന് കല്പിച്ചിരിക്കുന്നു. അതുപോലെ അറേബ്യൻ ഭൂഖണ്ഡത്തിൽ രണ്ടു മതങ്ങൾ ഒരുമിച്ചു തുടരുകയില്ലെന്ന് പറഞ്ഞതായി നബി(സ)തിരുമേനി പറഞ്ഞതായി എനിക്ക് വിവരം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങളിൽ ആരുടെയെങ്കിലും കൈയിൽ നബി(സ) തിരുമേനിയുമായി ചെയ്ത ഉടമ്പടിയുണ്ടെങ്കിൽ അതുമായി എന്നെ സമീപിക്കുക. ഞാനത് നടപ്പിൽ വരുത്തുന്നതാണ്. എന്നാൽ, നബി(സ) തിരുമേനിയുമായി ഒരു കരാറും ചെയ്തിട്ടില്ലാത്തവർ നാടുവിടാൻ തയ്യാറാകുകയും വേണം. നബി(സ) തിരുമേനി എന്തെങ്കിലും വാഗ്ദാനം നല്കുകയോ അവിടെ തുടരാൻ അനുമതി നല്കുകയോ ചെയ്തുട്ടുണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതായിരിക്കും. അല്ലാത്തപക്ഷം അവർ അവിടം വിട്ട് പോകേണ്ടിവരുന്നതാണ്. അങ്ങനെ ഒരു ഉടമ്പടിയുമില്ലാത്ത അത്തരമാളുകളെ ഹദ്റത്ത് ഉമർ(റ)നാടു കടത്തി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറയുന്നു: ഞാനും ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമും ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദും ഖയ്ബറിൽ ഞങ്ങളുടെ സ്വത്തുവകകൾ നോക്കുന്നതിനുപോയി. അവിടെ എത്തി എല്ലാവരും അവരവരുടെ സ്ഥലത്തേക്ക് പോയി. ഞാൻ കിടക്കയിൽ കിടന്ന് ഉറങ്ങുന്ന നേരത്ത് ആരോ എന്നെ ആക്രമിച്ചു. എന്റെ ഇരു കൈമുട്ടിൽനിന്നും എല്ലുകൾ ഇറങ്ങിപ്പോയി. എന്റെ രണ്ടുകൂട്ടുകാരും അലറി വിളിച്ചുകൊണ്ട് എന്റെ അടുത്തേക്കോടിവന്നിട്ട് നിന്നോടാരാണ് ഇപ്രകാരം ചെയ്തതെന്ന് തിരക്കി. എനിക്കറിയില്ലെന്ന് ഞാൻ പറഞ്ഞു. അങ്ങനെ രണ്ടുപേരുംകൂടി എന്റെ കൈമുട്ടുകൾ ശരിയാക്കി. എന്നിട്ടെന്നെ ഹദ്റത്ത് ഉമറിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഇത് ജൂതന്മാരുടെ ചെയ്തിയാണെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ട് അദ്ദേഹം ജനങ്ങളെ സംബോധന ചെയ്യാനായി എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു: 'അല്ലയോ ജനങ്ങളേ! നബി(സ)തിരുമേനി ഖയ്ബറിലുള്ള ജൂതന്മാരോടു ഉടമ്പടി ചെയ്യുമ്പോൾ അതിലുണ്ടായിരുന്ന ഒരു നിബന്ധന എപ്പോൾ വേണമെങ്കിലും നിങ്ങളെ ഇവിടെനിന്ന് ഞങ്ങൾക്ക് പറഞ്ഞുവിടാം എന്നായിരുന്നു. ഇപ്പോൾ ജൂതന്മാർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിനെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ ഇരുകൈമുട്ടുകളിൽനിന്ന് എല്ലുകൾ ഊരുകയും ചെയ്തിരിക്കുന്നു. നിങ്ങളിക്കാര്യം അറിഞ്ഞിട്ടുമുണ്ടാകും. ഇതിനുമുമ്പേയും ചിലർ ഒരു അൻസ്വാരിയെ ആക്രമിച്ചതാണ്. അവർ ഇക്കൂട്ടരുടെ കൂട്ടാളികളാണെന്ന കാര്യത്തിൽ നമുക്കൊരു സംശയവുമില്ല. കാരണം അവിടെ ഇവരെക്കൂടാതെ ഒരു ശത്രുക്കളും നമുക്കില്ല. അതുകൊണ്ട് ഖയ്ബറിൽ സ്വത്തുള്ളവർ അതു സംരക്ഷിച്ചുകൊള്ളുക. ഞാൻ അവരെ അവിടെനിന്ന് പുറത്താക്കാൻ പോകുകയാണ്. അതുകഴിഞ്ഞ് അദ്ദേഹം അവരെ പുറത്താക്കി.' അബ്ദുല്ലാബ് ബിൻ മക്നഫ് വിവരിക്കുന്നു: 'ഹദ്റത്ത് ഉമർ ജൂതന്മാരെ ഖയ്ബറിൽനിന്ന് പുറത്താക്കിയ ശേഷം മുഹാജിരീങ്ങളോടും അൻസ്വാറിനോടുമൊപ്പം മടക്കയാത്ര ചെയ്തു. ഹദ്റത്ത് ജബ്ബാർ ബിൻ സ്വഹ്റായും ഹദ്റത്ത് യസീദ് ബിൻ ഥാബിത്തും അവരോടൊപ്പം തിരിച്ചു. ഹദ്റത്ത് ജബ്ബാർ മദീനക്കാർക്കുവേണ്ടി വിളവുകൾ അളക്കുകയും കണക്കുകൾ സൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. അദ്ദേഹം മുമ്പേ ചെയ്തുവന്ന അതേ നിലയ്ക്കുതന്നെ ഖയ്ബറുകാർക്കിടയിൽ ഫലവർഗങ്ങൾ വീതം വെക്കുകയുണ്ടായി.' *(സീറത്ത് ഇബ്നുഹിശാം, പേജ് 710, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)*

മറ്റൊരു സംഭവംകൂടി വിവരിക്കപ്പെടുന്നുണ്ട്. ഹദ്റത്ത് ഹാത്വിബ് ഒരു സ്ത്രീക്ക് കത്തു നല്കി മക്കയിലേക്ക് അയച്ച സംഭവമാണിത്. അദ്ദേഹം ആ സ്ത്രീക്ക് രഹസ്യമായി കത്തു നല്കി, നബി(സ)തിരുമേനിയുടെ ചില പദ്ധതികളെക്കുറിച്ച് മക്കയിലെ അന്യാരാധകർക്ക് വിവരം നല്കാൻ ഉദ്ദേശിച്ചതായിരുന്നു. നബി(സ)തിരുമേനിക്ക് അല്ലാഹു അക്കാര്യം അറിയിച്ചുകൊടുത്തു. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ അയക്കുകയും വഴിമധ്യേ അദ്ദേഹം അവരെ പിടികൂടുകയും ചെയ്തു. അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഹാത്വിബിനെ ചോദ്യം ചെയ്തു. അദ്ദേഹം അതിന് ഒഴികഴിവ് പറഞ്ഞു. എന്നിട്ടു പറഞ്ഞു: എന്റെ ഈമാന് ഒരുവിധ ഇളക്കവും തട്ടിയിട്ടില്ല. എന്നല്ല എന്റെ ഈമാൻ പൂർണവുമാണ്. അങ്ങനെ ഹദ്റത്ത് ഹാത്വിബ് അക്കാര്യം പറഞ്ഞു ബോധിപ്പിച്ചു. അപ്പോൾ നബി(സ)തിരുമേനി അതു സമ്മതിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് ഉമർ (റ) ഈ കപടവിശ്വാസിയുടെ ഗളഛേദം ചെയ്യാൻ തന്നെ അനുവദിക്കണമെന്ന് നബി(സ) തിരുമേനിയോടു പറഞ്ഞു. അപ്പോൾ ആ മഹാത്മാവ് പറഞ്ഞു: 'നോക്കൂ, അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളാണ്. ബദ്ർയുദ്ധത്തിൽ പങ്കെടുത്തവരെ അല്ലാഹു ഏഴാനാകാശത്തുനിന്ന് എത്തി നോക്കുകയും നിങ്ങളെന്തുവേണമെങ്കിലും ചെയ്തുകൊള്ളുക നിങ്ങളുടെ ദൗർബല്യങ്ങൾ ഞാൻ മറച്ചുവെക്കുകയും നിങ്ങൾക്കു ഞാൻ പൊറുത്തുതരികയും ചെയ്തിരിക്കുന്നുവെന്ന് പറയുകയും ചെയ്തിരിക്കുന്നു.' *(ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുൽ ഫത്ഹ്, ഹദീഥ് 4274)*

മറ്റൊരു സംഭവം കൂടിയുണ്ട്. ഹദ്റത്ത് ഉമറുമായി നേരിട്ട് ബന്ധമില്ലെങ്കിലും സാന്ദർഭികമായി അദ്ദേഹത്തെപ്പറ്റി സൂചിപ്പിക്കുന്ന സംഭവമാണത്. അത് ഞാൻ വിവരിക്കാം. ഹദ്റത്ത് അബൂഖത്താദ(റ) പറയുന്നു: ഹുനയ്നിലെ സംഭവം നടന്നപ്പോൾ ഒരു മുസ്‌ലിമും മുശ്‌രിക്കും വഴക്കിടുന്നതു ഞാൻ കണ്ടു.അവിടെ മറ്റൊരു മുശ്‌രിക് പാത്തും പതുങ്ങിയും പിറകിൽനിന്ന് ചതിപ്രയോഗത്തിലൂടെ ആ മുസ്‌ലിമിനെ ആക്രമിച്ച് വധിക്കാൻ തുനിയുന്നതും ഞാൻ കണ്ടു. ഒരു മുസ്‌ലിമിനുമേൽ ഇങ്ങനെ ചതിപ്രയോഗം നടത്തി ചാടിവീഴാൻ ശ്രമിക്കുന്ന അയാൾക്കുമേൽ ഞാൻ ക്ഷണത്തിൽ ചാടിവീണു. അയാൾ എന്നെ വധിക്കാൻ കൈയോങ്ങി. ഞാൻ വാളുകൊണ്ട് അയാളുടെ കൈ വെട്ടിവീഴ്ത്തി. അതിനുശേഷം അയാളെന്നെ മുറുകെ പിടിക്കുകയും ഞാൻ തളർന്നു പോകുംവിധം എന്നെ ശക്തിയായി പിടിച്ച് ഞെരുക്കുയും ചെയ്തു. ശേഷം അയാളെന്നെ വിട്ടു കളഞ്ഞു. അയാൾ അയഞ്ഞതുകണ്ടപ്പോൾ ഞാൻ അയാളെ തള്ളിയിടുകയും വധിക്കുകയും ചെയ്തു. അതേസമയം അവിടെയുള്ള മറ്റു മുസ്‌ലിമീങ്ങൾ പരാജിതരായി ഓടിമറഞ്ഞു. അതുകണ്ട് ഞാനും അവിടെനിന്ന് ഓടിയകന്നു. പിന്നീട് ഞാൻ എന്താണ് കാണുന്നത്?കുറെയാളുകൾ ഹദ്റത്ത് ഉമറിനു ചുറ്റും കൂടിയിട്ടുണ്ട്. ശത്രുക്കൾക്കെന്തുപറ്റിയെന്ന് ഞാൻ ചോദിച്ചു. എല്ലാവരും രണഭൂമിവിട്ട് ഓടിയിരിക്കുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ഇംഗിതം അതാണ്. തുടർന്ന് എല്ലാവരും തിരിച്ചുപോയി. നബി(സ) തിരുമേനിയുടെ അടുത്ത് അവരെത്തി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ആരെങ്കിലും ഇന്നയാളെ വധിച്ചത് താനാണെന്ന് തെളിയിക്കുന്ന പക്ഷം ആ ഘാതകന് വധിക്കപ്പെട്ട വ്യക്തിയുടെ സാധനസാമഗ്രികൾ നല്കുന്നതായിരിക്കും. ഞാൻ അതുകേട്ട് എഴുന്നേറ്റു. ഞാൻ വധിച്ചയാളെ കുറിച്ച് ആരെങ്കിലും സാക്ഷിപറയുമോ എന്ന് അന്വേഷിച്ചു. എന്നാൽ, അതിന് ആരേയും കിട്ടാതെ വന്നപ്പോൾ ഞാൻ അവിടെത്തന്നെ ഇരുന്നു. പിന്നീട് ഞാൻ അതിനെക്കുറിച്ച് ചിന്തിക്കുകയും ആ വധത്തെ കുറിച്ച് നബി(സ)തിരുമേനിയോടു പറയുകയും ചെയ്തു. അവിടെ ആ മഹാത്മാവിനോടൊപ്പമിരുന്നവരിൽ ഒരാൾ പറഞ്ഞു, ഇദ്ദേഹം ഈ പറയുന്ന വ്യക്തിയുടെ ആയുധങ്ങൾ എന്റെ പക്കലാണുള്ളത്. അതുകൊണ്ട് അവയ്ക്കു പകരമായി എന്തെങ്കിലും കൊടുത്ത് ഇദ്ദേഹത്തെ തൃ

പ്തിപ്പെടുത്തിയാലും. അതുകേട്ട് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഇല്ല അങ്ങനെയൊരിക്കലും സംഭവിക്കുകയില്ല. അതായത് ഖുറയ്ശികളിൽപ്പെട്ട ഒരു സാധാരണക്കാരന് സാധനങ്ങൾ നല്കിക്കൊണ്ട് അല്ലാഹുവിന്റെ ഒരു സിംഹത്തെ അതായത് അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടി യുദ്ധം ചെയ്ത ഒരു വ്യക്തിയെ വെറുംകൈയോടെ നബി(സ)തിരുമേനി വിടുകയില്ല. ഹദ്റത്ത് അബൂഖത്താദ(റ) പറയുന്നു: നബി(സ)തിരുമേനി എഴുന്നേറ്റുനിന്നു. എന്നിട്ട് ആ സാധനങ്ങൾ എനിക്കു നല്കി. ഞാൻ അതുവിറ്റ് ഒരു ചെറിയ ഈത്തപ്പനത്തോട്ടം വാങ്ങി. ഇസ്‌ലാമിൽ വന്നശേഷം ഞാനാദ്യമായൊരു സ്വത്തു വാങ്ങിയത് അപ്പോഴായിരുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബു ഖൗലുല്ലാഹുത്തആലാ വയൗമു ഹുനയ്ൻ, ഹദീഥ് നമ്പർ 4322)*

ഹദ്റത്ത് ഇബ്നു ഉമർ(റ)വിവരിക്കുന്നു. ഞങ്ങൾ ഹുനയ്നിൽനിന്ന് മടങ്ങി വരുമ്പോൾ നബി(സ) തിരുമേനിയോടു താൻ ജാഹിലിയ്യ കാലഘട്ടത്തിൽ നേർന്ന ഒരു നേർച്ചയെ പറ്റി ഹദ്റത്ത് ഉമർ(റ) പറഞ്ഞു. അത് ഇഅ്തിക്കാഫ് ഇരിക്കുന്നതിനെക്കുറിച്ചായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു:അത് പൂർത്തിയാക്കുക. *(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് നമ്പർ 4320)*

ജാഹിലിയ്യ കാലത്ത് നേർന്നതാണെങ്കിലുംശരി അത് നിറവേറ്റുക. എന്നാൽ, ഇസ്‌ലാമികാധ്യാപനങ്ങളെ മുറുകെ പിടിച്ചുകൊണ്ട് അതിനു വിരുദ്ധമല്ലാത്ത കാര്യങ്ങളാണ് നിറവേറ്റാൻ അനുവാദമുള്ളത്. ഇങ്ങനെ ഒരു നിബന്ധന കൂടിയുണ്ട്.

തബൂക് യുദ്ധത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ പങ്കാളിത്തത്തെ കുറിച്ച് ഇപ്രകാരം വിവരണം ലഭിക്കുന്നു. തബൂക് യുദ്ധ വേളയിൽ നബി(സ) തിരുമേനി ചന്ദ കൊടുക്കുന്നതിന് പ്രത്യേകം ആഹ്വാനം ചെയ്തതിനെക്കുറിച്ച് ഹദ്റത്ത് ഉമർ(റ)താനുമായി ബന്ധപ്പെട്ട ഒരു സംഭവം വിവരിക്കുന്നു. ഒരുദിവസം ഞങ്ങളോടു നബി(സ)തിരുമേനി സ്വദഖ നല്കാൻ കൽപിച്ചു. അപ്പോൾ എന്റെ കൈയിൽ ധനമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്റിനെ നന്മയിൽ മുൻകടക്കാൻ പറ്റിയ അവസരം ഇന്നാണെന്ന് ഞാൻ കരുതി. അങ്ങനെ ഞാൻ എന്റെ പകുതി ധനം കൊണ്ടുവന്നു. നബി(സ)തിരുമേനി ചോദിച്ചു: താങ്കളുടെ വീട്ടിലുള്ളവർക്കുവേണ്ടി എന്താണ് ബാക്കി വെച്ചിട്ടുള്ളത്? ഇവിടെ കൊണ്ടുവന്നതിന് തുല്യമായ ഒരു ഭാഗം അവിടേയും വെച്ചിട്ടുണ്ട്. എന്നാൽ, അബൂബക്ർ തന്റെ പക്കലുണ്ടായിരുന്ന ധനം മുഴുവനും കൊണ്ടുവന്നു. ഞാൻ പകുതി കൊണ്ടുവന്നപ്പോൾ അബൂബക്ർ ഉള്ളതു മുഴുവനും എടുത്തുകൊണ്ടുവന്നു. നബി(സ)തിരുമേനി എന്നോടു ചോദിച്ചതുപോലെ അദ്ദേഹത്തോടും ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ അവർക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയുമാണ് ബാക്കി വെച്ചിട്ടുള്ളത്. ഹദ്റത്ത് ഉമർ(റ) പറയുന്നു: അപ്പോൾ ഞാൻ കരുതി എനിക്ക് ഒരു കാര്യത്തിലും ഒരിക്കലും അദ്ദേഹത്തെ പിന്നിലാക്കാൻ കഴിയുകയില്ല.' (സുനൻ അബൂദാവൂദ്, കിതാബുസ്സക്കാത്ത്, ഹദീഥ് നമ്പർ 1678)

ഈ സംഭവത്തെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം വിവരിക്കുന്നു: ഒരിക്കൽ ജിഹാദ് നടന്നപ്പോഴുള്ള ഒരു സംഭവം ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ കരുതി ഹദ്റത്ത് അബൂബക്ർ(റ) എപ്പോഴും എന്നെക്കാൾ മുൻപന്തിയിലാകാറുണ്ട്. ഇന്ന് ഞാൻ അദ്ദേഹത്തെക്കാൾ മുൻകടക്കുന്നതാണെന്ന്. അങ്ങനെ ചിന്തിച്ച് ഞാനെന്റെ വീട്ടിൽപോയി. എന്നിട്ട് എന്റെ ധനത്തിന്റെ പകുതി എടുത്ത് നബി(സ)തിരുമേനിയുടെ മുമ്പിൽ സമർപിക്കാൻ കൊണ്ടുവന്നു. അത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വളരെ ദുർഘടമായൊരു കാലമായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) തന്റെ മുഴുവൻ ധനവും കൊണ്ടുവരികയും നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ സമർപിക്കുകയും ചെയ്തു. അവിടന്ന് ചോദിച്ചു: വീട്ടിലെന്താണ് ബാക്കിയുള്ളത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും. ഹദ്റത്ത് ഉമർ(റ)പറയുന്നു: ഇതുകേട്ട് എനിക്ക് അങ്ങേയറ്റം ലജ്ജതോന്നി. ഇന്നു ഞാൻ പരമാവധികിണഞ്ഞു പരിശ്രമിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്റിനെ മുൻകടക്കാൻ നോക്കി. എന്നാൽ, ഇന്നും ഹദ്റത്ത് അബൂബക്ർ എന്നെ പിന്നിലാക്കിക്കളഞ്ഞു.' *(ഫളാഇലുൽ ഖുർആൻ(3), അൻവാറുൽഉലൂം, വാള്യം 11, പേജ് 577)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരു കാലത്ത് ആളുകൾ അല്ലാഹുവിന്റെ ദീനിന്നായി ആടുമാടുകളെപ്പോലെ സ്വന്തം ജീവൻ ബലിയർപ്പിക്കുമായിരുന്നു. ധനത്യാഗത്തെ കുറിച്ച് എന്തു പറയാൻ! ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഒന്നിലധികംവട്ടം തന്റെ വീട്ടിലുള്ളത് സർവസ്വവും ത്യാഗം ചെയ്യുകയുണ്ടായി. ഒരു സൂചിപോലും വീട്ടിൽ ഉപേക്ഷിച്ചില്ല. അതുപോലെ ഹദ്റത്ത് ഉമറും തന്റെ കഴിവും ഹൃദയവിശാലതയുമനുസരിച്ചും ഹദ്റത്ത് ഉഥ്മാൻ തന്റെ സാമ്പത്തിക ശേഷിയനുസരിച്ചും ത്യാഗങ്ങൾ കാഴ്ചവെച്ചു. എല്ലാവരും തങ്ങളുടെ നിലവാരവും പ്രാപ്തിയുമനുസരിച്ച് ചെയ്യേണ്ടതൊക്കെ ചെയ്തു. സകലസ്വഹാബാക്കളും തങ്ങളുടെ ജീവനും സ്വത്തും അല്ലാഹുവിന്റെ ഈ ദീനിനുവേണ്ടി ത്യജിക്കാൻ സന്നദ്ധരായി.'

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അക്കാലത്തെ ജമാഅത്തിലെ ചിലയാളുകളുടെ അവസ്ഥകളെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ, ഒരുപറ്റം ആളുകളുണ്ട് അവർ ബയ്അത്ത് ചെയ്യുകയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ഏറ്റു പറയുകയും ചെയ്യുന്നു. എന്നാൽ, സഹായങ്ങൾ ചെയ്യേണ്ട ഘട്ടങ്ങളിൽ തങ്ങളുടെ കീശകൾ അമർത്തിപ്പിടിക്കുന്നു. ഇങ്ങനെയുള്ള ലൗകിക സിനേഹമുള്ളവർക്ക് എന്തെങ്കിലും ദീനിയായ ലക്ഷ്യം കൈവരിക്കാനാകുമോ? ഇത്തരക്കാർ മുഖേന ഏതെങ്കിലും പ്രവാചകന് ഗുണമുണ്ടാകുമോ? ഇല്ല ഒരിക്കലുമില്ല. അല്ലാഹു പറയുന്നു: لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ (ആലുഇംറാൻ:93) നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടത് നിങ്ങൾ പ്രതാപവാനായ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാത്തിടത്തോളം നിങ്ങൾക്ക് നന്മയെ പ്രാപിക്കാൻ സധിക്കുകയില്ല. *(മൽഫൂദാത്ത് വാള്യം 6, പേജ് 40, അടിക്കുറിപ്പ്)*

നബി(സ) തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് ഉമറിന്റെ പ്രതികരണം എന്തായിരുന്നു എന്നതിനെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: നബി(സ) തിരുമേനിയുടെ മരണ സമയം അടുത്തപ്പോൾ ആ വീട്ടിൽ കുറച്ചു പുരുഷന്മാരുണ്ടായിരുന്നു. ഹദ്റത്ത് ഉമറും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'വരിക! നിങ്ങൾ വഴിപിഴച്ചുപോകാതിരിക്കാൻ ഞാൻ ചില കാര്യങ്ങൾ എഴുതിപ്പിക്കുന്നതാണ്.' നബി(സ)തിരുമേനിയുടെ അവസാന രോഗാവസ്ഥയിലെ ഒരു സംഭവമാണിത്. അപ്പോൾ ഹദ്റത്ത് ഉമർ അവിടെ ചുറ്റിലുമുണ്ടായിരുന്നവരോടു പറഞ്ഞു: നബി(സ)തിരുമേനിക്ക് തീരെ സുഖമില്ല. നിങ്ങളുടെ കൈയിൽ ഖുർആനുമുണ്ട്. നിങ്ങൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മതിയായതുമാണ്. വീട്ടിൽ കൂടിയിരുന്നവർ അതിനെ എതിർക്കുകയും തർക്കം തുടങ്ങുകയും ചെയ്തു. അതിന്റെ പേരിൽ വാഗ്വാദം നടന്നു. അവരിൽ ചിലർ പറഞ്ഞു: പേനയും കടലാസും വേഗം കൊണ്ടുവരിക. നമ്മൾ വഴികേടിലാകാതിരിക്കാൻ നബി(സ)തിരുമേനി ചില കാര്യങ്ങൾ എഴുതിപ്പിക്കുന്നതാണ്. ചിലർ പറഞ്ഞിരുന്നത് ഹദ്റത്ത് ഉമറിന്റെ അതേ അഭിപ്രായമായിരുന്നു. അതായത് നബി(സ) തിരുമേനിയെ കഷ്ടപ്പെടുത്തേണ്ട കാര്യമില്ലെന്ന് പറയുന്നുണ്ടായിരുന്നു. അങ്ങനെ അവർ നബി(സ)തിരുമേനിയുടെ അടുത്തുവച്ച് ഒരുപാട് തർക്കിക്കുകയും പരസ്പരം എതിർക്കുകയും ചെയ്തപ്പോൾ അവിടെനിന്ന് എല്ലാവരും പോകുകയെന്ന് അവിടന്ന് പറഞ്ഞു. *(സ്വഹീഹ് മുസ്‌ലിം കിതാബുൽവസിയ്യത്ത്, ഹദീഥ് നമ്പർ 4234)*

ഇത് മുസ്‌ലിമിലുള്ള നിവേദനമാണ്. ഇതിന്റെ വിശദമായ വിവരണം ബുഖാരിയിലുണ്ട്. അത് ഉബയ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ആണ് നിവേദകൻ. അദ്ദേഹം നിവേദനം ചെയ്തത് ഹദ്റത്ത് ഇബ്നു അബ്ബാസിൽനിന്നാണ്. നബി(സ) തിരുമേനി രോഗാവസ്ഥ മൂർച്ഛിച്ച സമയത്ത് പറഞ്ഞു:'എഴുതിയെടുക്കാൻ എന്റെ പക്കൽ എന്തെങ്കിലും കൊണ്ടുവരിക. ഞാൻ നിങ്ങൾക്കുവേണ്ടി ചിലകാര്യങ്ങൾ എഴുതിപ്പിക്കാം. പിന്നീട് നിങ്ങളതു മറക്കുന്നതല്ല.' ഹദ്റത്ത് ഉമർ പറഞ്ഞു, നബി(സ)തിരുമേനിക്ക് തീരെ സുഖമില്ലാതായിരിക്കുകയാണ്. അവിടെ ചുറ്റും കൂടിയിരുന്നവരോടു അദ്ദേഹം ഇപ്രകാരം പറഞ്ഞു. അല്ലാഹുവിന്റെ കിതാബ് നമുക്കു ലഭിച്ചിട്ടുമില്ലേ? അതുകൊണ്ട് നബി(സ)തിരുമേനിയെ ബുദ്ധിമുട്ടിക്കേണ്ടതില്ല. അപ്പോൾ അവർ പരസ്പരം കലഹിക്കുകയും അങ്ങനെ വലിയ ബഹളമുണ്ടാകുകയും ചെയ്തു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'എല്ലാവരും ഇവിടെനിന്ന് പോകുക. എന്റെ അടുത്തുനിന്ന് ആരും വഴക്കിടരുത്.' അപ്പോൾ ഹദ്റത്ത് ഇബ്നു അബ്ബാസ് പുറത്തേക്കുപോയി. അദ്ദേഹം പറയുമായിരുന്നു, ഏറ്റവും വലിയ നഷ്ടമാണുണ്ടായത്. നബി(സ)തിരുമേനിയെ എഴുതുന്നതിൽ നിന്ന് തടഞ്ഞതിനാലാണ് അതു സംഭവിച്ചത്. *(സ്വഹീഹുൽബുഖാരി, കിതാബുൽഇൽമ്, ബാബു കിതാബുൽഇൽമ്, ഹദീഥ് നമ്പർ 114)*

ഇതിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് എഴുതിയതിൽനിന്ന് കുറച്ചു ഭാഗം വിവരിക്കുകയാണ്. لَا تَضِلُّوْا بَعْدَهُ ഈ വാക്കുകളാണ് ഹദീഥിലുള്ളത്. ഇതിൽനിന്നു വ്യക്തമാകുന്നത് നബി(സ) തിരുമേനി തന്റെ അന്ത്യനിമിഷങ്ങളിൽ പോലും വ്യാകുലനായിരുന്നത് നിങ്ങൾ കാര്യങ്ങൾ വിസ്മരിച്ചാലോ لَا تَضِلُّوْا بَعْدَهُ എന്നായിരുന്നു. അതുകൊണ്ട് ഞാൻ നിങ്ങൾക്ക് ഒരു എഴുത്തു തയ്യാറാക്കാം. 'ളലാൽ' എന്നതിന്റെ അർഥം വിസ്മരിക്കുക എന്നാണ്. മറന്നുകൊണ്ടു പോകുന്നവഴി, മറന്ന് വഴികേടിലാകുക എന്നും അർഥമുണ്ട്. അതുപോലെ غَلَبَهُ الْوَجَعُ അതായത് രോഗം അദ്ദേഹത്തെ വളരെ ക്ഷീണിതനാക്കിയിട്ടുണ്ട്. അതുകൊണ്ട് അങ്ങനെ ചെയ്ത് പ്രയാസം വർധിക്കാൻ ഇടയാകരുത്. ഇത് ഹദ്റത്ത് ഉമർ(റ)ന്റെ വാക്കുകളാണ്. നബി(സ)തിരുമേനി മരണപ്പെട്ടുവെന്ന് ഹദ്റത്ത് ഉമറിന് ചെറിയൊരു സംശയംപോലുമുണ്ടായിരുന്നില്ല എന്നാണ് ശാഹ് സാഹിബ് എഴുതിയിട്ടുള്ളത്. عِنْدَنَا كِتَابُ اللّٰهِ حَسْبُنَا എന്ന് ഹദ്റത്ത് ഉമർ(റ)പറഞ്ഞത്. അല്ലാഹു പറഞ്ഞിട്ടുള്ളത്;

مَا فَرَّطْنَا فِى الْكِتٰبِ مِنْ شَىْءٍ

ഇത് സൂറത്ത് അൻആമിലുള്ളതാണ്. പിന്നീട്

تِبْيَانًا لِّكُلِّ شَىْءٍ (അന്നഹ്ൽ:90)

അതായത് ഈ ഗ്രന്ഥം എല്ലാ കാര്യങ്ങളും വ്യക്തമാക്കി വിവരിക്കുന്നു. അതുപോലെ ഇതിൽ ഒരുവിധ കുറവും നാം വരുത്തിയിട്ടില്ല. തുടർന്നെഴുതുന്നു: لَا يَنْبَغِىْ عِنْدِىَ التَّنَازُعُ അതായത് ഹദ്റ

ത്ത് ഉമറിനെപ്പോലെ ആർദ്രവികാരമുള്ള മറ്റുള്ളവരും പറഞ്ഞത് ഇത്തരമൊരു സമയത്ത് ബുദ്ധിമുട്ടിക്കാൻ പാടില്ലെന്നാണ്. ചിലർ പറഞ്ഞത് കല്പന ലഭിച്ചാൽ അതു നടപ്പിൽ വരുത്തുമെന്നാണ്. നബി(സ) തിരുമേനി പറഞ്ഞതുപോലെ പേനയും കടലാസും കൊണ്ടുവരേണ്ടതാണ്. എന്നാൽ, അവർ പരസ്പരം കലഹിക്കാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി അവിടെ നിന്ന് പോകാൻ അവരോടു പറയുകയുണ്ടായി. തന്റെ അടുത്തുനിന്ന് ബഹളം വെക്കരുതെന്ന് പറഞ്ഞു. ഇതിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനിയ്ക്ക് ദൈവ ഗ്രന്ഥത്തിന്റെ മഹിതസ്ഥാനത്തെ കുറിച്ച് ആ അസ്വസ്ഥമായ നേരത്തുപോലും വളരെ ചിന്തയായിരുന്നുവെന്നാണ്. അതുകൊണ്ടാണ് ഹദ്റത്ത് ഉമർ പറഞ്ഞതുകേട്ട ശേഷം വീണ്ടും പേനയും കടലാസ്സും കൊണ്ടുവരാൻ അവിടന്ന് പറയാതിരുന്നത്. ബുഖാരിയിലെ മറ്റു ചില നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നത് അതിനുശേഷവും കുറച്ചുനാളുകൾ വിശ്വസിച്ചത് നബി(സ)തിരുമേനി ജീവിച്ചിരുന്നുവെന്നാണ്. ആ നാളുകളിൽ മറ്റു ചില വസിയ്യത്തുകൾ ചെയ്തിട്ടുകൂടി നബി(സ)തിരുമേനി അക്കാര്യം ആവർത്തിക്കാൻ നിന്നില്ല. ഇതിൽനിന്ന മനസ്സിലാകുന്നത് നബി(സ)തിരുമേനി എഴുതിക്കാൻ ഉദ്ദേശിച്ചിരുന്ന കല്പനകൾ ദൈവഗ്രന്ഥത്തിലുള്ളവ തന്നെയായിരിക്കാമെന്നാണ്. അതായത് വിശുദ്ധ ഖുർആനുമായി ഒട്ടിച്ചേർന്നു നില്ക്കാൻ താക്കീതു നല്കാൻ ആഗ്രഹിച്ചതായിരിക്കാം. അപ്രകാരംതന്നെ നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനെ പിന്തുണയ്ക്കുകയും മൗനം പാലിക്കുകയും ചെയ്തു. ഈ ആദരവ് നാമമാത്രമായ പണ്ഡിതർക്ക് തീരെ ഇല്ലാത്തതാണെന്ന് ശാഹ് സാഹിബ് എഴുതുന്നു. വിശുദ്ധ ഖുർആനെകുറിച്ചുള്ള നബി(സ) തിരുമേനിക്കുണ്ടായ ഈ ആദരവ് നാമമാത്രമായ പണ്ഡിതന്മാർ തീരെ ശ്രദ്ധിക്കാത്തതാണ്. അവരെന്തെങ്കിലും അഭിപ്രായം പറഞ്ഞു കഴിഞ്ഞാൽ പിന്നെ അത് ദൈവികവെളിപാടാണെന്ന നിലപാടാണ് വെച്ചു പുലർത്തുക. തുടർന്നെഴുതുന്നു: നബി(സ)തിരുമേനിയുടെ ഈ പരിശുദ്ധ മാതൃകയെ നമ്മൾ ഒരിക്കലും വിസ്മരിക്കാൻ പാടുള്ളതല്ല. ദൈവഗ്രന്ഥത്തിനുമുമ്പിൽ മറ്റെന്തു കാര്യവും അസംഗതമാണ്. *(സ്വഹീഹുൽബുഖാരി, കിതാബുൽഇൽമ്, ബാബു കിതാബുൽഇൽമ് ഹദീഥ് 114, മുത്തർജിം ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാള്യം1, പേജ് 190, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ)*

ഉർവ ബിൻ സുബയ്ർ നബി(സ) തിരുമേനിയുടെ ധർമപത്നിയായ ഹദ്റത്ത് ആഇശ(റ)യിൽനിന്ന് നിവേദനം. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ‘സൻഹ്’ എന്ന സ്ഥലത്തായിരുന്നു. ‘സൻഹ്’ മദീനയിൽനിന്ന് രണ്ടുമൈൽ ദൂരത്തുള്ള സ്ഥലമാണ്. അത് പ്രാന്ത പ്രദേശങ്ങളിൽപ്പെട്ട സ്ഥലമായിരുന്നുവെന്ന് ഇസ്മായീൽ പറയുന്നു. ഈ വാർത്ത കേട്ട് ഹദ്റത്ത് ഉമർ(റ) എഴുന്നേറ്റുനിന്നു. വഫാത്തിന്റെ വിവരമറിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)സ്ഥലത്തില്ലായിരുന്നു. ഹദ്റത്ത് ഉമർ ആളുകളുടെ ഇടയിൽ വന്നു പറഞ്ഞു: അല്ലാഹുവാണ! നബി(സ)തിരുമേനി വഫാത്തായിട്ടില്ല.’ ഹദ്റത്ത് ആഇശാ(റ) പറയുന്നു: ഹദ്റത്ത് ഉമർ പിന്നീട് പറയാറുണ്ടായിരുന്നു, അല്ലാഹുവാണ! എന്റെ മനസ്സിലും അക്കാര്യമായിരുന്നു അപ്പോൾ ഉണ്ടായിരുന്നത്.’ ഹദ്റത്ത് ഉമർ തുടർന്നു പറഞ്ഞു: അല്ലാഹു നബി(സ)തിരുമേനിയെ എന്തായാലും എഴുന്നേല്പിക്കുകയും അവിടന്ന് ചിലയാളുകളുടെ കൈകാലുകൾ മുറിക്കുകയും ചെയ്യുന്നതാണ്.’ ആ നേരത്ത് ഹദ്റത്ത് അബൂബക്ർ സ്ഥലത്തെത്തി. ഹദ്റത്ത് ഉമർ(റ) നബി(സ)തിരുമേനി വഫാത്തായത് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. അവിടന്ന് വീണ്ടും ജീവിക്കുമെന്നാണ് കരുതിയിരുന്നത്. ഹദ്റത്ത് അബൂബക്ർ (റ)അങ്ങോട്ടു കയറി വന്നു. നബി(സ)തിരുമേനിയുടെ മുഖത്തുനിന്ന് തുണി നീക്കി. മുത്തം നല്കിക്കൊണ്ടു പറഞ്ഞു: ‘എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലിയാണ്. നബി(സ)തിരുമേനി ജീവിതത്തിലും മരണനേരത്തും പരിശുദ്ധനാണ്. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! അല്ലാഹു അങ്ങയ്ക്ക് രണ്ടുമരണം രുചിക്കേണ്ട അവസ്ഥ ഉണ്ടാക്കുകയില്ല.’ അതും പറഞ്ഞ് ഹദ്റത്ത് അബൂബക്ർ(റ) ജനങ്ങളുടെ ഇടയിലേക്ക് പുറത്തു വന്നു. എന്നിട്ടു പറഞ്ഞു: അല്ലയോ സത്യം ചെയ്ത് സംസാരിക്കുന്നവനേ ഒന്നു നില്ക്കുക. അതായത് ഹദ്റത്ത് ഉമറിനോടു പറഞ്ഞു, സത്യം ചെയ്യുന്നവനേ! ഒന്നടങ്ങുക. ഹദ്റത്ത് അബൂബക്ർ സംസാരം തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമർ അവിടെ ഇരുന്നു. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ച ശേഷം പറഞ്ഞു:

اَلَا مَنْ كَانَ يَعْبُدُ مُحَمَّدًا صَلَّى اللهُ عَلَيْهِ وَسَلَّمَ فَإِنَّ مُحَمَّدًا صَلَّى اللهُ عَلَيْهِ وَسَلَّمَ
قَدْ مَاتَ ۔ وَمَنْ كَانَ يَعْبُدُ اللهَ فَإِنَّ اللهَ حَيٌّ لَا يَمُوتُ

നോക്കൂ, മുഹമ്മദിനെ ആരാധിക്കുന്നവർ കേട്ടുകൊള്ളുക. മുഹമ്മദ് നിശ്ചയമായും വഫാത്തായിരിക്കുന്നു. എന്നാൽ, അല്ലാഹുവിനെ ആരാധിക്കുന്നവർ മനസ്സിലാക്കിക്കൊള്ളട്ടെ അല്ലാഹു ജീവിച്ചിരിക്കുന്നു. അവനൊരിക്കലും മരിക്കുകയില്ല. ഹദ്റത്ത് അബൂബക്ർ(റ) ഈ ആയത്ത് ഓതി, اِنَّكَ مَيِّتٌ وَّاِنَّهُمْ مَّيِّتُوْنَ തീർച്ചയായും നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവർതന്നെ.(39:31) പിന്നീട് അദ്ദേഹം ഈ ആയത്ത് ഓതി

وَمَا مُحَمَّدٌ اِلَّا رَسُوْلٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ اَفَائِنْ مَّاتَ اَوْ قُتِلَ انْقَلَبْتُمْ عَلٰٓى
اَعْقَابِكُمْ وَمَنْ يَّنْقَلِبْ عَلٰى عَقِبَيْهِ فَلَنْ يَّضُرَّ اللهَ شَيْـًٔا وَسَيَجْزِى اللهُ الشّٰكِرِيْنَ

മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലകളിന്മേൽ പിന്തിരിഞ്ഞു പോകുകയോ? ഏതൊരാൾ തന്റെ കുതികാലകളിന്മേൽ പിന്തിരിഞ്ഞു പോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്. (3:145) സുലയ്മാൻ പറയാറുണ്ടായിരുന്നു, ഇതുകേട്ട് ആളുകൾ എത്ര മാത്രം കരഞ്ഞുവെന്നാൽ ഏങ്ങി ഏങ്ങി അവർക്ക് ശ്വാസം കിട്ടാതായി. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബിന്നബിയ്യി(സ), ഹദീഥ് നമ്പർ 3667,3668)(ഫർഹങ്കെ സീറത്ത് പേജ് 157, സവാർ അക്കാഡമി പബ്ലിക്കേഷൻസ്, ഉർദു ബാസാർ കറാച്ചി 2003)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: അല്ലാഹുവാണ! ഹദ്റത്ത് അബൂബക്ർ ആ നേരത്ത് പാരായണം ചെയ്യുന്നതുവരെ ജനങ്ങൾക്ക് അല്ലാഹു അങ്ങനെയൊരു ആയത്ത് അവതരിപ്പിച്ച കാര്യം ഒട്ടും അറിവില്ലാത്തപോലെയാണ് അപ്പോൾ തോന്നിയത്. ആളുകൾ അദ്ദേഹത്തിൽനിന്ന് ആ ആയത്ത് പഠിച്ചതുപോലെ അനുഭവപ്പെട്ടു. പിന്നെ ആരെ നോക്കിയാലും അവരെല്ലാം ഈ ആയത്ത് ഉരുവിട്ടുകൊണ്ടരിക്കുന്നതാണ് ഞാൻ കണ്ടത്. സുഹ്രി പറയുന്നു:സയീദ് ബിൻ മുസയ്യബ് എന്നോടു പറഞ്ഞു, ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹുവാണ! ആ ആയത്ത് അബൂബക്ർ ഓതിയതു കേട്ടപ്പോൾ എനിക്ക് വല്ലാത്ത പരിഭ്രമമുണ്ടായി. ഭയാധിക്യത്താൽ എനിക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. ഞാൻ പൊടുന്നനെ കുഴഞ്ഞ് നിലത്തുവീണു. ഹദ്റത്ത് അബൂബക്ർ ഈ ആയത്ത് ഓതിയതുകേട്ടപ്പോൾ നബി(സ)തിരുമേനി വഫാത്തായിരിക്കുന്നുവെന്ന് എനിക്ക് മനസ്സിലായി. *(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു മർളുന്നബിയ്യി(സ), ഹദീഥ് നമ്പർ 4454)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഹദീഥിലെ അറബി വാക്യങ്ങളും അവിടന്ന് ഉദ്ധരിച്ചിരിക്കുന്നു.

عَنْ عَبْدِ اللهِ بْنِ عَبَّاسٍ اَنَّ اَبَا بَكْرٍ خَرَجَ وَعُمَرُ يُكَلِّمُ النَّاسَ فَقَالَ اِجْلِسْ يَا عُمَرُ
فَاَبٰى عُمَرُ اَنْ يَجْلِسَ فَاَقْبَلَ النَّاسُ اِلَيْهِ وَتَرَكُوْا عُمَرَ فَقَالَ اَبُوْ بَكْرٍ اَمَّا بَعْدُ مَنْ
مِنْكُمْ يَعْبُدُ مُحَمَّدًا فَاِنَّ مُحَمَّدًا قَدْ مَاتَ وَمَنْ كَانَ مِنْكُمْ يَعْبُدُ اللهَ فَاِنَّ اللهَ حَيٌّ لَا
يَمُوْتُ ۔ قَالَ اللهُ وَمَا مُحَمَّدٌ اِلَّا رَسُوْلٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۔ اِلَى الشَّاكِرِيْنَ ۔
وَقَالَ وَاللهِ كَاَنَّ النَّاسَ لَمْ يَعْلَمُوْا اَنَّ اللهَ اَنْزَلَ هٰذِهِ الْاٰيَةَ حَتّٰى تَلَاهَا اَبُوْ بَكْرٍ
فَتَلَقَّاهَا مِنْهُ النَّاسُ كُلُّهُمْ فَمَا اَسْمَعُ بَشَرًا مِنَ النَّاسِ اِلَّا يَتْلُوْهَا اَنَّ عُمَرًا قَالَ
وَاللهِ مَا هُوَ اِلَّا اَنْ سَمِعْتُ اَبَا بَكْرٍ تَلَاهَا فَعَقِرْتُ حَتّٰى مَا يُقِلُّنِيْ رِجْلَايَ وَحَتّٰى
اَهْوَيْتُ اِلَى الْاَرْضِ حَتّٰى سَمِعْتُهُ تَلَاهَا اَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَدْ مَاتَ

ഇതിന്റെ തർജമ ഇപ്രകാരമാണ്. ഇബ്നു അബ്ബാസ്(റ)നിവേദനം നബി(സ)തിരുമേനിയുടെ വഫാത്ത് ദിവസം അബൂബക്ർ(റ)വന്നു. അവിടെ അപ്പോൾ ഉമർ(റ) ആളുകളോടു എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി വഫാത്തായിട്ടില്ല. ജീവിച്ചിരിപ്പുണ്ട് എന്നും പറയുന്നുണ്ടായിരുന്നു. അബൂബക്ർ ഉമറിനോടു ഇരിക്കാൻ പറഞ്ഞു. എന്നാൽ, ഉമർ അതിനു തയ്യാറായില്ല. ആളുകൾ അബൂബക്റിനു നേരെ ശ്രദ്ധ തിരിച്ചുകൊണ്ട് ഉമറിനെ വിട്ടു കളഞ്ഞു. ഹദ്റത്ത് അബൂബക്ർ ഹംദും സ്വലാത്തും ചൊല്ലിയശേഷം പറഞ്ഞു: നിങ്ങളിൽ മുഹമ്മദിനെ ആരാധിക്കുന്നവർ മനസ്സിലാക്കിക്കൊള്ളുക. നിശ്ചയമായും മുഹമ്മദ് മരിച്ചുപോയിരിക്കന്നു. എന്നാൽ, നിങ്ങളിൽ അല്ലാഹുവിനെ ആരാധിക്കുന്നവർ മനസ്സിലാക്കുക അല്ലാഹു ജീവനോടെയുണ്ട്. അവന് മരണമില്ല. നബി(സ)തിരുമേനി മരിച്ചതിന്റെ തെളിവ് ഇതാണ്. അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു, മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.ഹദ്റത്ത് അബൂബക്ർ, അശ്ശാക്കിരീൻവരെയുള്ള ആയത്ത് ഓതി കേൾപിച്ചു. തുടർന്ന് അദ്ദേഹം എഴുതുന്നു: നിവേദകൻ പറയുന്നു, അല്ലാഹുവാണ! ജനങ്ങൾക്ക് ഈ ആയത്ത് അല്ലാഹു ഇറക്കിയ കാര്യത്തെ കുറിച്ച് അറിവുണ്ടായിരുന്നില്ല. അബൂബക്ർ ഓതിക്കേൾപിച്ചപ്പോഴാണ് അവർ അതിനെക്കുറിച്ച് അറിഞ്ഞതെന്ന് പ്രതീതിയാണുണ്ടായത്. അങ്ങനെ അബൂബക്റിൽനിന്ന് സ്വഹാബാക്കളെല്ലാം അതു പഠിച്ചു. ആ നേരത്ത് ഈ ആയത്ത് പാരായണം ചെയ്യാത്ത ഒരു സ്വഹാബിയോ സ്വഹാബിയല്ലാത്തവരോ ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: അല്ലാഹുവാണ! ഞാൻ ഈ ആയത്ത് അബൂബക്റിൽനിന്നാണ് ആദ്യമായി കേട്ടത്. നബി(സ)തിരുമേനി മരിച്ചുവെന്ന് കേട്ടതും, എനിക്ക് ബോധക്ഷയവും ഹൃദയം മുറിഞ്ഞ അവസ്ഥയും ഉണ്ടായി. എന്റെ കാലുകൾക്ക് എന്നെ താങ്ങി നിറുത്താനായില്ല. ഈ ആയത്തു കേട്ടതും ഞാൻ കുഴഞ്ഞു നിലത്തുവീണു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇവിടെ ബുഖാരിയുടെ വ്യാഖ്യാനമായ ഖസ്ത്വലാനിയിൽ ഈ വാക്യമാണുള്ളത്:

وَعُمَرُ بْنُ الْخَطَّابِ يُكَلِّمُ النَّاسَ يَقُوْلُ لَهُمْ مَا مَاتَ رَسُوْلُ اللهِ وَلَا يَمُوْتُ حَتّٰى
يَقْتُلَ الْمُنَافِقِيْنَ

അതായത് ഹദ്റത്ത് ഉമർ(റ) ആളുകളുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. നബി(സ) തിരുമേനി വഫാത്തായിട്ടില്ലെന്ന് പറയുന്നുണ്ടായിരുന്നു. മുനാഫിഖീങ്ങളെ വധിക്കാത്തിടത്തോളം അവിടന്ന് വഫാത്താകുകയില്ല.” പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: **ശഹ്ർസ്താനിയിലെ മിലൽ വ നഹ്‌ലിൽ** ഈ സംഭവ

ത്തെ കുറിച്ച് ഒരു വാക്യമുണ്ട്.

قَالَ عُمَرُ بْنُ الْخَطَّابِ مَنْ قَالَ اَنَّ مُحَمَّدًا مَاتَ فَقَتَلْتُهُ بِسَيْفِيْ هٰذَا ۔ وَاِنَّمَا رُفِعَ اِلَى السَّمَآءِ كَمَا رُفِعَ عِيْسَى ابْنُ مَرْيَمَ عَلَيْهِ السَّلَامَ وَقَالَ اَبُوْبَكْرٍ بْنُ قُحَافَةَ مَنْ كَانَ يَعْبُدُ مُحَمَّدًا فَاِنَّ مُحَمَّدًا قَدْ مَاتَ وَمَنْ كَانَ يَعْبُدُ اِلٰهَ مُحَمَّدٍ فَاِنَّهٗ حَيٌّ لَا يَمُوْتُ وَقَرَءَ هٰذِهِ الْاٰيَةَ وَمَا مُحَمَّدٌ اِلَّا رَسُوْلٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ اَفَائِنْ مَّاتَ اَوْ قُتِلَ انْقَلَبْتُمْ عَلٰٓى اَعْقَابِكُمْ (آل عمران:145) فَرَجَعَ الْقَوْمُ اِلٰى قَوْلِهٖ۔

ഇതിന്റെ തർജമ ഇപ്രകാരമാണ്: ഹദ്റത്ത് ഉമറുബ്നുൽഖത്ത്വാബ് പറഞ്ഞു: നബി(സ) തിരുമേനി വഫാത്തായിരിക്കുന്നുവെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അവനെ ഈ വാളുകൊണ്ട് വധിക്കുന്നതാണ്. അവിടന്ന് ഈസ്ബ്നുമർയം ഉയർത്തപ്പെട്ടതുപോലെ ആകാശത്തേക്ക് ഉയർത്തപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: മുഹമ്മദിനെ ആരാധിക്കുന്നവർ അറിയുക. നബി(സ)തിരുമേനി മരണപ്പെട്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിനെ ആരാധിക്കുന്നവർ അറിയുക. അവൻ ജീവിച്ചിരിപ്പുണ്ട്. മരിക്കുന്നതല്ല. അല്ലാഹുവിന് മാത്രമാണ് എന്നെന്നും ജീവിച്ചിരിക്കുന്ന അവസ്ഥയുള്ളത്. മറ്റെല്ലാ ജീവജാലങ്ങളും മനുഷ്യരും മൃഗങ്ങളുമെല്ലാം മരണപ്പെടുന്നതാണ്. അവർക്ക് ശാശ്വതമായ ജീവിതമുണ്ടെന്ന് ചിന്ത ഉണ്ടാകുന്നതിനുമുമ്പേ അവർ മരണപ്പെടുന്നതാണ്. ഹദ്റത്ത് അബൂബക്ർ ഒരു ഖുർആനിക വചനമോതി. അതിന്റെ അർഥം ഇപ്രകാരമാണ്. മുഹമ്മദ്(സ) പ്രവാചകനാണ്. അദ്ദേഹത്തിന് മുമ്പേ വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരും കാലഗതി പ്രാപിച്ചു. അതുകൊണ്ട് മുഹമ്മദ് മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ മതപരിത്യാഗികളാകുമോ? ഈ ആയത്ത് കേട്ടപ്പോൾ ജനങ്ങൾ തങ്ങളുടെ അത്തരം ചിന്താഗതിയിൽ നിന്ന് മാനസാന്തരപ്പെട്ടു. ഇനി ചിന്തിക്കുക, ഹദ്റത്ത് അബൂബക്ർ ഈ ആയത്തു മുഖേന എല്ലാ പ്രവാചകന്മാരും മരണപ്പെട്ടുവെന്ന് സിദ്ധിച്ചില്ലെങ്കിൽ അതുപോലെ ആ തെളിവ് പ്രമാണബദ്ധവും പ്രസ്പഷ്ടവുമായിരുന്നെങ്കിൽ അവിടെ ഉണ്ടായിരുന്നതെന്ന് പറയപ്പെട്ട ലക്ഷത്തിലധികം സ്വഹാബത്ത് വെറും ഊഹവും ഭാവനയും സംശയാസ്പദവുമെന്ന് കണക്കാക്കാവുന്ന ഒരു കാര്യത്തെ എന്തുകൊണ്ട് അംഗീകരിച്ചു. എന്തുകൊണ്ട് അവർ, മഹാത്മാവേ!അങ്ങയുടെ ഈ തെളിവ് അപൂർണമാണെന്നും ആധികാരികവും പ്രാമാണികവുമായ ഒന്നും അതിന് ഉപോൽബലകമായിട്ടില്ലെന്നുമുള്ള എതിർവാദം ഉന്നയിച്ചില്ലേ? അതുപോലെ رَافِعُكَ اِلَيَّ എന്ന ഖുർആനിക വചനത്തിൽ യേശു മിശിഹ بِجِسْمِهِ الْعُنْصُرِي സ്ഥൂലശരീരത്തോടെ വാനലോകത്തിൽ ഉയർത്തപ്പെട്ടുവെന്ന് വന്നിട്ടുളളതായി താങ്കൾക്കറിയില്ലേ? അതുപോലെ بَلْ رَفَعَهُ اللّٰهُ اِلَيْهِ എന്ന് താങ്കൾ കേട്ടിട്ടില്ലേ? അപ്പോൾപ്പിന്നെ നബി(സ) തിരുമേനി ആകാശത്തിൽ ഉയർന്നുപോയതിനെ താങ്കൾ എന്തിനാണ് അന്യാരാധനയായി കണക്കാക്കുന്നത്. ഇങ്ങനെയൊക്കെ പറഞ്ഞ് അവർ തർക്കിക്കാതിരുന്നതെന്തേ? എന്നാൽ, ഖുർആനിക യുക്തി അറിയുന്ന സ്വഹാബത്ത് 'ഖലത്ത്' എന്ന പദത്തിന്റെ വ്യാഖ്യാനമായി തുടർന്നുള്ള അഫഇൻമ്മാത്ത ഔ ഖുതില എന്നതു മനസിലാക്കുകയും ഉടനെ തങ്ങളുടെ ചിന്താഗതി ഒഴിവാക്കുകയും ചെയ്തു. എന്നാൽ, അതോടൊപ്പം നബി(സ)തിരുമേനിയുടെ മരണം കാരണത്താൽ അവരുടെ ഹൃദയം ദുഃഖാർത്തമാകുകയും തുണ്ടംതുണ്ടമാകുകയും അവർക്ക് വീർപുമുട്ടുണ്ടാകുകയും ചെയ്തു. ഹദ്റത്ത് ഉമർ പറഞ്ഞു: ഈ ആയത്ത് കേട്ടപ്പോൾ എന്റെ സ്ഥിതി എന്തായിരുന്നുവെന്നാൽ എന്റെ കാലുകൾക്ക് എന്റെ ശരീരത്തെ താങ്ങിനിറുത്താൻ കഴിഞ്ഞില്ല. ഞാൻ കുഴഞ്ഞ് നിലത്തുവീണു. സുബ്ഹാനല്ലാഹ് അവർ എത്രത്തോളം സൗഭാഗ്യവാന്മാരും വിശുദ്ധ ഖുർആനിൽ അവഗാഹം നേടിയവരുമായിരുന്നു. ആയത്തിൽ പര്യാലോചനനടത്തുകയും എല്ലാ മുൻ കടന്ന പ്രവാചകന്മാരും മരിച്ചുപോയിരിക്കുന്നുവെന്നും ഗ്രഹിക്കുകയും ചെയ്തു. അപ്പോൾ ദുഃഖഭരിതരായി കരയുകയല്ലാതെ അവർ മറ്റൊന്നും പറഞ്ഞില്ല.*(തുഹ്ഫയെ ഗസ്നവിയ്യ, റൂഹാനീഖസാഇൻ വാള്യം 15, പേജ് 579-583)*

മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ആരാണോ ഹദ്റത്ത് സയ്യിദുനാ മുഹമ്മദ് മുസ്തഫാ(സ)യെ സംബന്ധിച്ച്, അദ്ദേഹം മരിച്ചുവെന്ന് പറയുന്നത് ഞാൻ അവനെ എന്റെ ഈ വളുകൊണ്ട് വധിക്കുന്നതായിരിക്കും എന്ന ഹദ്റത്ത് ഉമർ(റ)ന്റെ പറച്ചിലിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഉമറിന് എന്തോ കാരണത്താൽ നബി(സ)തിരുമേനിയുടെ ജീവിതത്തിൽ തെറ്റുധാരണാപരമായ എന്തോ സംഭവിച്ചിട്ടുണ്ടെന്നാണ്. അദ്ദേഹം നബി(സ)തിരുമേനി വഫാത്തായി എന്നവാക്യത്തെ **കുഫ്റും**(അവിശ്വാസവും)**ഇർത്തിദാദും**(മതപരിത്യാഗം)ആയി മനസ്സിലാക്കിയിരുന്നു. അതായത് കാഫിറാക്കുകയും മുർത്തദ്ദാക്കുകയും ചെയ്യുന്ന ഒരു വചനമായി അദ്ദേഹം കരുതിയിരുന്നു. അല്ലാഹു ഹദ്റത്ത് അബൂബക്റിന് ആയിരമായിരം സൽഫലം നല്കുമാറാകട്ടെ. അദ്ദേഹം വളരെ പെട്ടെന്ന് ആ ഫിത്നയെ വിപാടനം ചെയ്തു. അദ്ദേഹം ഖുർആനിക വചനമുദ്ധരിച്ചുകൊണ്ട് എല്ലാ മുൻ പ്രവാചകന്മാരും മരണപ്പെട്ടെന്ന് പറഞ്ഞു. അദ്ദേഹം മുസയ്‌ലിമ കദ്ദാബിനേയും അസ്‌വദ് അൻസി തുടങ്ങിയവരേയും വധിച്ചതുപോലെ. യഥാർഥത്തിൽ ഈ വ്യാഖ്യാനം കൊണ്ടും 'ഫയ്ജ് അഅ്‌വജി'ലെ(കളവിന്റെ കാലഘട്ടം)ധാരാളം കള്ളവാദികളെ എല്ലാ സ്വഹാബാക്കളുടേയും ഇജ്മാഅ്(അഭിപ്രായ ഐക്യം) ഐകകണ്ഠ്യേനയുള്ള തീരുമാനംകൊണ്ട് വധിക്കുകയുണ്ടായി. ഏതുപോലെ വ്യാജവാദികൾ വധിക്കപ്പെട്ടുവോ അതുപോലെ വ്യാജമായ ഈ കാഴ്ചപ്പാടിനും അന്ത്യം കുറിക്കപ്പെട്ടു. അങ്ങനെ അവർ നാലു വ്യാജവാദികളെയല്ല മറിച്ച് അഞ്ചുപേരെ വധിച്ചു. എന്നിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹുവേ! അദ്ദേഹത്തിനുമേൽ കോടാനുകോടി കാരുണ്യങ്ങൾ ഇറക്കേണമേ. ഇവിടെ 'ഖലത്ത്' എന്ന വാക്കിന്നർഥം ചില പ്രവാചകന്മാർ ജീവനോടെ ആകാശത്തുചെന്ന് ഇരിക്കുന്നു എന്നു വരികയാണെങ്കിൽ അപ്പോൾ ഹദ്റത്ത് ഉമറിന്റെ പക്ഷത്താണ് ശരിയുള്ളതെന്ന് വരും. ആ ആയത്ത് അദ്ദേഹത്തിന്റെ വാദത്തിന് ക്ഷതമേല്പിക്കുന്നതിനു പകരം അതിനെ പ്രബലപ്പെടുത്തുന്നതായി മാറുന്നതാണ്. എന്നാൽ, ഈ വചനത്തിലുള്ള അടുത്ത വചനമായ

اَفَائِنْ مَّاتَ اَوْ قُتِلَ

(3:145) എന്നത് അതിന്റെ വ്യാഖ്യാനമാണ്. അതിലാണ് ഹദ്റത്ത് അബൂബക്റിന്റെ ദൃഷ്ടി പതിഞ്ഞത്. അതിൽനിന്ന് കാര്യം വ്യക്തമാണ്. എന്നാൽ, കടന്നുപോയതിനെ ജീവനോടെയോ മരണപ്പെട്ടോ കടന്നുപോയെന്ന് അർഥം വിക്ഷിതമായി നല്കുന്നത് വഞ്ചനാപരവും ദുർവ്യാഖ്യാനവും ദൈവയുക്തിക്ക് കടകവിരുദ്ധവും ഒരു വലിയ കറ്റുകെട്ടുമാണ്. ഇത്തരത്തിൽ ബോധപൂർവം കറ്റുകെട്ടിയുണ്ടാക്കുന്നവർ വിധിനാളിനെ ഭയക്കാതെ അല്ലാഹുവിന്റെ വ്യാഖ്യാനത്തിന് എതിരായ അർഥകല്പന നടത്തുന്നവരും നിശ്ചയമായും നിത്യശാപത്തിന് വിധേയരായിത്തീരുന്നതാണ്. എന്നാൽ, ഹദ്റത്ത് ഉമറിന് അതുവരെ ആ ആയത്തിനെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. അതുപോലെ മറ്റു സ്വഹാബത്തും തെറ്റായധാരണയിൽ അകപ്പെട്ടിരിക്കുകയായിരുന്നു. മനുഷ്യസഹജമായ ബലഹീനതയായ അബദ്ധത്തിലും വിസ്മൃതിയിലുമായിരുന്നു അവരുണ്ടായിരുന്നത്. അവർ ധരിച്ചിരുന്നത് ഇപ്പോഴും ചില പ്രവാചകന്മാർ ജീവിച്ചിരിപ്പുണ്ട് അവർ ലോകത്ത് വീണ്ടും വരുമെന്നാണ്. അതുകൊണ്ട് അപ്രകാരം എന്തുകൊണ്ട് നബി(സ)തിരുമേനിയും അതേഗണത്തിൽപ്പെടുകയില്ല എന്ന് അവർ കരുതി. എന്നാൽ, ഹദ്റത്ത് അബൂബക്ർ ആയത്ത് മുഴുവനായും

اَفَائِنْ مَّاتَ اَوْ قُتِلَ

അടക്കം കേൾപ്പിച്ചപ്പോൾ അവരുടെ മനസ്സിൽ അക്കാര്യ അരക്കിട്ടുറപ്പിച്ചതുപോലെയായി. അതായത് ഖലത്ത് എന്നതിന്റെ വിവക്ഷിതം രണ്ടു തരത്തിൽമാത്രം പരിമിതമാണ്. ഒന്ന് സ്വാഭാവിക മരണം. രണ്ട് കൊലചെയ്യപ്പെടൽ. അപ്പോൾ എതിർ അഭിപ്രായമുള്ളവർ തങ്ങളുടെ തെറ്റു സമ്മതിച്ചു. അങ്ങനെ മുമ്പേവന്ന എല്ലാ പ്രവാചകന്മാരും മരണപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിൽ എല്ലാ സ്വഹാബാക്കളും ഏകാഭിപ്രായക്കാരായി. اَفَائِنْ مَّاتَ اَوْ قُتِلَ എന്ന വാക്യം വലുതായി അവരെ സ്വാധീനിച്ചു. എല്ലാവരും തങ്ങളുടെ എതിർചിന്തകളെ فَالْحَمْدُ لِلّٰهِ عَلٰى ذٰلِكَ കൈവെടിഞ്ഞു.' *(തുഹ്ഫയെ ഗസ്നവിയ്യ, റൂഹാനീഖസാഇൻ വാള്യം 15, പേജ് 581-582 അടിക്കുറിപ്പ്)*

ഇക്കാര്യം തുഹ്ഫയെ ഗസ്നവിയ്യായിലാണ് അദ്ദേഹം വിവരിച്ചത്. മറ്റൊരിടത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു: 'നബി(സ)തിരുമേനി വഫാത്തായപ്പോൾ എല്ലാ സ്വഹാബത്തും സാക്ഷ്യം വഹിച്ചത് എല്ലാ പ്രവാചകന്മാരും മരണപ്പെട്ടിരിക്കുന്നു എന്നതിലായിരുന്നു. ഹദ്റത്ത് ഉമർ(റ) നബി(സ)തിരുമേനി യെ കുറിച്ച് അവിടന്ന് മരിച്ചിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഉടവാൾ ഊരിപ്പിടിച്ച് നില്ക്കുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)അവിടെ വന്ന് ഒരു പ്രഭാഷണം നടത്തുന്നു.

مَا مُحَمَّدٌ اِلَّا رَسُوْلٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ

ആ നേരം അവിടെ ഒരു ഖിയാമത്തുന്നാളിന്റെ പ്രതീതി ഉളവാക്കിയിരുന്നു. നബി(സ)തിരുമേനി ഇഹലോകവാസം വെടിഞ്ഞിരിക്കുകയാണ്. മുഴുവൻ സ്വഹാബത്തും അവിടെ സമ്മേളിച്ചിരിക്കുന്നു. ഉസാമയുടെ സൈന്യം പുറപ്പെട്ടുപോലുമുണ്ടായിരുന്നില്ല. ഹദ്റത്ത് ഉമർ പറഞ്ഞതു കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ, നബി(സ)തിരുമേനി വഫാത്തായിരിക്കുന്നുവെന്ന് പറഞ്ഞു. തന്റെ വാദം സമർഥിക്കുന്നതിന് مَا مُحَمَّدٌ اِلَّا رَسُوْلٌ എന്ന തെളിവു സമർപ്പിക്കുന്നു. എന്നാൽ, എന്നിട്ടും ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്ന് സ്വഹാബത്ത് ചിന്തിച്ചിരുന്നെങ്കിൽ അവരത് അപ്പോൾ പറഞ്ഞേനെ. എന്നാൽ, ആരും ഒന്നും മിണ്ടിയില്ല. ആ ആയത്ത് അന്നു ഇറങ്ങിയതുപോലെ അവർ കടകമ്പോളങ്ങളിലൂടെ ഉരുവിട്ട് നടക്കുന്നുണ്ടായിരുന്നു. **മആദല്ലാഹ്** സ്വഹാബത്ത് മുനാഫിഖായിരുന്നില്ല. ഹദ്റത്ത് അബൂബക്റിനോടുള്ള ആദരയുക്തമായ ഭയത്താൽ സ്വഹാബത്ത് നിശബ്ദരാവുകയായിരുന്നു. ഹദ്റത്ത് അബൂബക്റിനെ ഖണ്ഡിച്ചില്ല. അല്ല യഥാർഥ കാര്യം ഹദ്റത്ത് അബൂബക്ർ വിവരിച്ചതായിരുന്നു. അതുകൊണ്ട് എല്ലാവരും കഴുത്ത് കുനിച്ചു. ഇതാണ് സ്വഹാബത്തിന്റെ ഇജ്മാഅ്. ഹദ്റത്ത് ഉമറും പറഞ്ഞിരുന്നത് നബി(സ)തിരുമേനി വീണ്ടും വരുമെന്നായിരുന്നു. ഈ തെളിവ് പൂർണമായിരുന്നില്ലെങ്കിൽ (ഒരു തരത്തിലുള്ള ഒഴികഴിവുമില്ലാത്തപ്പോഴാണ് പൂർണമാകുന്നത്.കാരണം ഹദ്റത്ത് ഈസാ (അ)ജീവനോടു ആകാശത്ത് പോകുകയും പിന്നീട് അദ്ദേഹം വരികയും ചെയ്യുമ്പോൾ അതൊരു പരിഹാസമായിരിക്കും) ഉമർ തന്നെയും ഖണ്ഡിക്കുമായിരുന്നു.
*(മൽഫൂദാത്ത് വാള്യം1, പേജ് 440-441)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പലയാവർത്തി ഈ സംഭവം പലയിടത്തും വിവരിച്ചിട്ടുണ്ട്. ഇത്തരം വിവിധ സന്ദർഭങ്ങൾ ഞാനിവിടെ ഉദ്ധരിച്ചത് ഹദ്റത്ത് ഈസായെ ജീവനോടെ ആ

കാശത്തുള്ളതായി കണക്കാക്കുന്നവരുടെ മസ്തിഷ്കത്തിൽനിന്ന് ആ സങ്കല്പത്തെ ഇല്ലാതാക്കാനാണ്. ഒരു മനുഷ്യനും ജീവനോടെ ആകാശത്തേക്ക് പോയിട്ടില്ല. അങ്ങനെയൊന്ന് സാധ്യവുമല്ല. അതുപോലെ ഹദ്റത്ത് ഈസായും വഫാത്തായിപോയിരിക്കുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം. അദ്ദേഹം പറഞ്ഞു:ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഞാനെന്തോ കാര്യത്തിന് അദ്ദേഹത്തോടൊപ്പം പോകുകുയായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ ചാട്ടവാറുണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാനല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. അദ്ദേഹം സ്വയമേവ സംസാരിച്ചുകൊണ്ടിരിക്കുകയും തന്റെ കാലിന്റെ പിറകുവശത്ത് ചാട്ടവാർ കൊണ്ടടിക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പെട്ടെന്ന് എന്റെ നേരെ തിരിഞ്ഞുകൊണ്ടു ചോദിച്ചു: ഇബ്നു അബ്ബാസേ! അന്ന് ഞാൻ അങ്ങനെ പറഞ്ഞത് എന്തിനാണെന്ന് താങ്കൾക്കറിയുമോ? അതായത് നബി(സ) തിരുമേനി മരണപ്പെട്ട ദിവസം അങ്ങനെ പറയുന്നയാളെ ഞാൻ വധിക്കുമെന്ന് പറഞ്ഞിരുന്ന കാര്യം! ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'അമീറുൽമുഅ്മിനീൻ എനിക്കറിയില്ല. അങ്ങയ്ക്കുതന്നെയല്ലേ അത് അറിയുക.' അതായത് ഹദ്റത്ത് ഉമറിനോടു ഹദ്റത്ത് ഇബ്നുഅബ്ബാസ് പറഞ്ഞു. അക്കാര്യം താങ്കൾക്കാണ് അറിയുക. ഹദ്റത്ത് ഉമർ പറഞ്ഞു:അല്ലാഹുവാണ അതിനു കാരണമിതായിരുന്നു: 'ഞാൻ ഇങ്ങനെയൊരു ആയത്ത് പാരായണം ചെയ്യാറുണ്ടായിരുന്നു.

وَ كَذٰلِكَ جَعَلْنٰكُمْ اُمَّةً وَّسَطًا لِّتَكُوْنُوْا شُهَدَآءَ عَلَى النَّاسِ وَيَكُوْنَ الرَّسُوْلُ عَلَيْكُمْ شَهِيْدًا ـ البقرة:144

(മുസ്‌ലിമീങ്ങളേ! എപ്രകാരം നാം നിങ്ങൾക്ക് നേർമാർഗം കാണിച്ചു തന്നുവോ) അതേപ്രകാരം നിങ്ങളെ നാം ഒരു ഉൽകൃഷ്ട സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ മറ്റു മനുഷ്യരുടെ മേൽന്നോട്ടക്കാരാകുന്നതിനും ഈ പ്രവാചകൻ നിങ്ങളുടെ മേൽന്നോട്ടക്കാരാകുന്നതിനും വേണ്ടി. അല്ലാഹുവാണ! ഞാൻ കരുതിയിരുന്നത് നബി(സ)തിരുമേനി ഈ ഉമ്മത്തിൽ ജീവ നോടിരുന്നുകൊണ്ട് ഇവരുടെ കർമങ്ങൾക്ക് സാക്ഷിയാകുമെന്നായിരുന്നു. അക്കാരണത്താലാണ് അന്ന് ഞാൻ അത്തരത്തിൽ സംസാരിച്ചത്. *(സീറത്ത് ഇബ്നുഹിശാം, പേജ് 901, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഹദ്റത്ത് അബൂബക്റിനെ ഖലീഫയായി തിരഞ്ഞെടുത്തതിനെക്കുറിച്ച് ബുഖാരിയിൽ നിവേദനമുണ്ട്. ഇതു മുമ്പേയും വിവരിച്ചതാണ്. ഇവിടെ ഒന്നുകൂടി പറയാം. ബനൂസാഇദക്കാരുടെ ഇടയിലുള്ള ഹദ്റത്ത് സഅ്ദ്ബിൻ ഉബാദയുടെ വീട്ടിൽ അൻസ്വാർ തടിച്ചുകൂടി. എന്നിട്ട് ഒരു അമീർ ഞങ്ങളിൽനിന്നും ഒരു അമീർ നിങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടണമെന്ന് അവർ ആവശ്യപ്പെട്ടു. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹും അവരുടെ അടുത്തെത്തി. ഹദ്റത്ത് ഉമർ സംസാരിക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തോടു അപ്പോൾ സംസാരിക്കണ്ട എന്നു പറഞ്ഞു. ഹദ്റത്ത് ഉമർ(റ)പറയുമായിരുന്നു, അല്ലാഹുവാണ! ഞാനൊരു നല്ല പ്രഭാഷണം തയ്യാറാക്കിയതിനാലായിരുന്നു അവിടെ സംസാരിക്കാൻ തുടങ്ങിയത്. എനിക്കു തന്നെ അത് വളരെ ഇഷ്ടപ്പെട്ടിരുന്നു. ഹദ്റത്ത് അബൂബകറിന് അത്രത്തോളം സാധിക്കുമായിരുന്നില്ല. അങ്ങനെ അദ്ദേഹത്തിന് സംസാരിക്കാനാകില്ലെന്ന് ഞാൻ ഭയന്നിരുന്നു. എന്നാൽ, അതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) മറ്റെല്ലാവരെക്കാളും അർഥസമ്പുഷ്ടമായ നിലയിൽ മികച്ച പ്രസംഗം നടത്തി. അദ്ദേഹം പ്രസംഗത്തിന്നിടയിൽ ഇപ്രകാരം പറഞ്ഞു:'ഞങ്ങളാണ് അമീർ. നിങ്ങൾ മന്ത്രിസ്ഥാനത്തുള്ളവരാണ്. അൻസ്വാറിനോടു പറഞ്ഞു, നിങ്ങളുടെ സ്ഥാനം മന്ത്രിമാരുടേതാണ്. ഹുബാബ് ബിൻ മുൻദിർ അതു കേട്ട് പറഞ്ഞു: ഒരിക്കലുമല്ല. അല്ലാഹുവാണ! അങ്ങനെയല്ല. ഞങ്ങൾക്കിടയിൽ ഒരു അമീറും നിങ്ങൾക്കിടയിൽ ഒരു അമീറും നിശ്ചയിക്കപ്പെടണം. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ഒരിക്കലുമല്ല. അമീർ ഞങ്ങളുടെ കൂട്ടത്തിൽനിന്നും മന്ത്രിമാർ നിങ്ങളുടെ കൂട്ടത്തിൽനിന്നുമായിരിക്കുമുണ്ടാകുക. എന്തെന്നാൽ ഖുറയ്ശികൾ കുലമഹിമകാരണത്താൽ മറ്റു അറബികളെക്കാൾ ഉന്നതരാണ്. അതുപോലെ പാരമ്പര്യം നോക്കുകയാണെങ്കിൽ പുരാതന അറബികളും അവരാണ്. അതുകൊണ്ട് ഉമറിനോ അബൂഉബയ്ദയ്ക്കോ ബയ്അത്ത് ചെയ്യുക. ഹദ്റത്ത് ഉമർ അപ്പോൾ പറഞ്ഞു: ഇല്ല. ഹദ്റത്ത് അബൂബക്റിനെ നോക്കിപ്പറഞ്ഞു:ഞങ്ങൾ താങ്കൾക്കു ബയ്അത്തു ചെയ്യുന്നതായിരിക്കും. കാരണം താങ്കളാണ് ഞങ്ങളുടെ നേതാവ്. ഞങ്ങളിൽ ശ്രേഷ്ഠൻ താങ്കളാണ്. ഞങ്ങളിൽ നബി(സ)തിരുമേനിക്ക് താങ്കളാണ് ഏറ്റവും പ്രിയങ്കരൻ. ഇത്രയും പറഞ്ഞ് ഹദ്റത്ത് ഉമർ അബൂബക്റിന്റെ കൈപിടിക്കുകയും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുകയും ചെയ്തു. ജനങ്ങളും അപ്പോൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബിന്നബിയ്യി(സ), ഹദീഥ് നമ്പർ 3668)*

ഹദ്റത്ത് ഉമർ അബൂബക്റിന്റെ കൈപിടിച്ചുകൊണ്ട് ഞങ്ങളുടെ ബയ്അത്ത് താങ്കൾ സ്വീകരിക്കണമെന്ന് പറഞ്ഞ് അദ്ദേഹത്തിന് ഹദ്റത്ത് ഉമർ ബയ്അത്ത് ചെയ്തു. എന്നിട്ട് പറഞ്ഞു, അല്ലയോ അബൂബക്ർ! നബി(സ)തിരുമേനി താങ്കൾക്ക് ഉത്തരവു നല്കിയത് താങ്കൾ നമസ്കാരത്തിന് നേതൃത്വം വഹിക്കണമെന്നാണ്. അതുകൊണ്ട് താങ്കൾത്തന്നെയാണ് അല്ലാഹുവിന്റെ ഖലീഫ. മാത്രമല്ല ഞങ്ങളിൽ താങ്കൾ നബി(സ)തിരുമേനിക്ക് ഏറ്റവും പ്രിയപ്പെട്ടവനായതുകൊണ്ടാണ് ഞങ്ങൾ ബയ്അത്ത് ചെയ്യുന്നത്.

സീറത്ത് ഇബ്നുഹിശാമിൽ മുർത്തദ്ദായിപ്പോയവരുടെ ഫിത്നകളെക്കുറിച്ച് വന്നിട്ടുണ്ട്. നബി(സ)തിരുമേനി വഫാത്തായപ്പോൾ മുസ്‌ലിമീങ്ങളുടെ കഷ്ടതകൾ വർധിച്ചു. ഇബ്നുഇസ്ഹാഖ് പറയുന്നു; ഹദ്റത്ത് ആഇശായിൽനിന്ന് ഈ നിവേദനം എനിക്കെത്തി. അവർ പറയുന്നു: 'നബി(സ)തിരുമേനി വഫാത്തായപ്പോൾ അറബികൾ മുർത്തദ്ദായി. ജൂതന്മാരും നസ്റാണികളും എഴുന്നേറ്റുനിന്നു. കപടത വെളിപ്പെട്ടു. '*(സീറത്ത് ഇബ്നുഹിശാം പേജ് 903, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ)തിരുമേനി വഫാത്തായ ശേഷം ഹദ്റത്ത് അബൂബക്ർ ഖലീഫ അഥവാ ഭരണാധികാരിയായി. അറബികളിൽനിന്ന് അമുസ്‌ലിമാകാൻ ഉദേശിച്ചവർ അമുസ്‌ലിമായി. അപ്പോൾ അദ്ദേഹം അവരോടു യുദ്ധം ചെയ്യാൻ തീരുമാനിച്ചു. ഹദ്റത്ത് ഉമർ ചേദിച്ചു: **ലാഇലാഹ ഇല്ലല്ലാഹ്** എന്നു പ്രഖ്യാപിക്കുന്നതുവരെ യുദ്ധം ചെയ്യാനാണ് എന്നോടു കല്പിച്ചിട്ടുള്ളതെന്ന് നബി(സ)തിരുമേനി പ്രഖ്യാപിച്ചിരിക്കെ താങ്കൾ എങ്ങനെ ഇവരോടു യുദ്ധം ചെയ്യും.? ഇതു വല്ലവനും പറഞ്ഞാൽ എന്റെ ആക്രമണത്തിൽനിന്ന് തന്റെ ജീവനേയും സ്വത്തിനേയും അവർ സംരക്ഷിച്ചു കഴിഞ്ഞു; അവകാശത്തിന്നൊഴികെ. അവന്റെ പ്രവർത്തനങ്ങളുടെ കണക്ക് നോക്കാനുള്ള ചുമതല അല്ലാഹുവിലാണിരിക്കുന്നതെന്നും നബി(സ)തിരുമേനി പ്രസ്താത്തിച്ചിട്ടില്ലേ? അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: അല്ലാഹുവാണ! നമസ്കാരത്തിനും സക്കാത്തിനുമിടയിൽ വ്യത്യാസം കല്പിച്ചവരുമായി ഞാൻ യുദ്ധം ചെയ്യുകതന്നെ ചെയ്യും. സക്കാത്ത് നിശ്ചയം സ്വത്തിലുള്ള ബാധ്യതയാണ്. അല്ലാഹുവാണ! അവർ നബിക്ക് കൊടുക്കാറുണ്ടായിരുന്ന ഒട്ടകത്തിന്റെ കടിഞ്ഞാനാണെങ്കിലും എനിക്കു തരാൻ വിസമ്മതിച്ചാൽ അതിന്റെ പേരിൽ ഞാൻ അവരോടു യുദ്ധം ചെയ്യുകതന്നെ ചെയ്യും. ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹുവാണ! യുദ്ധനടപടികൾ സ്വീകരിക്കുന്നതിലേക്ക് അബൂബക്റിന്റെ ഹൃദയത്തെ അല്ലാഹു തുറന്നു വിട്ടതുതന്നെയാണെ ന്നും ആ നടപടി തികച്ചും ശരിയാണെന്നും എനിക്കിപ്പോൾ ബോധ്യമായി. *(സ്വഹീഹുൽബുഖാരി, കിതാബു അൽഇഅ്തിസ്വാം ബിൽകിതാബി വ സുന്നത്തി, ഹദീഥ് നമ്പർ 7284,7285)*

ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റെ സൈന്യം പുറപ്പെടുന്ന സമയത്ത് ഹദറത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉസാമയ്ക്ക് ചില നിർദേശങ്ങൾ നല്കിയിരുന്നു. ഹദ്റത്ത് ഉസാമ ഒട്ടകപ്പുറത്ത് യാത്രയാകുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോടൊപ്പം നടന്നു നീങ്ങി. ഹദ്റത്ത് ഉസാമ പറഞ്ഞു: അങ്ങും യാത്രാവാഹനത്തിൽ കയറിയാലും. ഇല്ലെങ്കിൽ ഞാനും താഴെ ഇറങ്ങുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു: താങ്കൾ താഴെ ഇറങ്ങരുത്. അല്ലാഹുവാണ! ഞാൻ വാഹനത്തിൽ യാത്ര ചെയ്യുന്നതല്ല. എന്റെ കാലുകളിൽ അല്ലാഹുവിന്റെ മാർഗത്തിൽ പൊടിപറ്റുന്നതിൽ എനിക്ക് നന്മയാണുള്ളത്. കാരണം യോദ്ധാവിന്റെ എല്ലാ ചുവടുവെയ്പിലും അവന് 700 നന്മകൾ രേഖപ്പെടുത്തുകയും 700 പദവികൾ ഉയർത്തപ്പെടുകയും 700 പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യുന്നതായിരിക്കും. ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉസാമയ്ക്കുവേണ്ട നിർദേശങ്ങൾ നല്കിയശേഷം ഇപ്രകാരം പറഞ്ഞു: 'താങ്കൾ ഉചിതമെന്ന് മനസ്സിലക്കുന്നുവെങ്കിൽ ഹദ്റത്ത് ഉമർ മുഖേന എന്നെ സാഹിയിക്കുക. അ

(ശേഷം പേജ് 11 ൽ)

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** *(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

## 2019 സെപ്റ്റംബർ 30 (തിങ്കളാഴ്ച) (തുടർച്ച)

**വാഖിഫാനെനൗന്റെ ക്ലാസ് ഹുദൂറിനോടൊപ്പം**

07.00 മണിക്ക് ഹുദൂറിനോടൊത്തുളള വാഖിഫീനെ നൗ കുട്ടികളുടെ ക്ലാസ് ആരംഭിച്ചു. അസീസം അലി ശഹ്ർ യാറിന്റെ തിലാവത്തിനു ശേഷം അസീസം ത്വാഹാ ശക്കീൽ  അതിന്റെ ഉർദു തർജമ കേൾപ്പിച്ചു. അസീസം നദീം അഹ്മദ് നബി(സ)തിരുമേനിയുടെ അനുഗ്വഹീത ഹദീഥ് അവതരിപ്പിച്ചു. ഇതിന്റെ ഉർദു തർജമ അസീസം മസ്റൂർ അഹ്മദ് കേൾപ്പിച്ചു.

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു പറയുന്നു: എന്റെ ദാസൻ എന്നെ നഷേധിക്കുന്നു. എന്നാൽ, അവർ അപ്രകാരം ചെയ്യാൻ പാടില്ലായിരുന്നു. അവൻ എന്നെ ചീത്ത പറയുന്നു. എന്നാൽ, അവന് അപ്രകാരം ചെയ്യാനുള്ള അവകാശം ഇല്ലായിരുന്നു. എന്നെ കളവാക്കിയതിലൂടെ അവൻ ലക്ഷ്യമിടുന്നത് അല്ലാഹു നമ്മെ വീണ്ടും ഇതേപോലെ സ്വഷ്ടിക്കില്ല എന്ന് പറയാനാണ്. എന്നെ ചീത്ത പറയുന്നതിലൂടെ അവൻ ലക്ഷ്യമിടുന്നത് അല്ലാഹു ആരെയോ തന്റെ മകനാക്കിയിരിക്കുന്നു എന്ന് പറയാനാണ്. എന്നാൽ, എന്റെ അസ്തിത്വം 'സ്വമദ്' എന്നതാണ്. അതായത് നിരാശ്രയനാണ്. എനിക്ക് ഒരു മകനുമില്ല, ഞാൻ ജാതനുമല്ല. അതായത് ഞാനാരുടേയും മകനല്ല. എനിക്ക് സമനായി മറ്റാരുമില്ല.' *(മുസ്നദ് അഹ്മദ്, ഭാഗം2, പേജ്, 317)*

ശേഷം വാഗ്ദത്ത മസീഹിന്റെ ലിഖിത ശകലം അ സീസം ഖുറം ശഹ്സാദ് അവതരിപ്പിച്ചു: 'ലോകം സ്വഷ്ടിക്കപ്പെട്ട കാലം മുതൽ ദൈവത്തെ തിരിച്ചറിയുന്നത് നബിയെ തിരിച്ചറിയുന്നതിലൂടെയാണ്. അതുകൊണ്ട് നബിയുടെ മാധ്യമത്തിലൂടെയല്ലാതെ ഏകദൈവത്തെ തിരിച്ചറിയുക എന്നത് അസംഭാവ്യമാണ്. ദൈവത്തിന്റെ രൂപം കാണുന്നതിനുള്ള കണ്ണാടിയാണ് നബി. കണ്ണാടി മുഖേന മാത്രമേ ദൈവത്തിന്റെ മുഖം ദ്വശ്വമാകുകയുള്ളൂ. അല്ലാഹു തന്റെ അസ്തിത്വത്തെ വെളിപ്പെടുത്താൻ ആഗ്രഹിക്കുമ്പോൾ തന്റെ ശക്തിവൈഭവങ്ങളുടെ പ്രകടനമായ നബിയെ ലോകത്തേക്ക് അയക്കുന്നു. തന്റെ വെളിപാട് അദ്ദേഹത്തിന് നല്കുന്നു. തന്റെ പരിപാലനത്തിന്റെ ശക്തി വിശേഷങ്ങൾ അദ്ദേഹം മുഖേന കാണിക്കുന്നു. ദൈവം ഉണ്ടെന്ന് ലോകത്തിന് അപ്പോഴാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ദൈവത്തിന്റെ സ്ഥായിയായ പുരാതന നിയമത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ തിരിച്ചറിയാൻ ഏതൊരു വ്യക്തികളുടെ അസ്തിത്വത്തെയാണോ അനിവാര്യമായും നിശ്ചയിച്ചിട്ടുള്ളത് അവരിൽ വിശ്വസിക്കുക എന്നതും ഏകദൈവ വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. ഈ വിശ്വാസത്തെ കൂടാതെ ഏകദൈവവിശ്വാസം പൂർണമാകുക സാധ്യമല്ല. നബിമാർ കാണിക്കുന്ന ദൈവികമായ അടയാളങ്ങളും ശക്തിവിശേഷം വെളിപ്പെടുത്തുന്ന അത്ഭുത ദ്വഷ്ടാന്തങ്ങളും അവരെത്തിക്കുന്ന ആത്മീയ ജ്ഞാനവും  കൂടാതെ പരിപൂർണ ദ്വഢവിശ്വാസം സ്വഷ്ടിക്കുന്ന പരിശുദ്ധമായ ഏകദൈവവിശ്വാസം ലഭിക്കുക സാധ്യമല്ല. ദൈവത്തെ പ്രാപിക്കുന്ന ഏക സമുദായവും ഇതു തന്നെയാണ്. ഇവർ മുഖേനയാണ് അതിസൂക്ഷ്മവും ഗുപ്തവും പരോക്ഷശക്തിയുമായ ദൈവത്തിന്റെ അസ്തിത്വം വെളിപ്പെടുന്നത്. ദൈവം എന്ന് നാമകരണം ചെയ്യപ്പെട്ട ആ ഗുപ്തഖനി നബിമാർ മുഖേന തന്നെയാണ് തിരിച്ചറിയപ്പെടുന്നത്. പ്രവർത്തനപരമായ നിറം പൂർണത  പ്രാപിക്കുന്ന ദൈവസവിധത്തിൽ ഏകദൈവവിശ്വാസം എന്ന് വിളിക്കപ്പെടുന്ന തൗഹീദിനെ നബിമാർ മുഖേനയല്ലാതെ പ്രാപിക്കുക സാധ്യമല്ല. ഇത് ബുദ്ധിക്ക് വിരുദ്ധമാണെന്നതുപോലെതന്നെ സൽപ്രക്യതക്കാരുടെ അനുഭവത്തിനും വിരുദ്ധമാണ്.' *(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ, വാല്യം 22, പേജ്, 115 - 116)*

തുടർന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ

**ഹംദോ ഥനാ ഉസീ കോ ജോ ദാത്ത് ജാവദാനീ**
**ഹംസർ നഹീ ഹെ ഉസ് കാ കോയി നഃ കോയി ഥാനി**

എന്ന പദ്യശകലം ആലപിച്ചു.

(നിത്യനായിരിക്കുന്ന ദൈവത്തിന് മാത്രമാണ് സകല സ്തുതിയും. അവന്ന് സമനായി മറ്റാരുമില്ല. അവനെക്കൂടാതെ രണ്ടാമതൊരാളുമില്ല.)

തുടർന്ന് ദൈവാസ്തിക്യം എന്ന വിഷയത്തെ ആസ്പദമാക്കി അസീസം നൂർ അഹ്മദ് രിളാ, ഹംസ ഇബ്തിസാം എന്നിവർ തെളിവുകളോടെ സംസാരിച്ചു. ശേഷം വാഖിഫീനെ നൗ കുട്ടികൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ ഹുദൂർ അനുമതി നല്കി.

✻ ഒരു വാഖിഫെ നൗ: അല്ലാഹു ഈ ലോകത്തെ സ്വഷ്ടിച്ചത് എന്തിനു വേണ്ടിയാണ്?

ഹുദൂർ: അല്ലാഹുവിന്റെ ഇഷ്ടമാണ്. നിങ്ങൾ കടലാസുകൊണ്ട് കപ്പൽ ഉണ്ടാക്കാറില്ലേ. നിങ്ങളുടെ ഹ്വദയം ആഗ്രഹിക്കുമ്പോൾ അത് ചെയ്യുന്നു. അല്ലാഹുവിനും അവന്റേതായ ഇഷ്ടങ്ങളുണ്ട്. അല്ലാഹു പ്രപഞ്ചങ്ങളെ സ്വഷ്ടിച്ചു. കൂടാതെ ഈ ലോകത്തേയും സ്വഷ്ടിച്ചു. ഇതിൽ മനുഷ്യരേയും സ്വഷ്ടിച്ചു. കൂടാതെ ഈ ലോകത്തെ ലക്ഷ്യകൂടാതെ സ്വഷ്ടിച്ചിട്ടില്ലെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. ഇതിന്റെ ഒരു ലക്ഷ്യം നല്ലയാളുകൾക്ക് അവരുടെ നന്മകൾക്ക് പ്രതിഫലം നൻകുക എന്നതാണ്. അവരെക്കൊണ്ട് അവൻ സന്തോഷിക്കുന്നു. അവർക്ക് പാരിതോഷികം നല്കുന്നു.ഇതിനുവേണ്ടിയാണ് ലോകത്തെ അല്ലാഹു സ്വഷ്ടിച്ചത്. തന്റെ കാര്യങ്ങൾ അംഗീകരിക്കാനും നന്മ പ്രവർത്തിക്കാനും പറഞ്ഞിരിക്കുന്ന  അല്ലാഹു അങ്ങനെ ചെയ്യുന്ന നിങ്ങൾക്ക് പ്രതിഫലം തരുമെന്നും പറഞ്ഞിരിക്കുന്നു. നിങ്ങൾ വലുതാകുനമ്പോൾ ലോകത്തെ സ്വഷ്ടിച്ചതിന്റെ കൂടുതൽ ലക്ഷ്യങ്ങൾ മനസ്സിലാകുന്നതാണ്.

✻ ഒരു വാഖിഫെ നൗ:ഹോളണ്ടിൽ നമുക്ക് അഹ്മദിയ്യത്ത് എങ്ങനെ വ്യപിപ്പിക്കാൻ സാധിക്കും?

ഹുദൂർ: നല്ല കാര്യങ്ങൾ ചെയ്യുക എന്നതാണ് നിങ്ങളുടെ പ്രവ്യത്തി. ഞങ്ങൾ അഹ്മദി മുസ്ലിമാണെന്ന് നിങ്ങൾ പറയുക. സൽകർമങ്ങൾ ചെയ്യുക. നമസ്കാരത്തിന് സമയമായാൽ ടീച്ചറോടു ചോദിച്ച് അനുമതി വാങ്ങി സ്കൂളിൽ നമസ്കരിക്കുക. നിങ്ങളെന്താണ് ചെയ്യുന്നതെന്ന് ജനങ്ങൾ  ചോദിക്കുമ്പോൾ ദൈവത്തെ ആരാധിക്കുകയാണെന്നും അഞ്ചുനേരവും നമസ്കരിക്കാറുണ്ടെന്നും പറയുക. ദൈവം ഞങ്ങളോടു കൽപിച്ചിട്ടുളളത് അവനെ ആരാധിക്കണമെന്നാണ്. സൽകർമങ്ങൾ ചെയ്യുമ്പോൾ ജനങ്ങൾ നിങ്ങളെ ആകർഷിക്കുന്നതാണ്. അതുകൊണ്ട് സൽകർമങ്ങൾ ചെയ്യുക. ആരേയും ശല്യപ്പെടുത്തരുത്. തെറ്റായ കാര്യങ്ങൾ ചെയ്യാതിരിക്കുക. അപ്പോൾ ജനങ്ങളുടെ ശ്രദ്ധയുണ്ടാകും. എത്ര നല്ല കുട്ടികളാണ്, അവർ ചെയ്യുന്നത് നല്ല നല്ല കാര്യങ്ങളാണ് എന്നവർ പറയുകയും ചെയ്യും.

പഠനത്തിലും നല്ലവരാകുക. കളിയിലും മികവ് കാണിക്കുക. അപ്പോൾ ശ്രദ്ധ നിങ്ങളിലേക്ക് തിരിയും. പിന്നീട് അഹ്മദിയ്യത്തിനെ കുറിച്ച് അറിയുമ്പോൾ, അവർ വിശ്വസിക്കുക എന്നത് അല്ലാഹുവിന്റെ ഇഷ്ടമാണ്. ഹ്വദയത്തെ തുറക്കേണ്ടത് അല്ലാഹുവാണ്. പിന്നീട് ഒരു സമയം വരും. അപ്പോൾ ജനങ്ങളുടെ ശ്രദ്ധ സ്വയം നിങ്ങളിലേക്ക് തിരിയുകയും അഹ്മദിയ്യത്ത് എന്താണെന്ന് ഒരു കുട്ടി നമ്മളോട് പറഞ്ഞിരുന്നല്ലോ എന്ന് അവർ ഓർക്കുകയും ചെയ്യും. സൽപ്രക്യതക്കാരുടെ ശ്രദ്ധ സ്വയം തന്നെ മതത്തിലേക്ക് തിരിയുന്നതാണ്. നിർബന്ധിച്ച് ഒരാളേയും അഹ്മദിയാക്കാൻ സാധ്യമല്ല. നിർബന്ധിച്ച് ഒന്നും ചെയ്യരുതെന്ന് അല്ലാഹു പറഞ്ഞിട്ടുമുണ്ട്. സൽകർമങ്ങൾ ചോയ്യുമ്പോൾ ജനങ്ങളുടെ ശ്രദ്ധ സ്വയം നിങ്ങളിലേക്ക് തിരിയുകയും തുടർന്ന് അവർ അന്വേഷണം നട ത്തുകയും പിന്നീട് എപ്പോഴെങ്കിലും അഹ്മദി ആകുകയും ചെയ്യും.

✻ ഒരു ഖാദിം: ഫ്രീ ടൈം കിട്ടുമ്പോൾ ഹുദൂർ എന്താണ് ചെയ്യാറുള്ളത്?

ഹുദൂർ: എനിക്ക് ഫ്രീ ടൈം കിട്ടാൻ വേണ്ടിയാണ് ഏറ്റവും കൂടുതൽ ഞാൻ ശ്രമിക്കാറുളളത്.

✻ ഒരു വാഖിഫെ നൗ: ലോകത്ത് ആദ്യം ഉണ്ടായത് എന്താണ്?

ഹുദൂർ: ഏറ്റവും ആദ്യം ഉണ്ടാക്കിയത് എന്താണെന്ന് അല്ലാഹുവിന്നറിയാം. അല്ലാഹു  ഭൂമിയെ സ്വഷ്ടിച്ചപ്പോൾ ഇത് വളരെയധികം ചൂടായിരുന്നു. തീഗോളമായിരുന്നു. കല്ക്കരിയായിരുന്നു. പിന്നീട് ഘട്ടംഘട്ടമായി ഇതിന്മേൽ മഴ പെയ്ത് തണുത്തു. ലോകം എന്നതുകൊണ്ട് ഈ ഭൂമിയാണ് ഉദ്ദേശമെങ്കിൽ ഇവിടെ ആദ്യം തീയായിരുന്നു. പിന്നീട് ഘട്ടംഘട്ടമായി തണുക്കുകയും ചെയ്തു. പിന്നീട് ഇതിൽ ജനവാസം വന്നു. ഇതിന്നു മുമ്പേ അല്ലാഹു എത്ര ഭൂമി സ്വഷ്ടിച്ചിട്ടുണ്ട് എന്ന് അവനു മാത്രമേ നല്ല വണ്ണം അറിയുകയുള്ളൂ. നമ്മുടെ ഈ ലോകവും ലക്ഷം കോടികൾ വർഷം പഴക്കമുളളതാണ്. ആദ്യ വസ്തു ഏതാണെന്ന ഈ ചിരപുരാതന കാര്യം ആർക്കറിയാം. എന്നാൽ, ഈ ഭൂമിയുടെ ഇന്നത്തെ രൂപത്തിനു മുമ്പേ ഇത് തീഗോളമായിരുന്നു. പിന്നീട് ഇത് ഘട്ടംഘട്ടമായി തണുക്കുകയും ഇതിൽ ജീവിതം തുടങ്ങുകയുമായിരുന്നു. ആദ്യം ബാക്ടീരിയ ഉണ്ടായി. പിന്നീട് ജീവനുള്ള വസ്തുവും തുടർന്ന് മ്വഗങ്ങളു മുണ്ടായി. ഇപ്രകാരം അല്ലാഹു പരിണാമത്തിനു വിധേയമാക്കുകയും ഈ ലോകത്തെ വാസയോഗ്വമാക്കുകയും ചെയ്തു.

✻ ഒരു വാഖിഫെ നൗ: ഏതെല്ലാം വാഖിഫീനെ നൗ കുട്ടിക്ക് വലുതായി മുറബ്ബിയാകണം. എന്നാൽ, അവരുടെ ഉള്ളിൽ മുറബ്ബി ആകണമെന്നുള്ള ആഗ്രഹമില്ലെങ്കിൽ അവർക്കെന്താണ് ചെയ്യാൻ സാധിക്കുക?

ഹുദൂർ: താൽപര്യമില്ലെങ്കിലും മുറബ്ബിയാകണമെന്ന് ആരാണ് പറഞ്ഞത്? ആരും നിർബന്ധം ചെലുത്തുന്നില്ല. നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങൾ മുറബ്ബിയാകാനും എന്നാൽ നിങ്ങൾക്ക് ഡോക്ടർ ആകാനുമാണ് താൽപര്യമെങ്കിൽ നിങ്ങൾ ഡോക്ടറായിക്കൊളളുക. എഞ്ചിനീയർ ആകാനാണ് താലൽപര്യമെങ്കിൽ എഞ്ചിനീയർ ആകുക. ലോയർ ആകാനാണ് താൽപര്യമെങ്കിൽ അതാകുക. അതല്ല മറ്റേതെങ്കിലും പ്രവ്യത്തി ചെയ്യാനാണ് താൽപര്യമെങ്കിൽ അനുമതി വാങ്ങി ചെയ്യാവുന്നതാണ് നിരവധി വാഖിഫീനെ നൗ കുട്ടികളുണ്ട്. എല്ലാവർക്കും ജാമിഅയിൽ പോകാനും സാധ്യമല്ല. പോകാറുമില്ല. മുറബ്ബിയാകണമെന്നുള്ളത് മാതാപിതാക്കളുടെ ആഗ്രഹമാണ്. എന്നാൽ ആദ്യത്തെ ചോയ്സ് നിങ്ങൾക്കാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അല്ലെങ്കിൽ നിങ്ങളുടെയടുക്കൽ ഓപ്ഷനുണ്ടെങ്കിൽ, നിങ്ങളെന്താകണമെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ നിങ്ങളുടെ ആദ്യ ഓപ്ഷൻ മുറബ്ബിയാകണം എന്നതായിരിക്കണം. തുടർന്ന് ഡോക്ടർ, അധ്യാപകർ, ഇതര വിഭാഗങ്ങളിൽ പോകാവുന്നതാണ്.

പ്രസ്തുത വാഖിഫെ നൗവിനോട് എന്താകണമെന്നാണ് ആഗ്രഹമെന്ന് ഹുദൂർ ചോദിച്ചു.

വാഖിഫെ നൗ: മുറബ്ബി ആകാനാണ് ആഗ്രഹം

ഹുദൂർ:നിങ്ങൾ മുറബ്ബിയാകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ പിന്നെന്തിന് ചിന്താകുലനാകണം? ബാക്കിയുള്ളവർ എന്താകണമെന്ന് ആഗ്രഹിച്ചാലും എന്നെ എഴുതി അറിയിക്കുക.

✻ ഒരു വാഖിഫെ നൗ: അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസനാകാൻ ഹുദൂർ ഏത് ദുആയാണ് ചെയ്ത ത്?

ഹുദൂർ: അല്ലാഹു നമ്മെക്കൊണ്ട് ത്വപ്തനാകുന്ന വിധത്തിലുള്ള ദുആയാണ് നമ്മൾ ചെയ്യേണ്ടത്. ഖലീഫയാകാനാണ് ഞാൻ ദുആ ചെയ്തത് എന്നാണ് നിങ്ങൾ വിചാരിക്കുന്നതെങ്കിൽ ഒരാളും ഇത്തരത്തിലുള്ള ദുആ ചെയ്യുകയില്ല. നന്മകൾ ചെയ്യാൻ തുണയേകേണമേ എന്നും നല്ല അഹ്മദി ആക്കേണമേ എന്നും കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നവരാക്കേണമേ എന്നും സൽകർമം ചെയ്യുന്നവരാക്കേണമേ എന്നുമൊക്കെ ദുആ ചെയ്യുക.

✻ ഒരു വാഖിഫെ നൗ: നമ്മൾ യാത്ര ചെയ്യുമ്പോൾ നമസ്കാര സമയമായാൽ ട്രൈനിലോ വണ്ടിയിലോതന്നെ നമസ്കരിക്കാറുണ്ട്. എന്നാൽ, നമുക്ക് കഅ്ബയുടെ ദിശ മന

സ്സിലാകാറില്ല?

ഹുദൂർ: നിങ്ങൾ യാത്ര ചെയ്യുമ്പോൾ അനുവാദമുള്ളതുകൊണ്ടാണ് നമസ്കരിക്കുന്നത്. നബി(സ) തിരുമേനി അതിന് അനുവാദം നല്കിയിരിക്കുന്നു. ഖിബ്‌ലയുടെ ദിശ നിങ്ങൾക്ക് അറിയില്ലെങ്കിലും നിർബന്ധിത സാഹചര്യമാണെങ്കിലും നമസ്കരിക്കുക എന്നതാണ് ഏറ്റവും അനിവാര്യമായ കാര്യം. നിങ്ങൾ അല്ലാഹുവിനെ തന്നെയാണ് ആരാധിക്കുന്നത്. നിർബന്ധ സാഹചര്യങ്ങളിൽ നിങ്ങൾക്ക് ചെയ്യാവുന്നതാണ്. ഒരു പ്രശ്നവുമില്ല. എന്നാൽ, നമസ്കാരം കൃത്യസമയത്ത് നിർവഹിക്കേണ്ടതാണ്. നമസ്കാരം ഉപേക്ഷിക്കരുത്.

❈ ഒരു വാഖിഫെ നൗ: എന്റെ കാഴ്ച ശക്തി വളരെ ദുർബലമായിരിക്കുന്നു. ഇതിനു വേണ്ടി ദുആക്കപേക്ഷിക്കുന്നു:

ഹുദൂർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. സ്വന്തം കണ്ണുകളുടെ മെഡിക്കൽ റിപ്പോർട്ട് എനിക്ക് അയച്ചുതരിക. തുടർന്ന് ഹോമിയോ മരുന്ന് കഴിക്കുക.

❈ ഒരു ഖാദിം വാഖിഫെ നൗ: എന്റെ ഒരു ക്രിസ്തീയ സ്നേഹിതനുമായി ചർച്ച നടക്കാറുണ്ട്. ഈസാ(അ)ൽ വിശ്വസിച്ചാൽ തന്നെ സ്വർഗം കിട്ടുമെന്ന് അവൻ പറയാറുണ്ട്. അതിനുള്ള ശരിയായ മറുപടി നല്കാൻ എനിക്ക് സാധിച്ചിട്ടില്ല.

ഹുദൂർ: ആദ്യം നിങ്ങൾ പറയുന്നത് തികച്ചും ശരിയാണെന്ന് അവരോട് സമ്മതിക്കുക. നിങ്ങൾ പറയുന്നത് ഹദ്റത്ത് ഈസാ(അ)യിൽ വിശ്വസിക്കാനാണ്. ഞങ്ങൾ പറയുന്നത് എല്ലാ നബിമാരിലും വിശ്വസിച്ചെങ്കിലേ സ്വർഗം ലഭിക്കൂ എന്നാണ്. ഞങ്ങൾ ഈസാ നബിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്യുന്നു. അദ്ദേഹം ദൈവത്തിന്റെ സത്യസന്ധനായ നബിയാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. നബി(സ)തിരുമേനി വരുമെന്ന് ഈസാ നബി പ്രവചനം നടത്തിയിട്ടുള്ളതായി ബൈബിളിലുണ്ട്. അതനുസരിച്ച് ഞങ്ങൾ മുഹമ്മദ് നബിയേയും വിശ്വസിക്കുന്നു. ഇതിന്നുമുപരിയായി മുഹമ്മദ് നബി(സ)വരാനിരിക്കുന്ന മസീഹിനെ കുറിച്ചും ദീർഘദർശനം നടത്തിയിട്ടുണ്ട്. ഞങ്ങൾ അദ്ദേഹത്തിലും വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് എല്ലാ നബിമാരിലും വിശ്വസിക്കൽ നിർബന്ധമാണെന്നാണ്. ഞങ്ങൾ അവരിലെല്ലാം വിശ്വസിക്കുകയും ചെയ്യുന്നു.

സ്വർഗം നല്കുന്നത് നിങ്ങളാണെങ്കിൽ ആ സ്വർഗം വേണ്ടെന്ന് അവരോട് പറയുക. ദൈവമാണ് സ്വർഗം നല്കുന്നതെങ്കിൽ പിന്നെ ഞങ്ങൾ അല്ലാഹുവിന്റെ വാക്കുകൾ കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. സ്വർഗം നിങ്ങളുടെ കൈയിലാണെങ്കിൽ ഞങ്ങൾ അത്തരം സ്വർഗത്തിൽനിന്ന് പുറത്തു വരുന്നു. ഇതിൽ തർക്കിക്കേണ്ട കാര്യം തന്നെയില്ല. ചിലർ വിദണ്ഡവാദികളാകാറുണ്ട്.

നബി(സ)തിരുമേനിയിൽ വിശ്വസിച്ചാൽ നിങ്ങൾക്ക് സ്വർഗം ലഭിക്കുമെന്ന് എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ? നബി(സ)തിരുമേനി തന്റെ മകളോടു പോലും പറഞ്ഞത്, സൽകർമങ്ങൾ ചെയ്യാതെ ദൂതന്റെ മകൾ എന്ന നിലയിൽ സ്വർഗത്തിൽ പോകാമെന്ന് കരുതരുതെന്നാണ്. കർമംകൊണ്ടാണ് ജീവിതം രൂപപ്പെടുന്നത്, അതുപോലെ തന്നെ സ്വർഗവും നരകവും. അതുകൊണ്ട് കർമം നല്ലതാണെങ്കിലേ ദൈവം ഉത്തമമായ പ്രതിഫലം നല്കുകയുള്ളൂ. അല്ലാഹുവിന്റെ കാരുണ്യം വളരെ വിശാലമാണ് എന്നതാണ് ശേഷിക്കുന്നത്. താൻ മാപ്പ് ചെയ്യുന്നുവെന്ന് അല്ലാഹു പറയുന്നു. വളരെ വലിയ പാപിയായ ഒരു വ്യക്തിയുണ്ടായിരുന്നു. അയാൾ തൊണ്ണൂറ്റി ഒമ്പതു പേരെ കൊലചെയ്തിരുന്നു. നീ നരകത്തിൽ പോകുമെന്ന് ഓരോരുത്തരും അയാളോട് പറഞ്ഞുപോന്നു.ഒടുവിൽ ആരോ അയാളോട് സ്വർഗത്തിലേക്കുള്ള വഴി പറഞ്ഞുകൊടുക്കുന്ന ഒരു വ്യക്തിയുടെ അടുക്കൽ പോകാൻ പറഞ്ഞു. അയാൾ അദ്ദേഹത്തിന്റെയടുക്കലേക്ക് പുറപ്പെട്ടു. പോകുന്ന വഴിയിൽ അയാളെ മരണം പിടികൂടി. അപ്പോൾ അവിടെ സ്വർഗത്തിന്റേയും നരകത്തിന്റേയും മലക്കുകൾ വന്നു. നരകത്തിന്റെ മലക്കുകൾ അയാളെ കൂടെക്കൂട്ടന്നതിന്നുവേണ്ടി വാദിച്ചു. കാരണം അയാൾ പാപിയാണ്. സ്വർഗത്തിന്റെ മലക്കുകൾ മറുവാദം ഉന്നയിച്ചു കൊണ്ട് അദ്ദേഹം നന്മയിലേക്ക് പോകുകയായിരുന്നുവെന്നും അതുകൊണ്ട് അവരോടൊപ്പം കൊണ്ടു പോകുകയാണെന്നും വാദിച്ചു. വലിയ തർക്കവിതർക്കങ്ങൾക്കു ശേഷം അകലം അളക്കാൻ തീരുമാനമായി. സ്വർഗത്തിലേക്കുള്ള വഴി അന്വേഷിച്ചുകൊണ്ട് ഏത് സൽവ്യത്തന്റെയടുക്കലേക്കാണോ പോയത് അവിടേക്കുള്ള ദൂരം കുറവാണെങ്കിൽ അയാൾ സ്വർഗത്തിലേക്ക്പോകും. എന്നാൽ,എവിടെ നിന്നാണോ വന്നത് അവിടെ നിന്നുള്ള ദൂരം കുറവാണെങ്കിൽ നരകത്തിലേക്കും പോകും. ഇത് ഹദീഥിൽ വിവരിക്കപ്പെട്ട കാര്യമാണ്. ദൂരം അളക്കപ്പെട്ടപ്പോൾ സൽക്കർമത്തന്റെയടുക്കലേക്കുള്ള ദൂരം കുറവായിരുന്നു. ഇതു കാരണത്താൽ അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിലാക്കി. അല്ലാഹു തനിക്ക് ക്ഷമിച്ചു തരുമെന്ന സൽവിചാരവും അവസാന നിമിഷം വരെയുള്ള ശ്രമവും സ്വർഗത്തിന് കാരണമായിഭവിച്ചു. അതുകൊണ്ട് പര്യവസാനം നന്നായിത്തീരാൻ ദുആ ചെയ്യേണ്ടതാണ്. അതിൽ തന്നെയാണ് അല്ലാഹു പ്രതിഫലം നല്കുന്നതും. മറ്റൊരാളും സ്വർഗത്തിലേക്കുകൊണ്ടു പോവുകയില്ല.

അല്ലാഹു ഒരു കാര്യം തീർച്ചയായും പറഞ്ഞിട്ടുണ്ട്. നിങ്ങൾ നബി(സ)തിരുമേനിയെ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. ബാഹ്യമായിട്ടുളള നമസ്കാരവും മുസ്‌ലിം നാമകരണവും മതിയാകുന്നതല്ല. ഈ നമസ്കാരം നാശ ത്തിനും ഹേതുവായി തീരാറുണ്ടെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ഈ നമസ്കാരങ്ങൾ മുഖേന നഷ്ടങ്ങളും വരാറുണ്ട്. ഓരോ കാര്യങ്ങളും നിർവഹിക്കുമ്പോഴാണ് അല്ലാഹുവിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നവനാകുകയുള്ളൂ. കേവലം കലിമ ചൊല്ലുന്നതുകൊണ്ട് ഒരാൾ മുസ്‌ലിം ആകുകയില്ല. ശിർക്ക് ചെയ്യരുത്, ശിർക്ക് ഒരു മഹാ അപരാധമാണെന്നും അത് താൻ ക്ഷമിച്ചു തരികയില്ലെന്നും അല്ലാഹു പറയുന്നത് ശരിയാണ്. എന്നാൽ, അടിസ്ഥാന കാര്യം മുസ്‌ലിമായിക്കൊണ്ട് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. സ്വർഗ നരകത്തിന്റെ തീരുമാനം അല്ലാഹുവാണ് എടുക്കുന്നത്, അവൻ തന്നെയാണ് ചെയ്യുന്നത്. ആരാണ് സ്വർഗത്തിലും നരകത്തിലും പോകുന്നതെന്ന് ഈ ലോകത്ത് ആർക്കും പറയാൻ കഴിയില്ല. അതുകൊണ്ട് ഓരോ സമയത്തും പാപമോചനം തേടിക്കൊണ്ടിരിക്കേണ്ടതാണ്. തന്റെ പര്യവസാനം നന്നായി തീരാൻ ദുആ ചെയ്യേണ്ടതാണ്.

❈ ഒരു വാഖിഫെ നൗ ഖാദിം: മൂന്നാം ലോക മഹായുദ്ധത്തെ നേരിടാൻ എന്തെങ്കിലും തയ്യാറെടുപ്പ് ഹുദൂർ ചെയ്തിട്ടുണ്ടോ? നമ്മൾ ഏതുതരത്തിലുള്ള മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്?

ഹുദൂർ: നിങ്ങൾ എന്റെ ഖുത്വ്ബ കേൾക്കാറുണ്ടോ? നമ്മൾ വളരെ വേഗത്തിൽ മൂന്നാം ലോക മഹായുദ്ധത്തിലേക്ക് അടുക്കുന്നുവെന്ന് മറ്റുള്ളവരോടു ഞാൻ ചെയ്ത എന്റെ പ്രഭാഷണങ്ങളിലെല്ലാം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ലൗകികരും മറ്റു വലിയ വലിയ വ്യക്തികളും അതേറ്റു പറയാൻ തുടങ്ങിയിരിക്കുന്നു. ശേഷിക്കുന്നത് മൂന്നാം ലോക മഹായുദ്ധത്തോട് അനുബന്ധിച്ച് നമ്മൾ സ്വീകരിക്കേണ്ട മാർഗങ്ങളെ കുറിച്ചാണ്. അറ്റോമിക് യുദ്ധങ്ങളാണ് ഈ യുദ്ധത്തിന്റെ ഭാഗമായി നടക്കുകയെന്ന് ഞാൻ പറഞ്ഞിരുന്നു. അതിനുവേണ്ടി ഏറ്റവും ചുരുങ്ങിയത് ബാഹ്യമായ ചികിത്സകൾ കൈക്കൊള്ളുക. ഹോമിയോപ്പതി മരുന്ന് കഴിക്കാനും ഞാൻ പറഞ്ഞിരുന്നു. കുറച്ചു കാലത്തേക്ക്, രണ്ടു മൂന്ന് മാസത്തേക്ക് വേണ്ടിയുള്ള റേഷനും മറ്റും ഒപ്പം കരുതാനും പറഞ്ഞിരുന്നു. ജമാഅത്തുകൾക്കും നടപടികൾ സ്വീകരിക്കാൻ എഴുതിയിരുന്നു. അന്നപാനീയങ്ങൾ സൂക്ഷിക്കുക. കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി ഞാനിതു പറഞ്ഞു വരുന്നു. വിവിധ സമയങ്ങളിൽ ഇതിന്റെ ആവശ്യം വരികയും ചെയ്തു. പ്രകൃതിപരമായ കൊടുങ്കാറ്റുകളും ചുഴലിക്കാറ്റും വരുന്നു. ഇതെല്ലാം മുന്നിൽ വെക്കേണ്ടതാണ്.

ബാഹ്യമായ നിലയിൽ നമുക്ക് ഇതു മാത്രമേ ചെ യ്യാൻ സാധിക്കുകയുള്ളൂ. അല്ലാഹു നമ്മെ രക്ഷിക്കാൻ വേണ്ടി ദുആകളും ചെയ്യുക എന്നതാണ് ശേഷിക്കുന്ന കാര്യം. ഹദ്റത്ത് മസീഹ് മൗഊദും (അ)പറഞ്ഞിട്ടുണ്ട്. യുദ്ധങ്ങളും ഹദ്റത്ത് മസീഹ് മൗഊദിന്റെ ദീർഘദർശനം എന്ന നിലയിൽ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുവേണ്ടി വരുന്നതാണ്. മുമ്പേയും രണ്ട് യുദ്ധങ്ങൾ സംഭവിച്ചുകഴിഞ്ഞു. നിങ്ങൾ നന്മ പ്രവർത്തിക്കുന്നവരാകുക. ഈ അഗ്നിയിൽനിന്ന് അപ്പോൾ മാത്രമേ രക്ഷക്ക് വകയുള്ളൂ. അല്ലാഹുവുമായി ബന്ധം വെച്ചാൽ അവൻ നിങ്ങളെ രക്ഷിക്കും. അല്ലെങ്കിൽ ഇനി എന്തെങ്കിലും സംഭവിച്ചാൽതന്നെ ഏറ്റവും ചുരുങ്ങിയത് അല്ലാഹു അടുത്ത ലോകത്ത് നിങ്ങളോട് നല്ല രീതിയിൽ പെരുമാറുന്ന രൂപത്തിൽ നിങ്ങളെ സുരക്ഷിതമാക്കി വെക്കും. യുദ്ധങ്ങൾ ഉണ്ടാകുമ്പോൾ അതുകാരണത്താൽ സ്വാഭാവികമായ ഒരു അനുരണനവും വെളിപ്പെടാറുണ്ട്. എന്നാൽ, ഇതിൽനിന്ന് രക്ഷപെടാൻ നമ്മൾ നടത്തുന്ന ബാഹ്യമായ ശ്രമങ്ങൾ നടത്തുകതന്നെ വേണം. റേഡിയേഷനിൽനിന്ന് രക്ഷപെടാൻ മരുന്നുകളുണ്ട്. വിശപ്പിൽനിന്നു രക്ഷപെടാൻ കുറച്ച് റേഷനുമുണ്ട്. ശേഷിക്കുന്നത് അല്ലാഹുവിനെ സ്നേഹിക്കുക എന്നതാണ്. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക. ഇതു തന്നെയാണ് ഏറ്റവും വലിയ മാർഗം.

❈ ഒരു വാഖിഫെ നൗ ഖാദിം: നമ്മുടെ മുസ്‌ലിം രാജ്യങ്ങളിൽ, വിശിഷ്യ പുരോഗതിയാർജിച്ച രാജ്യങ്ങളിൽ സ്ഫോടനങ്ങളും മറ്റും നടന്നു വരുന്നു. ഇതു കാരണത്താൽ ചില കുട്ടികൾ അനാഥരായി ത്തീരുന്നു. യൂറോപ്പിൽ അത്തരം കുട്ടികളുടെ പരിപാലന ഉത്തരവാദിത്വം ഭരണകൂടം ഏറ്റെടുക്കുന്നു. എന്നാൽ, ബാക്കി സ്ഥലങ്ങളിൽ അങ്ങനെയല്ല നടക്കുന്നത്. അവിടെ മോശമായ സമൂഹത്തിൽ പെട്ടു പോകാനുള്ള അവസരം കൂടുകയാണ് ചെയ്യുന്നത്. ഇങ്ങനെ സംഭവിക്കുകയും തിന്മകൾ ചെയ്യാൻ തുടങ്ങുകയും ചെയ്യുമ്പോൾ പൊതുവെ കരുതപ്പെടുന്നതുപോലെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവർക്ക് ശിക്ഷയും ലഭിക്കും, നരകത്തിലും പോകും. ഇത് അവരുടെ കുട്ടികളുടെ തെറ്റിനാൽ അല്ലെങ്കിലും മാതാപിതാക്കൾ അവർക്ക് നഷ്ടപ്പെടുന്നു. ഈ സാഹചര്യത്തിൽ ഇവർ നിരപരാധികളല്ലേ?

ഹദൂർ: അനാഥരെ കുറിച്ച് പ്രത്യേക ചിന്ത വേണമെന്ന് വിശുദ്ധ ഖുർആൻ അതുകൊണ്ടാണ് പറഞ്ഞത്. ഇത്തരം കുട്ടികളെ മോശമായ സമൂഹത്തിൽ പാർപ്പിക്കുന്നവരും പാപികളാണ്. അവർക്ക് അവരുടെ ശിക്ഷ ലഭിക്കും. ശേഷിക്കുന്നത് അല്ലാഹുവിന്റെ വിശാലമായ കാരുണ്യമാണ്. ഏതെങ്കിലും കുട്ടി ഈ അന്തരീക്ഷം കാരണത്താൽ അപരാധി അല്ലെങ്കിലും അല്ലാഹു അവരോട് ഏത് രൂപത്തിലാണ് പെരുമാറുന്നതെന്ന് നമുക്ക് എങ്ങനെ അറിയാൻ കഴിയും? ഞാൻ ഇവിടെ ഉദാഹരണവും സമർപ്പിച്ചു കഴിഞ്ഞു. ബാഹ്യമായ നിലയിൽ സൽകർമമോ ദുഷ്കർമമോ ചെയ്യുന്ന ഓരോ വ്യക്തിയും സ്വർഗത്തിലോ നരകത്തിലോ പോകുന്നതെന്ന തീരുമാനം എടുക്കുന്നത് അല്ലാഹുവാണ്. ശേഷിക്കുന്നത് അല്ലാഹുവിന്റെ പ്രവിശാലമായ കാരുണ്യമാണ്.

വൃത്തികെട്ട സമൂഹത്തിലേക്ക് പോകുന്നവർ എത്ര പേരുണ്ട്? ഇതേ അന്തരീക്ഷത്തിൽ കഴിയുന്നവരും നല്ലവരായി മാറാറുമുണ്ട്. മോശവുമാകാറുണ്ട്. യൂറോപ്പിൽ താമസിക്കുന്നവരുടെ ചുറ്റുപാടിൽ എല്ലാ സൗകര്യവും ലഭ്യമാണ്. ഇവിടെ അനാഥാലയവും ഓർഫണേജുകളും നിർമിതമായിട്ടുണ്ട്. അവർ അവിടെ കുട്ടികളെ നല്ല രീതിയിലാണ് നോക്കുന്നത്. നൂറു ശതമാനവും നല്ലതായ കുട്ടികൾ ഇവിടെ ആരാണുള്ളത്? അല്ലാഹുവിന്റെ കൽപനയനുസരിച്ചുള്ള നന്മയുടെ നിലവാരം വെച്ച് നോക്കുകയാണെങ്കിൽ എല്ലാവരും നല്ലവരാണെന്ന് എവിടെയാണ് എഴുതപ്പെട്ടിട്ടുള്ളത്. പൈസയുണ്ട് എന്നതുമാത്രം നന്മയല്ല. റൊട്ടി ലഭിക്കുക എന്നതു നന്മയല്ല. ശേഷിക്കുന്നത് ശിക്ഷയോ പ്രതിഫലമോ നല്കുന്ന വിഷയമാണ്. അത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അതു സംബന്ധമായി നമുക്ക് അറിയുകയുമില്ല, വിധി പറയാൻ നമുക്ക് സാധിക്കുകയുമില്ല. ആരുടേയും തെറ്റല്ലെന്നും സാഹചര്യമാണ് കുഴപ്പത്തിലാക്കിയതെന്നുമാണെങ്കിൽ അല്ലാഹു കാരുണ്യവാനാണ്. മാപ്പ് കൊടുക്കുന്നതിന്നുള്ള സൗകര്യങ്ങൾ അടുത്ത ലോകത്ത് അവന് ചെയ്യാൻ സാധിക്കും. അത് എങ്ങനെ ചെയ്യുമെന്ന് അല്ലാഹുവിനേ നല്ലവണ്ണം അറിയുകയുള്ളൂ.

നിങ്ങൾ ഉദാഹരിച്ചതുപോലെ യൂറോപ്പിൽ അനാഥാലയങ്ങളുണ്ട്. അവിടെ എല്ലാം ശരിയാകും എന്നതിന് എന്തു

(ശേഷം പേജ് 12 ൽ)

## ◐ ശിഷ്യന്റെ ചോദ്യവും ഗുരുവിന്റെ മറുപടിയും: ◑

### റിപ്പോർട്ടുകൾ നല്കുന്നില്ല, എന്തുചെയ്യണം?

◐ ആളുകൾ റിപ്പോർട്ട് തരുന്നില്ല. അവരോട് നമസ്കാരത്തെ കുറിച്ചും ഇതര പ്രവർത്തനങ്ങളെ കുറിച്ചും റിപ്പോർട്ടു ചോദിക്കുമ്പോൾ ഇത് ഞങ്ങളുടേയും അല്ലാഹുവിന്റേയും ഇടയിലുള്ള പ്രശ്നമാണ്. ഞങ്ങൾ നിങ്ങൾക്ക് റിപ്പോർട്ട് തരില്ല എന്ന് പറയുന്നു.

**ഹുദൂർ**: അത്തരം വ്യക്തികൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. നമസ്കരിക്കാൻ വരാത്തവരുടെ വീടിന് തീയിടണമെന്ന് നബി(സ) തിരുമേനി എന്തുകൊണ്ട് പറഞ്ഞുവെന്ന് ഇവർക്ക് പറഞ്ഞു കൊടുക്കുക. ഇത് ദൈവത്തിന്റെ പ്രശ്നമാണെങ്കിൽ പിന്നെ ഇതെല്ലാം വിട്ടിട്ട് ഒന്നും പറയാതിരിക്കണമായിരുന്നു. വീടിന് തീയിടാൻ തോന്നി എന്ന് എന്തുകൊണ്ട് ആ മഹാത്മാവ് പറഞ്ഞു. അതുകൊണ്ട് ഇത്തരം വ്യക്തികൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും പൊതുവായ വിലയിരുത്തൽ നടത്തുകയും ചെയ്യുക. ഫാറം തയ്യാറാക്കി, 'ചെയ്യുന്നുണ്ടോ' 'ഇല്ലേ' എന്ന കോളത്തിൽ പൂരിപ്പിക്കാൻ പറയുക. കൂടുതൽ വിശദാംശങ്ങളിലേക്ക് പോകേണ്ടതില്ല.

### Birthday

◐ ചില അവസരങ്ങളിൽ സ്കൂളിൽ കുട്ടികളുടെ ബർത്ത്ഡെ പരിപാടി ഉണ്ടാകാറുണ്ട്. കുട്ടികളോട് കേക്ക് കൊണ്ടു വരാൻ അവർ പറയാറുണ്ട്.

**ഹുദൂർ**: സ്കുളുകാർ പറയുന്നുണ്ടെങ്കിൽ കേക്ക് കൊണ്ടു പോകുക. ശരീഅത്തുപരമായ പ്രശ്നങ്ങളൊന്നും അതിലില്ല.

നിങ്ങൾ വീട്ടിൽ കുട്ടികളോട് പറയേണ്ടത്, ഇന്ന് സ്കൂളിൽ ഇങ്ങനെയെല്ലാം നടന്നു. ഈ അവസരത്തിൽ നിങ്ങൾ പാവപ്പെട്ടവർക്ക് ഇന്ന് എന്തെങ്കിലും കൊടുക്കണം, കുറച്ച് തുക ചാരിറ്റിയിലും നല്കുക എന്നാണ്.

നിങ്ങളുടെ സ്വന്തം വീട്ടിൽ മൂന്നുനാല് മക്കളുണ്ട്. ഈ കുട്ടികളിരുന്ന് പരസ്പരം കേക്ക് കഴിച്ചാൽ അതിൽ പ്രശ്നമൊന്നുമില്ല. പ്രത്യേകം പ്രാധാന്യം നല്കി ഇതരരെ വിളിക്കാതിരിക്കുക എന്നതാണ് അടിസ്ഥാനം. ഉപഹാരങ്ങൾകൊണ്ടു വരാതിരിക്കുക. ഫംങ്ഷൻ നടത്താതിരിക്കുക.

◐ മറ്റേതെങ്കിലും അമുസ്ലിം കുടുംബങ്ങൾ അവരുടെ കുട്ടികളുടെ കാര്യങ്ങൾക്ക് വിളിച്ചാൽ എന്താണ് ചെയ്യേണ്ടത്

**ഹുദൂർ**: പോകുക, അവരുടെ സമ്പ്രദായമാണത്. കുട്ടികൾക്ക് എന്തെങ്കിലും ഉപഹാരം നല്കണമെന്നുണ്ടെങ്കിൽ നല്കുക.

സ്കുളിലോ ക്ലാസിലോ ഇത്തരം പ്രോഗ്രാം നടക്കുമ്പോൾ ഈ അവസരത്തിൽ പാവപ്പെട്ടവർക്കും എന്തെങ്കിലും നല്കണമെന്ന് നിങ്ങൾ കുട്ടികളോടു പറയേണ്ടതാണ്. കുടിക്കാനുള്ള വെള്ളം പോലും ലഭ്യമല്ലാത്ത വളരെയധികം ദരിദ്രരുണ്ട്. വിദ്യാഭ്യാസം ഇല്ലാത്തവരുമുണ്ട്. അവർക്ക് വേണ്ടിയും ചാരിറ്റിയിൽ എന്തെങ്കിലും നല്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് അവരോട് പറയുക. അവർക്കും ഇപ്രകാരം സഹായം ലഭിക്കുക സാധ്യമാകും. സമൂഹത്തിലെ നല്ല വിഭാഗമായി തീരാനും സേവകരാകാനും ഇത്തരം അവസരത്തിൽ നാം ദുആ ചെയ്യുക.

◐ ഒരു സിഖ് സ്നേഹിതന്റെ മകൾക്ക് ആറു മാസം പ്രായമുണ്ട്. അദ്ദേഹം ഭക്ഷണത്തിന് ക്ഷണിച്ചു.

ഹുദൂർ: പോയി ഭക്ഷണം കഴിക്കുക. കുഴപ്പമൊന്നുമില്ല. നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ പോയി. അവിടെ ഖത്തത്തിന്റെ അടിയന്തിരം നടക്കുകയാണ്. ഖത്തത്തിന്റെ ഭക്ഷണം തയ്യാറായിട്ടുണ്ട്. നിങ്ങൾ ഖത്തത്തിൽ എന്തായാലും പങ്കെടുക്കുകയില്ല. ഭക്ഷണത്തെ ഭക്ഷണമെന്ന് കരുതി കഴിക്കുക. *(ബദ്ർ ഉർദു14 - 21 നവംബർ 2019)*

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2021 ജൂൺ 27-ാം തിയതി ഇന്ത്യൻ സമയം ഏകദേശം അഞ്ചര മണിക്ക് 2021 ലെ എം.ടി.എ ഇന്റർനാഷണൽ സമ്മേളനത്തിന്റെ സമാപന പരിപാടിയിൽ പങ്കെടുത്ത് പ്രഭാഷണം നടത്തി. അത് മുഴുലോകത്തും തത്സമയം കാണുകയും കേൾക്കുകയുമുണ്ടായി. സമ്മേളനത്തിന്റെ തുടക്കം ജൂൺ 25ന് വെള്ളിയാഴ്ച ബ്രിട്ടനിൽ നടന്നിരുന്നു. ജൂൺ 27 ന് അതിന്റെ സമാപനപരിപാടിയായിരുന്നു. ബാസിൽ ബട്ട് സാഹിബ് ഖുർആൻ പാരായണംചെയ്തു. ഉമർശരീഫ് സാഹിബ് മനോഹരമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കവിതാശകലം ആലപിച്ചു. അതിനുശേഷം എം.ടി.എ ഇന്റർ നാഷണലിന്റെ മാനേജിംഗ് ഡയറക്ടർ മുനീറുദ്ദീൻ ശംസ് സാഹിബ് സമ്മേളന റിപ്പോർട്ട് അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞു, എം.ടി.എ ആരംഭിച്ചപ്പോൾ അക്കാലത്ത് സ്റ്റുഡിയോ എന്ന നിലയിൽ വെറും 10ത10 വലുപ്പമുള്ള ഒരു മുറിയായിരുന്നു ഉണ്ടായിരുന്നത്. പ്രവർത്തന മാധ്യമങ്ങൾ വളരെ പരിമിതവും നിസാരമായിട്ടുള്ളതുമായിരുന്നു. പക്ഷേ, അൽഹംദുലില്ലാഹ് ഇപ്പോൾ ലോകത്തിന്റെ വിവിധരാജ്യങ്ങളിൽ ഉന്നതനിലവാരത്തിലുള്ള സ്റ്റുഡിയോകളും ബ്രോഡ്കാസ്റ്റിംഗിനുള്ള ആധുനിക സൗകര്യങ്ങളുമുണ്ട്. സമ്മേളനത്തിൽ 30 രാജ്യങ്ങളിൽനിന്നുള്ള എം.ടി.എ യുടെ ടീം അംഗങ്ങൾ ഓൺലൈനിൽ പങ്കെടുത്തു.

അതിനുശേഷം ഹദ്റത്ത് അമീറുൽമുഅ്മിനീൻ പ്രസംഗിച്ചു. അവിടന്ന് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷൻ ആദരണീയരായ നബി(സ)തിരുമേനിയുടെ അധ്യാപനങ്ങൾ മുഴുലോകത്തും പ്രചരിപ്പിക്കുക എന്നതായിരുന്നു. ഈ ദൗത്യം പൂർത്തിയാക്കുന്നതിനുള്ള ഏർപാട് അല്ലാഹു തന്നെ ചെയ്തു. അവിടന്ന് മുഴുലോകത്തും ഇസ്ലാമിന്റെ പ്രബോധനത്തിനുള്ള പദ്ധതി തയ്യാറാക്കി. അതാണ് ആ പത്രങ്ങളും മാധ്യമങ്ങളും. അതായത് പ്രസിദ്ധീകരണത്തിന്റെ കാലമായിരുന്നു അത്. അവിടന്ന് ഇസ്ലാമിന്റെ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടി ആ മാർഗം നല്ലവണ്ണം പ്രയോജനപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലേഖനങ്ങൾ നിരന്തരം പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

അവിടത്തെ വേർപാടിനുശേഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗൃഹീത കാലം ആരംഭിച്ചു. ഖിലാഫത്തും ഇസ്ലാമിക പ്രബോധനത്തെ ലോകത്ത് പ്രചരിപ്പിക്കുന്നതിന് ആ ദൗത്യം തുടർന്നു. വിവിധ രാജ്യങ്ങളിൽ ജമാഅത്തിന്റെ മുബല്ലിഗുമാർ ആവശ്യാനുസരണം മറ്റുള്ളവരുടെ റേഡിയോ പ്രോഗ്രാമുകളിലൂടെ ഒരു പരിധിവരെ അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന ജോലി ചെയ്തുകൊണ്ടിരുന്നു. എന്നാൽ, ഇന്ന് അല്ലാഹുവിന്റെ ഫള്ലുകൊണ്ട് നമ്മൾ ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ സന്ദേശം നമ്മുടെ സ്വന്തം റേഡിയോയും ടെലിവിഷനും മുഖേന പ്രചരിപ്പിക്കുന്നതിന് ഭാഗ്യം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു നമുക്ക് നമ്മുടെ ചാനൽ തുറക്കാൻ സൗഭാഗ്യം നല്കിയപ്പോൾ സാറ്റ്ലൈറ്റുമുഖേന ആ ചാനൽ ലോകം മുഴുവനും എത്തിക്കാനുള്ള ഏർപാടും ലഭ്യമാക്കുകയുണ്ടായി. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് *'മെ തേരീ തബ്ലീഗ് കൊ സമീൻ കെ കിനാരോം തക് പഹുംഞ്ചാഊംങ്കാ'* എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമിന്റെ പുലർച്ചയുടെ അടയാളമണെന്നതിൽ ഒരു സംശയവുമില്ല. ഇന്ന് ലോകം മുഴുവൻ എം.ടി.എ(മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ)യുടെ 19 സ്റ്റുഡിയോകൾ ഖലീഫത്തുൽ മസീഹിന്റെ മാർഗനിർദേശത്തിന് വിധേയമായി അവയുടെ ചുമതലകൾ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. ബ്രിട്ടന് പുറമെ ഖാദിയാൻ, ഘാന, ജർമനി, അമേരിക്ക, മൊറേഷ്യസ്, ഉഗാണ്ട, കനഡ ഉൾപ്പടെ നിരവധി രാജ്യങ്ങളിൽ ഈ സ്റ്റുഡിയോകൾ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. ദൈവകൃപയാൽ ഖാദിയാനും അബ്ദുൽവഹ്ഹാബ് സ്റ്റുഡിയോ ഘാനയും ഉൾപ്പടെ അനവധി സ്റ്റുഡിയോകളിൽനിന്ന് തത്സമയ സംപ്രേഷണവും ചെയ്തുകൊണ്ടിരിക്കുന്നു. ഫ്രഞ്ച്, ടർക്കിഷ്, സവാഹിലി ഇപ്രകാരംതന്നെ മറ്റു ഭാഷകളിലും പരിപാടികൾ തയ്യാറായിക്കൊണ്ടിരിക്കുകയും മുഴുലേകത്തും സംപ്രേഷണം ചെയ്തുവരികയും ചെയ്യുന്നു. എം.ടി.എ യ്ക്ക് ഒരു ചാനൽമാത്രം ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ എം.ടി.എ യുടെ നിരവധി ചാനലുകൾ തങ്ങളുടെ പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: ലോകം പ്രയാസങ്ങളാൽ വലയം ചെയ്യപ്പെട്ട കഴിഞ്ഞ 18 മാസത്തിന്നിടയിൽ നമ്മൾ എം.ടി.എ മുഖേന അല്ലാഹുവിന്റെ ഫള്ലുകൾ ഇറങ്ങുന്നതു കണ്ടു. ഇക്കാലത്ത് എനിക്ക് പര്യടനങ്ങൾ നടത്താൻ കഴിഞ്ഞില്ല. പക്ഷേ, വെർച്ചുവൽ കൂടിക്കാഴ്ചകളിലൂടെ - അത് പുതിയരീതിയിലുള്ള കൂടിക്കാഴ്ചയാണ്- ഞാൻ വിവിധ രാജ്യങ്ങളിലെ ജമാഅത്തംഗങ്ങളുമായും ഭാരവാഹികളുമായും നേരിട്ട് കൂടിക്കാഴ്ച നടത്തുന്നു. ഈ പ്രോഗ്രാമുകളിൽനിന്ന് തങ്ങൾ ഒരുപാട് ഫലമെടുത്തുകൊണ്ടിരിക്കുന്നുവെന്ന് ആളുകൾ എനിക്കെഴുതുന്നു.

ചുരുക്കത്തിൽ ആത്മീയവും സംഘടനാപരവുമായ അടിസ്ഥാനത്തിൽ എം.ടി.എ കാലത്തിന്റെ ഖലീഫയുടെ ശബ്ദം ലോകത്തിനു എത്തിച്ചുകൊടുക്കുന്നതിൽ ഉത്തമമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ഖിലാഫത്തും അഹ്മദികളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നു. ഇതുമുഖേന ലോകത്തിന്റെ ഒരു മൂല മുതൽ മറ്റേ മൂല വരെ കിഴക്കുമുതൽ പടിഞ്ഞാറുവരെ വടക്കുമുതൽ തെക്കുവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളും കാലത്തിന്റെ ഖലീഫയുടെ മാർഗനിർദേശങ്ങളും ലോകത്ത് വസിക്കുന്ന എല്ലാ അഹ്മദികൾക്കും എത്തിക്കൊണ്ടിരിക്കുന്നു. അമീറുൽ മുഅ്മിനീൻ പറഞ്ഞു: എം.ടി.എ യിൽ പണിയെടുക്കുന്നവർ ദുആകൾക്ക് അർഹരാണ്. അവർ വളരെ ആവേശത്തോടും വികാരത്തോടും അധ്വാനത്തോടും കൂ


**ഹദീഥുന്നബ്വി(സ):**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്ലകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**
*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**ഹദീഥുന്നബ്വി(സ):**

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**
*(സ്വഹീഹ് മുസ്ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ടി തങ്ങളിലർപിതമായിരിക്കുന്ന നിർബന്ധ കടമകൾ നിർവഹിച്ചുകൊണ്ടിരിക്കുന്നു. അവിടന്ന് പറഞ്ഞു: ഞാനും നിങ്ങൾക്ക് നന്ദി പറയുകയാണ്. ദുആ ചെയ്യുകയാണ്. അല്ലാഹു നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിങ്ങളുടെ പങ്കു വഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. പ്രസംഗത്തിനുശേഷം ഹുദൂർ *'അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു'* പറഞ്ഞു. അതോടെ പരിപാടി സമാപിച്ചു.

അമീറുൽമുഅ്മിനീന്റെ പരിപാടിയ്ക്കിടയിൽ ലോകം മുഴുവനുമുള്ള രാജ്യങ്ങളിൽ എം.ടി.എ യ്ക്കുവേണ്ടി സേവനം ചെയ്യുന്നവരെ തത്സമയം കാണിക്കുകയുണ്ടായി. അവർ അവരവരുടെ സ്റ്റുഡിയോകളിലിരുന്ന് ഹുദൂറിന്റെ പ്രസംഗം ശ്രവിക്കുകയായിരുന്നു. ഈ ദൃശ്യം വളരെയധികം സന്തോഷദായകവും ആത്മാവിന് കുളിർമ നല്കുന്നതുമായിരുന്നു. ബദ്റിന്റെ പ്രവർത്തകർ എം.ടി.എ ഇന്റർനാഷണലിന് വിജയകരമായ ഈ സമ്മേളനം സംഘടിപ്പിച്ചതിന് ആശംസകൾ നേരുന്നു. *(വെബ്സൈറ്റ് അൽ ഫള്ൽ ഇന്റർനാഷണൽ ലണ്ടന് നന്ദിയോടെ)*

❊❊❊❊

(പേജ് 1 ൽ നിന്ന്)

നിലയിൽ ഉപയോഗിച്ചിരുന്നപ്പോൾ വിജ്ഞാനങ്ങൾക്കും ബുദ്ധിപരമായ അറിവുകൾക്കും ക്രിസ്തുമതത്തിനും യഹൂദമതത്തിനും ഇസ്ലാം മതത്തെ നേരിടാൻ കഴിഞ്ഞില്ല. എന്നാൽ, ഇന്ന് വേദവും തൗറാത്തും ഇഞ്ചീലുമൊക്കെ ഓരോരുത്തരും മുമ്പിൽ സമർപിക്കുകയാണ്. മറുഭാഗത്ത് ബുദ്ധിപരമായ അറിവുകൾ അവരുടെ മേൽ ആക്രമണം നടത്തുന്നു. ഒരുകാലത്ത് ഇസ്ലാം അവിശ്വാസത്തെ തിന്നിരുന്നുവെങ്കിൽ ഇന്ന് അവിശ്വാസം ഇസ്ലാമിനെ തിന്നുകയാണ്. മുസ്ലിമീങ്ങൾത്തന്നെ ഇസ്ലാമിനെ സംബന്ധിച്ച് അതിലെ ഇന്ന കല്പന നടപ്പിൽ വരുത്താൻ പറ്റാത്തതാണെന്ന് പറയുമ്പോൾ അതിന്റെ ബാക്കി പിന്നെന്താണുള്ളത്. തങ്ങളുടെ കുറവുകൾ ഇസ്ലാമിലേക്ക് കുറിമാനമാക്കാതിരിക്കാൻ അല്ലാഹു മുസ്ലിമീങ്ങൾക്ക് ബോധം നല്കുമാറാകട്ടെ. കർമങ്ങൾ അവർ സ്വയം ശരിയായ നിലയിൽ ചെയ്യുന്നില്ല. പക്ഷേ, ഫലത്തിന്റെ മോശമായവശം വിശുദ്ധഖുർനോടു ചേർത്തു പറയുകയും ചെയ്യുന്നു.

*(തഫ്സീറെ കബീർ, വാല്യം 3, പേജ് 447, 2010 ഖാദിയാൻ എഡിഷൻ)*

❊❊❊❊

(പേജ് 7 ൽ നിന്ന്)

തായത് ഹദ്റത്ത് ഉസാമയോടു ഉമറിനെ തന്നോടൊപ്പം നിറുത്തുന്നതിന് അനുവാദം ചോദിച്ചു. കാരണം ഹദ്റത്ത് ഉമറിനെ നബി(സ) തിരുമേനി ആ സൈന്യത്തിൽ ഉൾപ്പെടുത്തിയതായിരുന്നു. അപ്പോൾ ഹദ്റത്ത് ഉസാമ അതിന് അനുവാദം നല്കി.'*(താരീഖു അത്ത്വബ്രി, വാല്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)*

ഹദ്റത്ത് അബൂബക്റിന്റെ ഭരണകാലത്ത് യമാമ യുദ്ധത്തിൽ 70 ഹാഫിളുമാർ ശഹീദാകുകയുണ്ടായി. അതേ കുറിച്ച് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ് അൻസ്വാരി(റ) വിവരിക്കുന്നു: യമാമ യുദ്ധ ദിവസം ഹാഫിളുമാർ ശഹീദായപ്പോൾ എന്നെ വിളിപ്പിച്ചു. ആ നേരത്ത് ഹദ്റത്ത് ഉമറും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ഉമർ എന്റെയടുത്തു വന്നിരിക്കുകയാണ്. അദ്ദേഹം പറയുന്നു, യമാമ യുദ്ധത്തിൽ ഒരുപടാളുകൾ മരണപ്പെട്ടിരിക്കുന്നു. മറ്റു യുദ്ധങ്ങളിലും ഖാരിമാർ വധിക്കപ്പെടുമോ എന്ന് തനിക്ക് ആശങ്കയുണ്ടെന്നാണ്; ഇപ്രകാരം വിശുദ്ധ ഖുർആനിന്റെ ഒരു പാട് ഭാഗം നഷ്ടപ്പെട്ടുപോകാനിടയുണ്ട്; താങ്കൾ വിശുദ്ധഖുർആനിനെ ഒരിടത്ത് സമാഹരിച്ച് വെച്ചാലൊഴികെ. എന്റെ അഭിപ്രായം അങ്ങ് വിശുദ്ധ ഖുർആനിനെ സമാഹരിക്കണമെന്നാണ്. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാൻ ഉമറിനോടു പറഞ്ഞു, നബി(സ) തിരുമേനി ചെയ്യാത്ത അത്തരം കാര്യം ഞാൻ എങ്ങനെ ചെയ്യാനാണ്? ഉമർ പറഞ്ഞു: അല്ലാഹുവാണ! താങ്കളുടെ ഈ ജോലി നല്ലതാണ്. ഉമറെന്നോടു ആവർത്തിച്ച് ഇതു പറഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ എന്റെ നെഞ്ചകം അല്ലാഹു ഈ ജോലിക്കായി തുറന്നു. ഇപ്പോൾ ഉമർ ഉചിതമാണെന്ന് മനസ്സിലാക്കിയിരുന്നത് ഉചിതമാണെന്ന് ഞാനും മനസ്സിലാക്കുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് പറഞ്ഞു:ആ നേരത്ത് ഹദ്റത്ത് ഉമർ എന്റെയടുത്ത് ഇരിപ്പുണ്ടായിരുന്നു. നിശബ്ദനായിരിക്കുകയായിരുന്നു. സംസാരിക്കുന്നുണ്ടായിരുന്നി ല്ല. പിന്നീട് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: താങ്കൾ ബുദ്ധിമാനായ യുവാവാണ്. ഞാൻ താങ്കളെ കുറിച്ച് തെറ്റായ ധാരണയൊന്നും വെക്കുന്നില്ല. താങ്കൾ നബി(സ)തിരുമനിയുടെ വഹ്യ് എഴുതാറുണ്ടായിരുന്നു. അതുകൊണ്ട് ഖുർആൻ എവിടെയൊക്കെയാണോ ഉള്ളത് അന്വേഷിക്കുക. അവയെടുത്തു ഒരിടത്ത് സമാഹരിക്കുക. ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് പറയുന്നു: അല്ലാഹുവാണ! ഏതൊരു ജോലിയാണോ അദ്ദേഹം എന്നോടു കൽപിച്ചത്, അത് മലകളിൽ ഏതെങ്കിലുമൊന്നെടുത്ത് വേറൊരിടത്ത് വെക്കാൻ അദ്ദേഹം എന്നോടു പറഞ്ഞിരുന്നെങ്കിൽ അതെനിക്ക് ഇത്രമാത്രം ഭാരിച്ചതാകുമായിരുന്നില്ല. അതായത് വിശുദ്ധ ഖുർആനിന്റെ സമാഹരണം! ഞാൻ പറഞ്ഞു: നിങ്ങളിരുവരും നബി(സ)തിരുമേനി ചെയ്യാത്ത ആ ജോലി എന്തിനാണ് ചെയ്യുന്നത്? ഹദ്റത്ത് അബൂബക്ർ പറഞ്ഞു: അല്ലാഹുവാണ! അത് നല്ല ജോലിയാണ്. ഏതൊരു ജോലിക്കുവേണ്ടി അല്ലാഹു ഹദ്റത്ത് അബൂബക്റിന്റേയും ഹദ്റത്ത് ഉമറിന്റേയും ഹൃദയം തുറന്നുവോ എന്റെ ഹൃദയവും അല്ലാഹു അതിനുവേണ്ടി തുറക്കുന്നതുവരെ ഞാൻ അവരോടു ഇത് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഞാൻ എഴുന്നേറ്റുനിന്നു. വിശുദ്ധഖുർആൻ അന്വേഷിക്കാൻ തുടങ്ങി. അത് തൊലികളുടെ താളുകളിലും തോളെല്ലുകളിലും ഈത്തപ്പനയോലകളിലും ജനമനസ്സുകളിലും നിന്ന് സമാഹരിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ഞാൻ സൂറ തൗബയിലെ രണ്ടായത്തുകൾ ഹദ്റത്ത് ഹുസയ്മ അൻസ്വാരിയുടെ അടുത്തു കണ്ടു. അദ്ദേഹത്തിലല്ലാതെ മറ്റാരിലും ഞാനത് കണ്ടിരുന്നില്ല. അതിതാണ്:

لَقَدۡ جَآءَكُمۡ رَسُوۡلٌ مِّنۡ اَنۡفُسِكُمۡ عَزِيۡزٌ عَلَيۡهِ مَا عَنِتُّمۡ حَرِيۡصٌ عَلَيۡكُمۡ
بِالۡمُؤۡمِنِيۡنَ رَءُوۡفٌ رَّحِيۡمٌ

സത്യമായും നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ കാര്യങ്ങളിൽ ഉൽക്കടമായി ആഗ്രഹമുള്ളയാളാണ് അദ്ദേഹം; സത്യവിശ്വാസികളോടു കൃപയും കരുണയുമുള്ളയാളുമാണ്.(9:128). ഹദീഥിൽ പറഞ്ഞിട്ടുള്ളത് ഈ ആയത്ത് മാത്രമാണ്. രണ്ടായത്തെന്നാണ് പറഞ്ഞിട്ടുള്ളത് .അടുത്ത ആയത്തുമുണ്ടാകാം.

നിവേദനത്തിൽ വന്നിട്ടുള്ളത് വിശുദ്ധ ഖുർആൻ സമാഹരിച്ച താളുകൾ ഹദ്റത്ത് അബൂബക്റിന്റെ പക്കലായിരുന്നു സൂക്ഷിച്ചിരുന്നത്. അദ്ദേഹത്തിന് അല്ലാഹു മരണം ന്ലകിയപ്പോൾ ഹദ്റത്ത് ഉമറിന്റെ പക്കൽ മരണംവരേയും ഇരുന്നു. തുടർന്ന് അത് ഹദറ്ത്ത് ഹഫ്സ്വ ബിൻത് ഉമറിന്റെ പക്കലാണുണ്ടായിരുന്നത്. പിന്നീട് ഞാൻ മുമ്പേ വിവരിച്ചതുപോലെ അവരിൽനിന്ന് ഹദ്റത്ത് ഉഥ്മാൻ (റ)വാങ്ങുകയുണ്ടായി. *(സ്വഹീഹുൽബുഖാരി, കിതാബുത്തഫ്സീർബാബു ഖൗലുഹു ലഖദ് ജാഅക്കും റസൂലുൻമ്മിൻ അൻഫുസിക്കും ഹദീഥ് നമ്പർ 4679)*

ഈ വിവരണം തീർന്നിട്ടില്ല. ഇൻശാഅല്ലാഹ് ശേഷം ഭാഗം പിന്നീട് വിവരിക്കുന്നതാണ്.

(വിവർത്തനം: അംനാസ് കടലായി)

★★★★


**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.



**ദാറുസ്സ്വനാഅത്ത് ഖാദിയാൻ**
Ahmadiyya Vocational(Technical)Training Centre, Qadian

**പ്രവേശനനം ആരംഭിച്ചിരിക്കുന്നു.**
**സാങ്കേതികവിദ്യകൾ പഠിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾ അപേക്ഷിക്കുക**

ഖാദിയാനിലെ ദാറുസ്സ്വനാഅത്തിൽ സാങ്കേതിക ശാസ്ത്ര ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നുവെന്ന വിവരം എല്ലാ അഹ്മദിയുവാക്കളേയും അറിയിക്കുകയാണ്. ഈ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ/പ്ലംബിംഗ്/ ഡീസൽ മെക്കാനിക്/Motor Vehicle Mechanic/AC & Refrigerator/ കമ്പ്യൂട്ടറിന്റെ ഒരു വർഷത്തെ കോഴ്സ് ചെയ്യിക്കുന്നു. സർക്കാർ സ്ഥാപനമായ NSIC യുടെ Certificate നല്കുന്നതായിരിക്കും. ഇത് സാങ്കേതികവിദ്യ പഠിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുള്ള ഉത്തമമായ അവസരമാണ്. സ്കൂളിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാതെ വന്ന യുവാക്കൾക്ക് ഈ കോഴ്സിൽ ചേർന്ന് ഫലമെടുക്കാവുന്നതാണ്. ഖാദിയാനു പുറത്തുള്ള അഹ്മദി ചെറുപ്പക്കാർക്ക് താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം ലഭിക്കുന്നതാണ്. താമസത്തിനും ഭക്ഷണത്തിനും ഒരു ഫീസും ഈടാക്കുന്നതല്ല. പഠിക്കാനാഗ്രഹിക്കുന്ന യുവാക്കൾ എത്രയും വേഗം താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫോൺനമ്പർ: 8077546198, 9872725895, 9872923363
ഈമെയിൽ: darulsanaat.qadian @gmail .com

(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 15 July 2021 Issue-28

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

## ✳ ഖാദിയാനിലെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപികമാരെ ആവശ്യമുണ്ട് ✳

തഅ്ലീമുൽഇസ്‌ലാം സീനിയർ സെക്കണ്ടറി സ്കൂൾ, നുസ്വ്റത്ത് ഗേൾസ് ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളിൽ Punjabi, Physical Education, Hindi, Computer,English, Mathematics എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അധ്യാപികമാരുടെ കുറച്ച് ഒഴിവുകളുണ്ട്. ജമാഅത്തിന് സേവനം ചെയ്യണമെന്നുള്ള വികാരവും വിദ്യഭ്യാസയോഗ്യതയുമുള്ള ഉദ്യോഗാർഥികളിൽനിന്ന് നള്ളാറത്ത് ദീവാൻ അപേക്ഷകൾ ക്ഷണിക്കുന്നു. അവർ അപേക്ഷാഫാറം പൂരിപ്പിച്ച് ബയോഡേറ്റയോടുകൂടി തങ്ങളുടെ അപേക്ഷകൾ അയക്കേണ്ടതാണ്.

**<u>തസ്തികകളുടെ വിശദീകരണം ഇപ്രകാരമാണ്</u>**

1. PGT (പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചർ) Physics വിദ്യഭ്യാസ യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ 55% മാർക്കോടെ പോസ്റ്റ് ഗ്രാജുവേഷനും BEd നോടൊപ്പം സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ 2 വർഷത്തെ പ്രവർത്തന പരിചയവും.

2. TGT (ട്രേഡ്ഗ്രാജുവേറ്റ് ജനറൽ ലൈൻ ടീച്ചർ)വിദ്യഭ്യാസ യോഗ്യത:55% മാർക്കോടുകൂടി ഗ്രാജുവേഷനും BEd നോടൊപ്പം സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ 3 വർഷത്തെ പ്രവർത്തന പരിചയവും. ഗ്രാജുവേറ്റിന് മുൻഗന ഉണ്ടായിരിക്കുന്നതാണ്.

3. കമ്പ്യുട്ടർ ടീച്ചർ.വിദ്യഭ്യാസ യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാജുവേഷനോടൊപ്പം(BCA) 55% മാർക്കോടും ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ 3 വർഷത്തെ പ്രവർത്തന പരിചയവും. പോസ്റ്റ് ഗ്രാജുവേറ്റിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

4. Physical Education Teacher വിദ്യഭ്യാസ യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാജുവേഷൻ (B.P.Ed) 55% മാർക്കോടും ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ 3 വർഷത്തെ പ്രവർത്തന പരിചയവും.

* CTET അല്ലെങ്കിൽ TET കോളിഫയ്ഡ് ഉദ്യോഗാർഥിക്ക് മുൻഗണന നല്കപ്പെടുന്നതായിരിക്കും. * ഉദ്യോഗാർഥികളുടെ പ്രായം 20 വയസ്സിൽ കുറവോ 40 വയസ്സിൽ കൂടുതലോ ആകാൻ പാടുള്ളതല്ല. * ***ഒറ്റപ്പെട്ട അവസ്ഥയിൽ പ്രായപരിധിയിൽ ഇളവിനെ കുറിച്ച് ചിന്തിക്കാവുന്നതാണ്.*** * ഉദ്യോഗനിയമനത്തിനുള്ള കേന്ദ്രകമ്മിറ്റി നടത്തുന്ന എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും വിജയിക്കുകയും നൂർ ഹോസ്പിറ്റലിൽനിന്നുള്ള മെഡിക്കൽ റിപ്പോർട്ട് അടിസ്ഥാനമാക്കിയുമായിരിക്കും ഉദ്യോഗാർഥികളുടെ കാര്യം പരിഗണിക്കുന്നത്. * ***തിരഞ്ഞടുക്കപ്പെട്ടാൽ ഉദ്യോഗാർഥി താമസസൗകര്യം സ്വയം ചെയ്യേണ്ടിവരും.*** * ഇന്റർവ്യുവിന് ഖാദിയാനിൽ വിളിക്കപ്പെടുന്നതായാൽ പോക്കുവരവ് ചെലവ് ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതായി വരും. ഇന്റർവ്യുവിന്റെ തിയതി പിന്നീട് അറിയിക്കുന്നതായിരിക്കും. * ***പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ബയോഡറ്റ ഫാറം നള്ളാറത്ത് ദീവാൻ ഓഫീസിൽനിന്നോ അല്ലെങ്കിൽ താഴെ കാണുന്ന ഈമെയിൽ ഐ. ഡി യിലൂടയോ വാങ്ങാവുന്നതാണ്.*** * അപേക്ഷകൾ വിദ്യഭ്യാസയോഗ്യതയുടേയും പരിചയ സർട്ടിഫിക്കേറ്റിന്റേയും സ്വന്തം സാക്ഷ്യപത്രത്തിന്റേയും(Self attested) പകർപ്പോടുകൂടി ഈ വിളംബരം കഴിഞ്ഞ് നള്ളാറത്ത് ദീവാനിൽ രണ്ടു മാസത്തിന്നുള്ളിൽ എത്തേണ്ടതാണ്. വേതനവും മറ്റുകാര്യങ്ങളും അറിയാൻ താഴെ കാണുന്ന മെയിലിലോ ഫോണിലോ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്:

***നള്ളാറത്ത് ദീവാൻ***
***സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ,***
***ഗുരുദാസ്പൂർ ജില്ല, Pin: 143 516***
***Mobile: 0968 2627 592, 0968 2587 713.***
***Office: 01872 5011 30***
***E-mail: divan@qadian.in***

**(നാളിർ ദീവാൻ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ)**

## അല്ലാഹുവിന്റെ ഭാഷണം

"അല്ലാഹുവിന്റെ ഭാഷണങ്ങൾ ഒരു പ്രത്യേക അനുഗ്രഹവും ഗാംഭീര്യവും രസാനുഭവവും ഉൽക്കൊള്ളുന്നുവെന്നത് ഓർക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു കേൾക്കുന്നവനും അറിയുന്നവനും കരുണാമയനുമാണ്. അതുകൊണ്ട് അവൻ തന്റെ ഭക്തരും വിശ്വസ്തരും കൂറുപുലർത്തുന്നവരുമായ ദാസർക്ക് അവരുടെ അപേക്ഷകൾക്കുള്ള ഉത്തരം നല്കുന്നു. ഈ ചോദ്യോത്തരം മണിക്കൂറുകളോളം നീണ്ടു നില്ക്കാവുന്നതാണ്. ദാസൻ ദൈനതയുടേയും വണക്കത്തിന്റേയും വർണത്തിൽ ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനുശേഷം കുറച്ചു മിനിറ്റിനുളളിൽ അവനിൽ ഒരു മയക്കം ഉണ്ടാകുകയും ആ മയക്കത്തിന്റെ പിന്നിൽ അവന് മറുപടി കിട്ടുകയും ചെയ്യുന്നു. അതുകഴിഞ്ഞ് ദാസൻ ചോദ്യമെന്തെങ്കിലും ചോദിക്കുകയാണെങ്കിൽ ക്ഷണനേരംകൊണ്ട് അവനിൽ മറ്റൊരു മയക്കം ഉണ്ടാകുന്നു. പതിവുപോലെ അതിന്റെ പിന്നിൽ മറുപടി കിട്ടുന്നു. അല്ലാഹു എത്രമാത്രം ഉദാരനും കരുണാമയനും സൗമ്യനും ആകുന്നുവെന്നാൽ, ഒരു ദാസൻ ആയിരംവട്ടം കുറച്ചു ചോദ്യങ്ങൾ ചോദിച്ചാലും മറുപടി കിട്ടുന്നതാണ്. എന്നാൽ, അല്ലാഹു പരാശ്രയരഹിതനുമാണ്. അവൻ യുക്തിജ്ഞാനത്തേയും നന്മയേയും പരിഗണിക്കാറുണ്ട്. അതുകൊണ്ട് ചില ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ആവശ്യപ്പെട്ടതിന്റെ പ്രകടനം ഉണ്ടായിരിക്കുകയില്ല.......ശയ്ത്വാൻ ഊമയാണ്. തന്റെ ഭാഷയിൽ സാഹിത്യസമ്പുഷ്ടിയോ ഒഴുക്കോ ഉൾക്കൊള്ളുന്നില്ല. അവന് വാഗ്‌വിലാസവും അധിക അളവിലുള്ള കാര്യങ്ങളും പറയാൻ ശക്തി ഉണ്ടാകുകയില്ല. ഒരു ദുർഗന്ധംവമിക്കുന്ന രീതിയിൽ ഒന്നോ രണ്ടോ വാക്യം മനസ്സിൽ ഇടുന്നു. അവന് തുടക്കംമുതലെ മാധുര്യത്തോടും പ്രതാപത്തോടും സംസാരിക്കാനോ കുറച്ചുമണിക്കൂറുകൾ തുടർച്ചയായി ചോദ്യങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടിരിക്കാനോ കഴിവ് നല്കപ്പെട്ടിട്ടില്ല. (ഹഖീഖത്തുൽ വഹ്‌യ്യ് റൂഹാനീ ഖസായിൻ വാള്യം 22 പേജ് 142)

(പേജ് 9 ൽ നിന്ന്)

റപ്പാണുള്ളത്? അതിന്റെയുള്ളിലും കള്ളന്മാരും പിടിച്ചുപറിക്കാരും ഉണ്ടായി വരുന്നുണ്ട്. ഇവിടെ അത്തരം വ്യക്തികളുണ്ടാകുന്നില്ലെങ്കിൽപ്പിന്നെ ഇവർ നിയമങ്ങൾ എന്തിനാണ് ഉണ്ടാക്കുന്നത്. തിന്മകൾ നിലനിൽക്കുന്നതുകൊണ്ടാണ് നിയമം നിർമിച്ചിട്ടുള്ളതും. ഇവരുടെ വീക്ഷണത്തിൽ തിന്മയുടെ നിലവാരം എന്താണോ അതിൽനിന്ന് അല്ലാഹു വെച്ചിട്ടുള്ള തിന്മകളുടെ നിലവാരം വ്യത്യസ്തമാണ്. അനാഥരെ പരിപാലിക്കാൻ തീർച്ചയായും അല്ലാഹു കല്പന നല്കിയിരിക്കുന്നു. യുദ്ധങ്ങൾ കാരണത്താലോ ഇതര സംഘർഷങ്ങളാലോ മാതാപിതാക്കൾ മരണമടയുന്നതുമുഖേന കുട്ടികൾ അനാഥരാകുന്നു. അക്കാലഘട്ടത്തിലും യുദ്ധങ്ങൾ നടന്നിരുന്നു എന്നതു കൊണ്ടാണ് ഇസ്‌ലാമിൽ കൂടുതൽ വിവാഹം കഴിക്കാനുള്ള കൽപന നല്കപ്പെട്ടിരിക്കുന്നത്. തന്മൂലം യതീം കുട്ടികളെ പരിപാലിക്കാൻ സാധിക്കുന്നതാണ്. യതീം കുട്ടികളെ പരിപാലിക്കുക എന്നതാണ് വിവാഹങ്ങളുടെ ഒരു ലക്ഷ്യം. പുരുഷന്മാർക്ക് കേവലം അവരുടെ മോഹപൂർത്തീകരണം നടത്താൻ വേണ്ടിയല്ല വിവാഹങ്ങൾ വെക്കപ്പെട്ടിരിക്കുന്നത്. ചില നിയമങ്ങൾ ഇസ്‌ലാം മുന്നോട്ടുവെച്ചിട്ടാണ് വിവാഹങ്ങൾക്ക് അനുമതി നല്കിയിരിക്കുന്നത്. ചില നിബന്ധനകളുണ്ട്. ഈ നിബന്ധനകളുടെ ഉള്ളിൽ നിന്നുകൊണ്ടാണ് വിവാഹങ്ങൾക്ക് അനുമതിയുള്ളത്. നാല് വിവഹങ്ങൾ കഴിക്കാൻ എല്ലാ ഓരോ വ്യക്തിക്കും അനുമതിയില്ല തന്നെ. നാലു വിവാഹത്തിന്റെ ലക്ഷ്യവും പൂർത്തിയാകേണ്ടതാണ്. എന്തെങ്കിലും കാരണം ഉണ്ടാകേണ്ടതാണ്.

അനാഥരെ പരിപാലിക്കാത്ത, അവരെ കുറിച്ച് ചിന്തയില്ലാത്തവരെ നരകത്തിലിടുമെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു നിരന്തരം ഓർമിപ്പിക്കുന്നു. ഇതിനോടൊപ്പംതന്നെ യതീമുകളെ മോശമാക്കുന്നവരേയും അതു കാരണത്താൽ നരകത്തിലിടുമെന്നും ഓർമിപ്പിക്കുന്നു. അല്ലാഹുവിന്റെ പരമകാരുണികതയും വളരെ വിശാലമാണ്. ശിർക്കിൽ അതിരു കടക്കുന്നവർക്ക് അല്ലാഹു ക്ഷമിച്ചു കൊടുക്കുകയില്ലെന്ന് പറഞ്ഞിരിക്കുന്നു. മറുഭാഗത്ത് നരകം തികച്ചും ശൂന്യമാകുന്ന ഒരു നാൾ വരുമെന്നും പറയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സ്വർഗത്തിന്റെ സുഖം എല്ലാവരും എടുക്കും. എന്നാൽ, തന്റെ കർമത്തിനുള്ള ശിക്ഷ കുറച്ച് മനുഷ്യന് അനുഭവിക്കേണ്ടി വരുന്നു. ശേഷിക്കുന്നത് ഭരണകൂടത്തിന്റെ കർത്തവ്യമാണ്. അനാഥരെ സംരക്ഷിക്കുക എന്നത് ജനങ്ങളുടെ കടമയാണ്. അല്ലെങ്കിൽ തങ്ങൾ സംരക്ഷിക്കപ്പെട്ടില്ലെന്ന പരാതി ഉന്നയിക്കാനുള്ള ഒഴികഴിവ് അനാഥർക്ക് ലഭിക്കുന്നതാണ്. അല്ലാഹു അവരുടെ ഒഴികഴിവ് അംഗീകരിക്കാനും സാധ്യതയുണ്ട്. എന്നല്ല, പരിപാലിക്കാത്തവരുടെ ഒഴികഴിവ് അംഗീകരിക്കപ്പെടുകയില്ല. നിശ്ചയമായും അവരുടെ കർമത്തിന്റെ ശിക്ഷ അവർ ഏറ്റുവാങ്ങേണ്ടി വരും. ബാഹ്യമായും അല്ലാഹുവിന്റെ വാക്കുകളിൽനിന്ന് ഇതാണ് മനസ്സിലാകുന്നത്. ഒരാളെ കുറിച്ചു നമുക്ക് ഒരു വിധിയും പുറപ്പെടുവിക്കാൻ പറ്റില്ലെന്നുള്ളതാണ് ശേഷിക്കുന്ന കാര്യം. അതുകൊണ്ട് വിശുദ്ധ ഖുർആൻ നിരന്തരം വായിക്കുക. വിശുദ്ധ ഖുർആനിൽ അനാഥരെ പരിപാലിക്കേണ്ടതിനെക്കുറിച്ച് വളരെ ഊന്നി പറഞ്ഞിട്ടുണ്ട്.

❖❖❖

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.
AHMADIPEDIA
Search

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin